RURAL INFORMATION BUREAU

# ഗ്രാമഭൂമി

ദ്വൈമാസിക

2021 മേയ്-ജൂൺ
പുസ്തകം 44 ലക്കം 3



# രണ്ടാമൂഴം

# വനിതാ സംരംഭകർക്കുള്ള സർക്കാർ പദ്ധതികൾ

## എന്റെ ഗ്രാമം

- സംസ്ഥാന സർക്കാർ ഖാദി ബോർഡ് വഴി നടപ്പാക്കി വരുന്ന പദ്ധതിയാണ് ഇത്.
- അഞ്ചുലക്ഷം രൂപ വരെ വായ്പ.
- വനിതകളെ പ്രത്യേക വിഭാഗമായി കണക്കാക്കി 30 ശതമാനം വരെ ഗ്രാന്റ്.
- വിശദവിവരങ്ങൾക്ക് ഖാദി ബോർഡിന്റെ അതത് ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്.

## ശരണ്യ പദ്ധതി

- സംസ്ഥാന സർക്കാർ എംപ്ലോയ്മെന്റ് ഡിപ്പാർട്ടുമെന്റ് വഴി നടപ്പാക്കി വരുന്ന പദ്ധതിയാണ് ഇത്.
- സർക്കാർ ഫണ്ട് ആണ് വായ്പയായി വിതരണം ചെയ്യുന്നത്.
- 50,000 രൂപ വരെ വായ്പയും 50 ശതമാനം (പരമാവധി 25,000 രൂപ) വരെ സബ്സിഡിയും നൽകുന്നു.
- വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവിനെ കാണാതെപോയ സ്ത്രീകൾ, എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്ന അവിവാഹിതരായ അമ്മമാർ എന്നിവർക്ക് പ്രയോജനം ലഭിക്കും.
- വിശദാംശങ്ങൾക്ക് എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളുമായി ബന്ധപ്പെടാവുന്നതാണ്.

## നാനോ പലിശ സബ്സിഡി

- സംസ്ഥാന സർക്കാർ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പാക്കിവരുന്ന പദ്ധതി.
- വനിതകളെ പ്രത്യേക വിഭാഗമായി കണക്കാക്കി എട്ട് ശതമാനം പലിശ സബ്സിഡി അനുവദിച്ചു വരുന്നു.
- അഞ്ച് ലക്ഷം രൂപയിൽ താഴെ വായ്പ എടുത്ത് സ്വന്തം ഭവനങ്ങളിലോ മറ്റ് സ്ഥലത്തോ സംരംഭം നടത്തുന്നവർക്ക് വാർഷിക പലിശ തിരികെ നൽകുന്നു.
- തദ്ദേശസ്വയംഭരണ സ്ഥാപന അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കും ഇതിന് അർഹതയുണ്ട്.
- ജില്ലാ വ്യവസായ കേന്ദ്രങ്ങളേയോ ആയതിന്റെ സബ് ഓഫീസുകളേയോ ഇതിനായി ബന്ധപ്പെടാവുന്നതാണ്.

## എന്റർപ്രണർ സപ്പോർട്ട് സ്കീം (ഇ.എസ്.എസ്)

- സംസ്ഥാന സർക്കാർ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതി.
- വനിതകളെ പ്രത്യേക വിഭാഗമായി കണ്ട് സ്ഥിര നിക്ഷേപത്തിന്റെ 20 ശതമാനം (കോവിഡിന്റെ പശ്ചാത്തലത്തിൽ 25 ശതമാനം ആയി ഉയർത്തി) പരമാവധി 30 ലക്ഷം രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നു.
- മുൻഗണനാ വിഭാഗത്തിൽ വരുന്ന സംരംഭകയ്ക്ക് ഇപ്പോൾ 35 ശതമാനം വരെ സബ്സിഡി ലഭിക്കാൻ സാഹചര്യം ഉണ്ട്.
- നിർമ്മാണ യൂണിറ്റുകൾക്ക് സ്ഥിരം നിക്ഷേപത്തെ അടിസ്ഥാനമാക്കി 30 ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു.
- വായ്പ എടുക്കാത്തവർക്കും ഈ ആനുകൂല്യം ലഭിക്കും.

- ജില്ലാ വ്യവസായ കേന്ദ്രം/സബ് ഓഫീസുകൾ എന്നിവയുമായി ബന്ധപ്പെട്ടാൽ വിശദാംശങ്ങൾ ലഭിക്കുന്നതാണ്.

## നാനോ സംരംഭങ്ങൾക്ക് 40 ശതമാനം വരെ ഗ്രാന്റ്

- സംസ്ഥാന സർക്കാർ ജില്ലാ വ്യവസായ കേന്ദ്രം വഴി നടപ്പാക്കി വരുന്ന പദ്ധതി.
- വനിതകളെ പ്രത്യേക വിഭാഗമായി കരുതി പദ്ധതിച്ചെലവിന്റെ 40 ശതമാനം, പരമാവധി നാലു ലക്ഷം രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നു.
- 10 ലക്ഷം രൂപയിൽ താഴെ പദ്ധതിച്ചെലവ് വരുന്ന നിർമാണ യൂണിറ്റുകൾക്കും ജോബ്‌വർക്ക് ചെയ്യുന്ന യൂണിറ്റുകൾക്കും പ്രയോജനം കിട്ടും.
- വായ്പ എടുക്കുന്നവർക്ക് മാത്രമാണ് ആനുകൂല്യം ലഭിക്കുക.
- ജില്ലാ വ്യവസായ കേന്ദ്രങ്ങൾ/താലൂക്ക് വ്യവസായ ഓഫീസുകളിൽ നിന്ന് കൂടുതൽ വിവരങ്ങൾ അറിയാവുന്നതാണ്

## വനിതാ സ്റ്റാർട്ട് അപ്പുകൾക്ക് പ്രത്യേക സഹായങ്ങൾ

- സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ട് അപ്പ് മിഷൻ വഴി നടപ്പാക്കി വരുന്ന പദ്ധതി.
- വനിതാ സ്റ്റാർട്ട് അപ്പുകൾക്ക് ലഭിച്ച ഓർഡറുകൾ നിർവഹിക്കുന്നതിന് ആവശ്യമായി വരുന്ന തുകയുടെ 80 ശതമാനം, പരമാവധി 15 ലക്ഷം രൂപ വരെ സോഫ്റ്റ് ലോൺ അനുവദിക്കുന്നു.
- വനിതാ സ്റ്റാർട്ട് അപ് പദ്ധതികളായ ടെക്നോളജി ട്രാൻസ്ഫർ സ്കീം, സോഫ്റ്റ് ലോൺ സ്കീം വഴി ടെക്നോളജി വാങ്ങുന്നതിന് വേണ്ടി വരുന്ന നിക്ഷേപത്തിന്റെ 90 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നു.
- കേരള സ്റ്റാർട്ട് അപ്പ് മിഷനുമായി ബന്ധപ്പെട്ടു വേണം അപേക്ഷ സമർപ്പിക്കാൻ.

## ആഷ

- കരകൗശല തൊഴിലാളികൾക്കായി ജില്ലാ വ്യവസായ കേന്ദ്രം വഴി നടപ്പാക്കിവരുന്ന പദ്ധതി.
- ആർട്ടിസാൻ കാർഡ് ഉള്ള സംരംഭകയായിരിക്കണം.
- വനിതകളെ പ്രത്യേക വിഭാഗമായി കണക്കാക്കി അവരുടെ സ്ഥിരനിക്ഷേപത്തിന്റെ 50 ശതമാനം, പരമാവധി മൂന്നു ലക്ഷം രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നു.
- വായ്പ എടുക്കാത്തവർക്കും ഈ സബ്സിഡി ലഭിക്കുന്നതാണ്.
- ഗാർമെന്റ് യൂണിറ്റുകൾക്കു പോലും ഈ ആനുകൂല്യം ലഭിക്കുന്നതാണ്.
- ജില്ലാ വ്യവസായകേന്ദ്രങ്ങൾ വഴി അപേക്ഷിക്കാം.



## സംരംഭക വായ്പകൾ വനിതാ വികസന കോർപ്പറേഷൻ വഴിയും

ആറു മുതൽ എട്ടു ശതമാനം വരെ പലിശയ്ക്ക് സംരംഭക വായ്പകൾ അനുവദിച്ചു വരുന്നുണ്ട്. വനിതകൾക്ക് എസ്.സി/എസ്.ടി കോർപ്പറേഷൻ, ഒ.ബിസി കോർപ്പറേഷൻ, മൈനോറിറ്റി കോർപ്പറേഷൻ, വികലാംഗ കോർപ്പറേഷൻ, മുന്നാക്ക കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നെല്ലാം കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭിക്കുന്നതാണ്. കൃത്യമായി ഒരു പദ്ധതി ഉണ്ടെങ്കിൽ വായ്പയും സബ്സിഡിയുമായി വനിതകൾക്കൊപ്പമുണ്ടാകും സർക്കാർ.

റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കേരള സർക്കാർ

# ഗ്രാമഭൂമി

ദ്വൈമാസിക
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

2021 മേയ്-ജൂൺ
പുസ്തകം 44
ലക്കം 3




എഡിറ്റോറിയൽ

## പുതിയ പ്രതീക്ഷകളോടെ വികസന കേരളം

പുതിയ പ്രതീക്ഷകൾക്ക് നാമ്പുകൾ മുളപ്പിച്ചുകൊണ്ട് ഒരു പുതിയ സർക്കാർ ഭരണമേറ്റിരിക്കുകയാണ്. ഒരു പുതിയ ചരിത്രം ഈ സർക്കാർ കേരളത്തിനായി എഴുതുന്നത് ഓരോരുത്തരും ഏറെ പ്രതീക്ഷയോടെയാണ് നോക്കുന്നത്.

ആദ്യ മന്ത്രിസഭായോഗത്തിന് ശേഷം ബഹു. മുഖ്യമന്ത്രി നൽകിയ ഉറപ്പുകളെല്ലാം തന്നെ അതീവ പ്രാധാന്യമുള്ളതാണ്. പ്രത്യേകിച്ചും സ്ത്രീ സുരക്ഷയും അതിദാരിദ്ര്യം ഉൻമൂലനം ചെയ്യലും അതിൽ ഏറെ ചർച്ച ചെയ്യപ്പെടേണ്ട മേഖലകളാണ്.

സ്ത്രീ സുരക്ഷ നടപ്പാക്കാൻ ഇതുമായി ബന്ധപ്പെട്ട നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്നു ഉറപ്പുവരുത്തേണ്ടതുണ്ട്. സ്ത്രീകൾക്കെതിരായ തെറ്റായ ആശയങ്ങൾ പാടേ തള്ളിക്കളയേണ്ടതാണെന്ന് സമൂഹത്തെ ബോധവത്കരിക്കേണ്ടതാണ്. മാധ്യമങ്ങൾക്ക് ഇത് ഒരു വലിയ പരിധിവരെ സാധ്യമാണ്. സ്ത്രീധനത്തെയും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെയും അടിച്ചേൽപ്പിക്കുന്ന സീരിയലുകൾ, സിനിമകൾ തുടങ്ങിയവ മാധ്യമങ്ങളിലൂടെ സംപ്രേഷണം ചെയ്യപ്പെടുന്നതു വഴി തെറ്റായ ആശയങ്ങളാണ് സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നത്. സ്ത്രീസുരക്ഷയുടെ കാര്യത്തിൽ ശക്തമായ ബോധവത്കരണം സമൂഹത്തിന് പകരാൻ മാധ്യമങ്ങൾക്കെന്നപോലെ തന്നെ ഇതരസംഘടനകൾക്കും കഴിയണം. എല്ലാവരും ഒരുപോലെ ഏറ്റെടുത്തു പ്രായോഗികമാക്കേണ്ട പ്രശ്നങ്ങളാണ് ഇതുമായി ബന്ധപ്പെട്ട എല്ലാ മേഖലയിലും ഉള്ളത്.

അതിദാരിദ്ര്യനിർമ്മാർജനവും വളരെ പ്രാധാന്യത്തോടെ കാണേണ്ട പ്രശ്നമാണ്. ഇന്ത്യയിൽ ഇപ്പോൾ 23 കോടി ജനങ്ങളാണ് ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്നത്. 7.05% ആളുകൾ കേരളത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്നുണ്ടെന്നാണ് കണക്ക്. 2011-12 കാലഘട്ടങ്ങളിൽ ഇത് 11.3 ശതമാനമായിരുന്നു. (അവലംബം: എക്കണോമിക് റിവ്യൂ)

കേരള ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തിക്കൊണ്ട് കൂടുതൽ മേഖലകളിൽ കേരളം ഇനിയും വളർച്ച കൈവരിക്കേണ്ടതുണ്ട്. അത്തരത്തിലുള്ള ഉയർന്ന നേട്ടം കൈവരിക്കാൻ സാധ്യമാകുന്ന വികസനക്കുതിപ്പിലേക്കു കേരളം കുതിച്ചുയരുമെന്ന് പ്രതീക്ഷിക്കാം.

അജിതാദാസ്
ചീഫ് എഡിറ്റർ

ഉപദേശക സമിതി ചെയർമാൻ: വി.ആർ. വിനോദ് ഐഎഎസ് ഗ്രാമവികസന കമ്മീഷണർ
അംഗങ്ങൾ വി.എസ്. സന്തോഷ്കുമാർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-1 • കെ. വനജ കുമാരി അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-2 • ഡോ. പി.കെ. സനിൽ കുമാർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ PMGSY • ജി. കൃഷ്ണകുമാർ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ RIDF • ഡി. സുധ ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി • ഷാജി ക്ലെമന്റ് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ പ്ലാനിംഗ് • ദിവ്യ ഡെപ്യൂട്ടി ഡയറക്ടർ (P&M) • ജലജകുമാരി. എൽ, സീനിയർ ഫിനാൻസ് ഓഫീസർ • നജീബ് .എച്ച് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ചീഫ് എഡിറ്റർ അജിതാദാസ് ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
എഡിറ്റർ ധന്യ .എസ് കാംപെയ്ൻ ഓഫീസർ അസിസ്റ്റന്റ് എഡിറ്റർ സി. പ്രശാന്ത് അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ
സർക്കുലേഷൻ മാനേജർ റ്റി. സനൽകുമാർ മാനേജർ കവർ & ലേ-ഔട്ട് രതീഷ് കുമാർ rash8590070404@gmail.com

ഓഫീസ് റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം - 3. ഫോൺ : 0471 2317262 email : ribkerala@gmail.com

## കത്തുകൾ

### കോവിഡ് കാലവും ലോകാരോഗ്യവും

കോവിഡ് എന്ന മഹാമാരിക്കു മുന്നിൽ ലോകം പകച്ചു നിൽക്കുമ്പോൾ കടന്നു വന്ന ലോകാരോഗ്യദിനത്തിൽ ലോകാരോഗ്യ സംഘടനയുടെ വീക്ഷണങ്ങളെക്കുറിച്ചും സന്ദേശത്തെക്കുറിച്ചും അറിവു പകരുന്ന ലേഖനമായിരുന്നു കഴിഞ്ഞ ലക്കത്തിൽ ഡോ.ബിപിൻ ഗോപാൽ എഴുതിയ 'കോവിഡാനന്തര ലോകാരോഗ്യം'. ആരോഗ്യരംഗത്ത് ഇന്നു നിലനിൽക്കുന്ന അസമത്വങ്ങളും അനീതികളും ഇല്ലായ്മ ചെയ്ത് എല്ലാവർക്കും തുല്യപ്രാധാന്യത്തോടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തേണ്ടതിന്റെ അവശ്യകത ചൂണ്ടിക്കാണിക്കപ്പെടേണ്ടതു തന്നെയാണ്. ലേഖകന് അഭിനന്ദനങ്ങൾ.

സുരേഷ് കുമാർ.വി
മുഖത്തല

### സ്ത്രീകളും വെല്ലുവിളികളും

സമകാലിക ജീവിതത്തിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും അതിജീവന സാധ്യതകളെക്കുറിച്ചും സൂക്ഷ്മമായി വിശകലനം ചെയ്യുന്ന ലേഖനമായിരുന്നു ഗ്രാമഭൂമിയിൽ കഴിഞ്ഞ ലക്കം പ്രസിദ്ധീകരിച്ച 'വെല്ലുവിളികൾ തിരഞ്ഞെടുക്കുമ്പോൾ'. സമൂഹത്തിന്റെ വിവിധ ശ്രേണികളിലായുള്ള സ്ത്രീകളും അവർ നേരിടുന്ന പ്രശ്നങ്ങളും വ്യത്യസ്തങ്ങളാണ്. അവ കണ്ടറിഞ്ഞുള്ള പരിഹാരങ്ങളാണ് ഇന്ന് ആവശ്യമുള്ളത്. ലേഖനം രചിച്ച ആർ.ഷൈനിക്ക് അഭിനന്ദനങ്ങൾ.

ഉഷാകുമാരി. എസ്
പേരാവൂർ

### വിഷുക്കാലം

മലയാളിയുടെ മഹോത്സവമായ വിഷുവിനെക്കുറിച്ച് ആര്യനാട് സത്യൻ എഴുതിയ 'മഞ്ഞപ്പൂക്കൾ വിരിയുന്ന കാലം'. വിഷുവിന്റെ ഐതിഹ്യം,ചടങ്ങുകൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ തുടങ്ങി വിഷുവുമായി ബന്ധപ്പെട്ട നിരവധി അറിവുകൾ നൽകുന്നതായിരുന്നു ആ ലേഖനം. ലേഖകന് അഭിനന്ദനങ്ങൾ

പ്രതാപ് കുമാർ. എൻ
അമരവിള






5 രണ്ടാമൂഴം

8 കവർസ്റ്റോറി
പുതിയ ചരിത്രം പുത്തൻ ചുവടുകൾ





16 പ്രകൃതി
ആവാസത്തിലെ പോർനിലങ്ങളിൽ
ഡോ. ഷീജാകുമാരി കൊടുവഴന്നൂർ





20 ഫോട്ടോഫീച്ചർ
ഇന്നലെകളിലെ കേരളം





22 പരിസ്ഥിതി
മാറുക; അല്ലെങ്കിൽ, സർവ്വനാശത്തിന് തയ്യാറാവുക
ഷിജു ഏലിയാസ്





27 ദേശം
പത്തനംതിട്ടയ്ക്ക് ഒരു വാഴ്ത്തുപാട്ട്
ജേക്കബ് ഏബ്രഹാം

29 വികസനവാർത്ത
ഈസ് ഓഫ് ലിവിംഗ് സർവേ
ആർ. ഷൈനി

32 വികസന ബ്ലോക്കുകളിലൂടെ
അതിജീവനത്തിനൊരു വേങ്ങര മാതൃക
ടി.എസ്. അഖിലേഷ്

35 ജാഗ്രത
ഓർത്തിരിക്കാം പാരിസ്ഥിതിക നിയമങ്ങൾ

37 പൊതുവിജ്ഞാനം

38 ശാസ്ത്രവെളിച്ചം



ഗ്രാമഭൂമി ദ്വൈവാർഷിക വരിസംഖ്യ 24 രൂപ
തപാലിൽ ലഭിക്കുവാൻ

ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
മണിയോർഡർ അയയ്ക്കുക email : ribkerala@gmail.com



ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

# രണ്ടാമൂഴം

**കേരള രാഷ്ട്രീയ ചരിത്രം തിരുത്തിക്കുറിച്ച്, തിരഞ്ഞെടുപ്പിൽ ഉജ്ജ്വലവിജയം നേടി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വീണ്ടും അധികാരമേറ്റു.**

**പുതിയ മന്ത്രിസഭ – മന്ത്രിമാരും ചുമതലകളും**



## പിണറായി വിജയൻ മുഖ്യമന്ത്രി

പൊതു ഭരണവിഭാഗം • ഓൾ ഇന്ത്യ സർവ്വീസസ്
ആസൂത്രണസാമ്പത്തിക വിഭാഗം
ശാസ്ത്രസാങ്കേതിക പരിസ്ഥിതി വിഭാഗം
മലിനീകരണ നിയന്ത്രണം • ശാസ്ത്ര സ്ഥാപനങ്ങൾ
പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്
ഇലക്ഷൻ • ഏകീകരണം • വിവരസാങ്കേതിക വിദ്യ
സൈനിക ക്ഷേമം • ദുരന്ത നിവാരണം
സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി • എയർപോർട്ട്സ്
മെട്രോ റെയിൽ • അന്തർ സംസ്ഥാന നദീജലം
കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലന്റ് നാവിഗേഷൻ
കേരള സ്റ്റേറ്റ് ഇൻലന്റ് നാവിഗേഷൻ കോർപ്പറേഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്
നോർക്ക • ആഭ്യന്തരം • വിജിലൻസ്
അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനിൽ ജസ്റ്റിസ്
ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് • ജയിൽ
അച്ചടി ആന്റ് സ്റ്റേഷനറി • ന്യൂനപക്ഷ ക്ഷേമം



### കെ. രാജൻ

ലാന്റ് റവന്യൂ
സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ്
ലാന്റ് റിഫോംസ്
ഭവനം



### റോഷി അഗസ്റ്റിൻ

ജലസേചനം
കമാന്റ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി
ഭൂജലവകുപ്പ്
ജലവിഭവം, ശുചിത്വം



### കെ. കൃഷ്ണൻകുട്ടി

വൈദ്യുതി, അനർട്ട്



### എ.കെ. ശശീന്ദ്രൻ

വനം, വന്യജീവി സംരക്ഷണം



## അഹമ്മദ് ദേവർകോവിൽ

തുറമുഖം
മ്യൂസിയം
പുരാവസ്തു
ആർക്കൈവ്സ്



## അഡ്വ. ആന്റണി രാജു

ഗതാഗതം
മോട്ടോർ വെഹിക്കിൾസ്
ജല ഗതാഗതം



## വി. അബ്ദുറഹ്മാൻ

സ്പോർട്സ്
വഖഫ് ഹജ്ജ് തീർത്ഥാടനം
പോസ്റ്റ് ആന്റ് ടെലഗ്രാഫ്സ്
റെയിൽവെ



## അഡ്വ. ജി.ആർ. അനിൽ

ഭക്ഷ്യം, പൊതുവിതരണം
ഉപഭോക്തൃകാര്യം
ലീഗൽ മെട്രോളജി



## ഡോ. ആർ. ബിന്ദു

കൊളിജിയേറ്റ് വിദ്യാഭ്യാസം
ഉന്നത വിദ്യാഭ്യാസം
യൂണിവേഴ്സിറ്റി
(അഗ്രിക്കൾച്ചർ, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ ആന്റ് ഡിജിറ്റൽ യൂണിവേഴ്സിറ്റീസ് ഒഴികെ) മത്സര പരീക്ഷ
ദേശീയ കേഡറ്റ് കോർപ്സ്
അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (എ.എസ്.എ.പി)
സാമൂഹ്യ നീതി



## ചിഞ്ചു റാണി

മൃഗസംരക്ഷണം
ക്ഷീരവികസനം
കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി



## എം.വി. ഗോവിന്ദൻ മാസ്റ്റർ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ- പഞ്ചായത്ത് മുനിസിപ്പാലിറ്റീസ് ആന്റ് കോർപ്പറേഷൻ,
ഗ്രാമവികസനം, നഗരകാര്യം
റീജിണൽ ഡെവലപ്പ്മെന്റ് അതോറിറ്റീസ്,
കില, എക്സൈസ്



## കെ.എൻ. ബാലഗോപാൽ

ധനകാര്യം, ദേശീയ സമ്പാദ്യം • സ്റ്റോർ പർച്ചേസ്
കോമേഴ്സ്യൽ ടാക്സസ് അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് • ട്രഷറീസ്
ലോട്ടറീസ് • സ്റ്റേറ്റ് ഓഡിറ്റ് • കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്
സ്റ്റേറ്റ് ഇൻഷുറൻസ് • കേരള ഫിനാൻഷ്യൽ കോർപറേഷൻ
സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടീസ്



## അഡ്വ. പി.എ. മുഹമ്മദ് റിയാസ്

പൊതുമരാമത്ത്
ടൂറിസം



## പി. പ്രസാദ്

കൃഷി
മണ്ണ് സർവ്വേ
മണ്ണ് സംരക്ഷണം
കേരള കാർഷിക സർവ്വകലാശാല
വെയർഹൗസിംഗ് കോർപറേഷൻ



## കെ. രാധാകൃഷ്ണൻ

പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്കസമുദായ ക്ഷേമം
ദേവസ്വം, പാർലമെന്ററി കാര്യം



## പി. രാജീവ്

നിയമം
വ്യവസായം (വ്യവസായ സഹകരണ സംഘം ഉൾപ്പെടെ)
വാണിജ്യം
ഖനനം, ഭൂഗർഭശാസ്ത്രം
ഹാന്റ്‌ലൂം ആന്റ് ടെക്സ്റ്റയിൽസ്
ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്
കയർ
കശുവണ്ടി വ്യവസായം
പ്ലാന്റേഷൻ ഡയറക്ടറേറ്റ്



## സജി ചെറിയാൻ

മത്സ്യബന്ധനം
ഹാർബർ എഞ്ചിനിയറിംഗ്
ഫിഷറീസ് യൂണിവേഴ്സിറ്റി
സാംസ്കാരിക വകുപ്പ്
കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ
കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി ആന്റ് കേരള സംസ്ഥാന കൾച്ചറൽ ആക്ടിവിറ്റീസ് വെൽഫയർ ഫണ്ട് ബോർഡ്
യുവജന ക്ഷേമം



## വി. ശിവൻകുട്ടി

പൊതുവിദ്യാഭ്യാസം
സാക്ഷരത
തൊഴിൽ
എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് സ്കിൽസ്
റീഹാബിലിറ്റേഷൻ
ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ്
ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ്
ലേബർ കോർട്ട്സ്



## വി.എൻ. വാസവൻ

സഹകരണം
രജിസ്ട്രേഷൻ



## വീണ ജോർജ്ജ്

ആരോഗ്യം
കുടുംബ സംരക്ഷണം
മെഡിക്കൽ വിദ്യാഭ്യാസം
മെഡിക്കൽ യൂണിവേഴ്സിറ്റി
തദ്ദേശജന്യമായ മരുന്നുകൾ
ആയുഷ്
ഡ്രഗ്സ് കൺട്രോൾ
വനിതാശിശുവികസനം

# പുതിയ പുത്തൻ



ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ ഇടതുപക്ഷ ജനാധിപത്യമുന്നണി മന്ത്രിസഭയുടെ ആദ്യ യോഗം ചേർന്നു. ത്യാഗപൂർണമായ സമരസ്മരണകൾ തുടിക്കുന്ന വയലാർ രക്തസാക്ഷി മണ്ഡപത്തിലും പുന്നപ്ര-വയലാർ രക്തസാക്ഷികളും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യപഥികരായ സമുന്നത നേതാക്കളും അന്ത്യവിശ്രമം കൊള്ളുന്ന ആലപ്പുഴ വലിയ ചുടുകാട്ടിലും പുഷ്പചക്രം അർപ്പിച്ച ശേഷമാണ് കമ്യൂണിസ്റ്റ് പാർടികളിലെ മന്ത്രിമാർ സത്യപ്രതിജ്ഞയ്ക്കെത്തിയത്.

ഇന്നത്തെ കേരളം രൂപപ്പെട്ടതിന് ആധാരമായ സമരമുന്നേറ്റങ്ങളെയാകെ സ്മരിക്കേണ്ട ഘട്ടമാണിത്. ഐക്യകേരളത്തിലെ ആദ്യത്തെ സർക്കാർ സ. ഇ എം എസിന്റെ നേതൃത്വത്തിൽ വന്നപ്പോൾ ജനങ്ങൾ നിറഞ്ഞ പ്രതീക്ഷയോടെയാണ് അതിനെ സ്വീകരിച്ചത്. നാം ഇന്ന് അഭിമാനപൂർവം ഉയർത്തിക്കാട്ടുന്ന സാമൂഹ്യപുരോഗതിയുടെ അടിത്തറയാണ് കമ്യൂണിസ്റ്റ് പാർടി നയിച്ച സർക്കാർ പാകിയത്.

ആ സർക്കാരിനെ കാലാവധി പൂർത്തിയാക്കാൻ അനുവദിച്ചില്ല. 1957 മുതൽക്കിങ്ങോട്ട് ഇടതുപക്ഷം നയിച്ച എല്ലാ സർക്കാരുകളും നാടിനുവേണ്ടി നവീനമായ ബദലുകൾ അവതരിപ്പിച്ചു; ജനങ്ങൾക്കു വേണ്ടിയുള്ള ദീർഘകാല നയപരിപാടികൾ ആവിഷ്കരിച്ചു. എന്നാൽ, അവയുടെ തുടർച്ച ഭരണമാറ്റത്തോടെ ഇല്ലാതാകുന്ന അനുഭവമാണ് പലപ്പോഴും ഉണ്ടായത്. ആ പശ്ചാത്തലത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തുടർഭരണം കേരള ചരിത്രത്തിലെ സമുജ്ജ്വലമായ പുതിയ തുടക്കമാണ്.

കേരളത്തിന് മുന്നോട്ടുള്ള പാതയൊരുക്കാൻ ദീർഘദൃഷ്ടിയുള്ള ഇടപെടലുകളാണ് കഴിഞ്ഞ അഞ്ചുവർഷം എല്ലാ പ്രതിബന്ധങ്ങളെയും നേരിട്ട് എൽഡിഎഫ് സർക്കാർ നടത്തിയത്. അതിന്റെ തുടർച്ചയാണ് ഇപ്പോഴുണ്ടാകുന്നത്.

ഭൂപരിഷ്കരണവും വിദ്യാഭ്യാസ ബില്ലും അധികാര വികേന്ദ്രീകരണത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളും

# ചരിത്രം ചുവടുകൾ

## ആദ്യ മന്ത്രിസഭായോഗത്തിനുശേഷം മുഖ്യമന്ത്രിയുടെ വാക്കുകൾ

സാമൂഹ്യനീതി ഉറപ്പാക്കാനുള്ള ഇടപെടലും ഇടതുപക്ഷം നയിച്ച സർക്കാരുകളാണ് നടത്തിയത്. ആ അടിത്തറയിൽ നിന്നുകൊണ്ട് കേരള വികസനത്തിന്റെ പുതിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും പഴയ നേട്ടങ്ങളെ ഉറപ്പിച്ചുനിർത്താനുമാണ് കഴിഞ്ഞ അഞ്ചുവർഷം സർക്കാർ പരിശ്രമിച്ചത്.

കാർഷിക-വ്യവസായ മേഖലകളുടെ ഉന്നമനം, പരമ്പരാഗത മേഖലയുടെ സംരക്ഷണം, പശ്ചാത്തല സൗകര്യവികസനം, ഉന്നത വിദ്യാഭ്യാസ മേഖലയുടെ നവീകരണം തുടങ്ങിയവ പ്രകടനപത്രികയിൽ തന്നെ ഉൾപ്പെടുത്തിയിരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണവും പൊതു സംവിധാനങ്ങളുടെ ഗുണനിലവാരം ഉയർത്തലും പ്രത്യേക അജണ്ടയായി തന്നെ ഏറ്റെടുത്തു.

സമ്പദ്ഘടനയിലെ പരിമിത വിഭവങ്ങളെ ഉൽപാദനക്ഷമവും സാമൂഹിക പ്രധാന്യമുള്ളതുമായ പദ്ധതികൾക്കായി വിനിയോഗിക്കാനുള്ള ആസൂത്രണമാണ് സർക്കാർ നടപ്പാക്കിയത്. കിഫ്ബിയുടെ രൂപീകരണം, ഈസ് ഓഫ് ഡൂയിങ് ബിസിനസ് എന്നിവ എടുത്തുപറയേണ്ടതാണ്. ഈ ഇടപെടലുകൾ കേരളത്തിന്റെ വികസനരംഗത്ത് വലിയ കുതിപ്പാണ് ഉണ്ടാക്കിയത്. ഓരോ വർഷവും പൂർത്തിയാക്കിയ വാഗ്ദാനങ്ങൾ പ്രോഗ്രസ് റിപ്പോർട്ടായി ജനങ്ങൾക്കു മുന്നിൽ അവതരിപ്പിച്ചത് രാജ്യത്തിനാകെ മാതൃകയായി.

പൊതുമേഖലയെ നഷ്ടക്കണക്കിന്റെ ഇടവേളയിൽനിന്ന് മോചിപ്പിച്ച് ലാഭത്തിലേക്ക് തിരിച്ചുകൊണ്ടുവന്നു. മുടങ്ങിക്കിടന്ന ഗെയിൽ പൈപ്പ്ലൈനും ദേശീയാപാതാ വികസനവും വൈദ്യുതി പ്രസരണപദ്ധതികളും യാഥാർത്ഥ്യമാക്കി. അതോടൊപ്പം വിജ്ഞാനസമൂഹത്തെ വികസിപ്പിക്കുന്നതിനുള്ള കെ-ഫോൺ പോലുള്ള ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോയി. സ്റ്റാർട്ടപ്പ് മേഖലയിൽ കുതിപ്പുണ്ടാക്കി.

ഓഖിയും നിപയും നമ്മെ വിഷമിപ്പിച്ച ദുരന്തങ്ങളായിരുന്നു. എറ്റവും പ്രയാസം അനുഭവിക്കുന്ന ജനത ഉൾപ്പെടെ അണിചേർന്ന രക്ഷാ മതിലുയർത്തിക്കൊണ്ടാണ് പ്രളയ ദുരന്തത്തെ നാം അതിജീവിച്ചത്. തുടർന്നാണ് കോവിഡ് 19 ന്റെ വ്യാപനം ഉണ്ടായത്. അത് പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുമ്പോട്ടുകൊണ്ടുപോകുന്ന ഘട്ടമാണിത്.

ലോക്ക്ഡൗൺ അടക്കമുള്ള പ്രതിരോധ നടപടികളിൽ നാം മുഴുകുമ്പോൾ സ്വാഭാവികമായും ജനജീവിതം താളംതെറ്റും. അവ മറികടക്കുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ ഉൾപ്പെടെ നടപ്പിലാക്കിയ പ്രവർത്തന പദ്ധതികൾക്ക് രാജ്യത്ത് ആദ്യമായി രൂപം നൽകാൻ നമുക്ക് കഴിഞ്ഞു. 20000 കോടി രൂപയുടെ പാക്കേജിനും തുടർന്ന് നാട്ടിലെ ഉൽപാദന മേഖല ശക്തിപ്പെടുത്തി തൊഴിലില്ലായ്മ ഉൾപ്പെടെ പരിഹരിക്കുന്നതിനുള്ള ദീർഘകാല പദ്ധതികൾക്കും രൂപം നൽകി.

മതനിരപേക്ഷതയിലും നവോത്ഥാന മൂല്യങ്ങളിലും അടിയുറച്ചുനിൽക്കുന്ന പാരമ്പര്യം സംരക്ഷിക്കുന്നതിനും സർക്കാർ ശക്തമായി ഇടപെട്ടു.





> **മതനിരപേക്ഷ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കെന്ന കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ചു കൊണ്ട് മുന്നോട്ടുപോകുന്ന നിലപാടായിരിക്കും നാം സ്വീകരിക്കുക. സർക്കാരിന്റെ പ്രതിബദ്ധത ഭരണഘടനയോടും ഈ നാട്ടിലെ ജനതയോടുമാണ്.**

പൗരത്വഭേദഗതി നിയമം കേരളത്തിൽ നടപ്പിലാക്കുകയില്ലെന്ന് പ്രഖ്യാപിച്ചു. രാജ്യത്തിന്റെ പല ഭാഗത്തും വർഗീയ സംഘർഷങ്ങൾ ആളിപ്പടർന്നപ്പോഴും മതസൗഹാർദത്തിന്റെ നാടായി കേരളത്തെ നിലനിർത്തുമെന്ന വാഗ്ദാനം നടപ്പാക്കാനായി എന്നതാണ് കഴിഞ്ഞ അഞ്ചുവർഷത്തെ ഒരു പ്രധാന നേട്ടം.

പ്രകടനപത്രികയിലെ 600ൽ 580 വാഗ്ദാനങ്ങളും നടപ്പിലാക്കിയത് അനേകം പ്രതിസന്ധികളെ മറികടന്നു കൊണ്ടാണ്. ഈ നേട്ടങ്ങളെ തമസ്ക്കരിക്കുന്നതിനു പല തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവെന്ന് നമുക്കറിയാം. ഒരു കാര്യം മാത്രം ഓർക്കേണ്ടതുണ്ട്. ജനങ്ങൾക്ക് താത്പര്യം അർത്ഥശൂന്യമായ വിവാദങ്ങളിലല്ല, നാടിന്റെ വികസനത്തിലാണ്. അനാവശ്യ സംഘർഷമല്ല, സമാധാനപരമായ ജീവിതമാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്.

അതിന് ആര് സന്നദ്ധമാകുന്നുവോ അവർക്കൊപ്പമായിരിക്കും ജനങ്ങളെന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ തെരഞ്ഞെടുപ്പ് ഫലം. അതിനെ മറികടക്കാൻ ജാതി, വർഗീയ വികാരങ്ങൾ കുത്തിപ്പൊക്കി തങ്ങളുടെ ഇംഗിതങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചാൽ അതിനോടൊപ്പം നിൽക്കാൻ കേരളജനത തയ്യാറാകില്ല.

തുടർഭരണത്തിലേക്ക് വരുമ്പോൾ ഏറ്റവും കൃത്യമായി പറയേണ്ടത് കഴിഞ്ഞ അഞ്ചുവർഷം ജനങ്ങളും സർക്കാരും തമ്മിലുണ്ടായ പാരസ്പര്യത്തെക്കുറിച്ചാണ്. ജനങ്ങളുടെ പരിപൂർണ പങ്കാളിത്തത്തിലൂടെയാണ് ഓരോ പ്രതിസന്ധികളെയും കേരളം അതിജീവിച്ചത്; ആ പങ്കാളിത്തവും സഹകരണവും തന്നെയാണ് ഇന്നാട്ടിൽ അനന്യമായ വികസനക്കുതിപ്പിന് കാരണമായതും.

പ്രളയകാലത്ത് ഓരോരുത്തരും സ്വയം രക്ഷാദൗത്യമേറ്റെടുത്ത് അപകടകരമായ സാഹചര്യങ്ങളിൽ പോലും ത്യാഗസന്നദ്ധതയോടെ രംഗത്തിറങ്ങുന്നത് നാം കണ്ടു. മത്സ്യത്തൊഴിലാളികളെ കേരളത്തിന്റെ സൈന്യമെന്ന് വിളിക്കാൻ കാരണമായത് അവർ കാണിച്ച ത്യാഗപൂർണമായ രക്ഷാപ്രവർത്തനമാണ്. ജനങ്ങൾ ശ്രദ്ധയോടെയും ജാഗ്രതയോടെയും പ്രതികരിച്ചിരുന്നില്ലെങ്കിൽ നിപ എന്ന അപകടകാരിയായ വൈറസിന്റെ ആക്രമണം നമുക്ക് തടഞ്ഞു നിർത്താൻ കഴിയില്ലായിരുന്നു. കേരളത്തിന്റെ പുരോഗതിക്ക് അടിത്തറ പാകിയ വൻകിട പദ്ധതികൾ സാക്ഷാൽകരിക്കുന്നതിലും ജനങ്ങൾ സർക്കാരിന് പൂർണ പിന്തുണ നൽകി.

ഇപ്പോൾ ഈ കോവിഡ് കാലത്ത് കേരളം മാതൃകാപരമായി വേറിട്ടു നിൽക്കുന്നത് കോവിഡ് പ്രതിരോധം എന്നത് ജനപങ്കാളിത്തമുള്ള ജീവത്തായ ഒരു പ്രക്രിയയായി നാം മാറ്റിയെടുത്തതിലൂടെയാണ്. ജനങ്ങളുടെ സഹകരണമാണ് സർക്കാരിന്റെ കരുത്തായത്. അത് ഇനിയും തുടരുമെന്നാണ് നിയമസഭാ തെരഞ്ഞെടുപ്പിലെ ജനവിധി തെളിയിക്കുന്നത്. ജനങ്ങളോടൊപ്പമാണ്, ജനങ്ങൾക്കു വേണ്ടിയാണ് ഈ സർക്കാർ പ്രവർത്തിക്കുക. നമുക്ക് ഇനിയുമേറെ മുന്നോട്ടുപോകേണ്ടതുണ്ട്. അതിനുപകരിക്കുന്ന കർമ്മപദ്ധതിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി പുതിയ പ്രകടനപത്രികയിൽ വിഭാവനം ചെയ്യുന്നത്. 50 ഇന പ്രധാന പരിപാടിയും അനുബന്ധമായി 900 വാഗ്ദാനങ്ങളുമാണ് ഇതിൽ മുന്നോട്ടു വച്ചിട്ടുള്ളത്. അവ പൂർണ്ണമായും നടപ്പിലാക്കി മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

സാമൂഹ്യമേഖലകളിലെ പ്രത്യേകിച്ചും ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം എന്നീ രംഗത്തുണ്ടായ നേട്ടങ്ങളെ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കും. സാമൂഹ്യക്ഷേമം, സാമൂഹ്യനീതി, ലിംഗ നീതി, സ്ത്രീസുരക്ഷ എന്നിവയെയും കൂടുതൽ ശാക്തീകരിക്കുന്നതിനുള്ള നടപടികളുണ്ടാകും. ഇവയെ സമ്പദ്ഘടനയുടെ ഉല്പാദന ശേഷി വർധിപ്പിക്കാനുള്ള അടിസ്ഥാനമായി ഉപയോഗിക്കും. ശാസ്ത്രം, സാങ്കേതിക വിദ്യ, നൂതന നൈപുണികൾ, വിജ്ഞാന സമ്പദ്ഘടനയിൽ ലഭ്യമായ നൈപുണികൾ എന്നിവയെ കൃത്യമായി പ്രയോജനപ്പെടുത്തി കൃഷി, അനുബന്ധമേഖലകൾ, നൂതനവ്യവസായം, അടിസ്ഥാന സൗകര്യ വികസനം, വരു

മാനോൽപാദന സേവനങ്ങൾ എന്നിവയെ മെച്ചപ്പെടുത്തും.

അടുത്ത അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്ത് അതിദാരിദ്ര്യം എന്നത് ഉൻമൂലനം ചെയ്യും. അഗതിയായ ഓരോ വ്യക്തിയേയും ദാരിദ്ര്യത്തിൽ കഴിയുന്ന ഓരോ കുടുംബത്തെയും കണ്ടെത്തി പ്രാദേശികവും ഗാർഹികവുമായ പദ്ധതികളിലൂടെ ദാരിദ്ര്യരേഖക്ക് മുകളിൽ കൊണ്ടുവരും.

ഉന്നതവിദ്യാഭ്യാസത്തെ നവീകരിക്കാനും വളർത്താനും പ്രത്യേക നയം രൂപപ്പെടുത്തും. അതിലൂടെ കേരളത്തിലെ യുവാക്കൾക്ക് ആധുനിക സമ്പദ്ഘടനയിൽ ലഭ്യമായ ഏറ്റവും മികച്ച വിദഗ്ധ തൊഴിലുകൾ സൃഷ്ടിക്കും.

അഞ്ചുവർഷം കൊണ്ട് ആധുനികവും ഉയർന്ന തൊഴിൽ ശേഷിയുള്ളതുമായ ഉൽപാദനപരമായ സമ്പദ്ഘടന സൃഷ്ടിക്കും. അടുത്ത 25 വർഷം കൊണ്ട് കേരളത്തിന്റെ ജീവിത നിലവാരം അന്താരാഷ്ട്ര തലത്തിലെ തന്നെ വികസിത രാഷ്ട്രങ്ങൾക്ക് സമാനമാക്കുക എന്നതാണ് ലക്ഷ്യം. നാടിന്റെ വികസനം അതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നത് എറ്റവും അടിത്തട്ടിൽ കഴിയുന്ന ജനവിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിലൂടെയാണ്. തൊഴിലവസരങ്ങൾ കൂടുതൽ ഉറപ്പുവരുത്തുക എന്നതിന് ഊന്നൽ നൽകും. ഒരാളെയും ഒഴിച്ചുനിർത്താത്ത വികസന കാഴ്ചപ്പാടാണ് ഉയർത്തിപ്പിടിക്കുക.

കാർഷിക മേഖലയിൽ 'ഉൽപാദനക്ഷമത, ലാഭ സാധ്യത, സുസ്ഥിരത' എന്ന മുദ്രാവാക്യം നടപ്പിലാക്കും. ഓരോ വിളയുടെയും ഉൽപാദനം വർധിപ്പിക്കുന്നതിന് ലക്ഷ്യം നിശ്ചയിക്കും. അഞ്ചു വർഷം കൊണ്ട് നെല്ലിന്റെയും പച്ചക്കറിയുടെയും ഉൽപാദനം ഇരട്ടിപ്പിക്കാനുള്ള ശേഷി നമുക്കുണ്ട്. കൃഷി, ജലസേചനം എന്നീ വകുപ്പുകളുടെ ഇടപെടലുകളെ സഹകരണ മേഖലയുമായും ഫാർമർ പ്രൊഡ്യൂസർ കമ്പനികളുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സമന്വയിപ്പിക്കും. ശാസ്ത്രീയ കൃഷിരീതികൾ ഏറ്റെടുക്കുന്നതിന് പദ്ധതി തയ്യാറാക്കും. മൂല്യവർധനവിലും മാർക്കറ്റിങ്ങിലും ശ്രദ്ധ കേന്ദ്രീകരിക്കും.





ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കുള്ള സാധ്യത പ്രയോജനപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കും. നാളികേരത്തിന്റെയും സുഗന്ധ വ്യഞ്ജനങ്ങളുടെയും സംസ്കരണത്തിന് വ്യവസായ ശാലകളുടെ ശ്രേണി സജ്ജമാക്കും. റബ്ബറിന്റെയും മറ്റും മൂല്യവർദ്ധനയ്ക്ക് പോളിമർ സയൻസ് ആൻറ് ടെക്നോളജി അടിസ്ഥാനമാക്കി മികവിന്റെ കേന്ദ്രം രൂപീകരിക്കും.

ഭൂവിനിയോഗ പദ്ധതി, വിള പദ്ധതി, തണ്ണീർത്തട പദ്ധതി എന്നിവ ആവിഷ്കരിച്ച് ആസൂത്രണം നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കും. പ്രാദേശിക തണ്ണീർത്തടങ്ങളെ മെച്ചപ്പെടുത്തും. കാരാപ്പുഴ, ബാണാസുര സാഗർ, പഴശ്ശി, ഇടമലയാർ പദ്ധതികൾ 2023–24ഓടെ പൂർണതോതിൽ പ്രവർത്തനക്ഷമമാക്കും. മഴവെള്ളം കടലിലേക്ക് ഒഴുക്കിക്കളയാതെ സംഭരിക്കുന്ന വലിയ ജലസംഭരണികൾ ഒരുക്കുന്നത് പരിഗണിക്കും. ഇത് വേനൽ കാലത്തെ ജലസേചനവും കുടിവെള്ളത്തിന്റെ ലഭ്യതയും ഉറപ്പുവരുത്തും.

കൃഷിയുമായി ബന്ധപ്പെട്ട വകുപ്പുതല അനുബന്ധ സംവിധാനങ്ങൾ പരിഷ്കരിക്കും. കൃഷിഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കി കൃഷിക്കാർക്ക് ലഭിക്കുന്ന അനുബന്ധ സേവനങ്ങളുടെ നിലവാരം ഉയർത്തും. കാർഷിക സർവകലാശാലയുടെയും ബന്ധപ്പെട്ട ശാസ്ത്രഗവേഷണ സ്ഥാപനങ്ങളുടെയും ശേഷി പൂർണമായും വിനിയോഗിക്കും.

സംസ്ഥാനത്തെ മുഴുവൻ ഭൂരേഖകളുടെയും സമകാലിക വിവരങ്ങൾ ഉൾച്ചേർക്കാൻ സമയബന്ധിത പദ്ധതി നടപ്പാക്കും. വനഭൂമിയുടെ അതിർത്തികൾ കൃത്യമായി രേഖപ്പെടുത്താൻ ഉപകരിക്കുന്ന വിധത്തിൽ ആ പദ്ധതിയെ സംയോജിപ്പിക്കും.

2025 ഓടെ പാലുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിടുന്നു. മാംസം, മുട്ട എന്നിവയുടെ ഉൽപാദനത്തിൽ വരുന്ന അഞ്ചുവർഷം കൊണ്ട് എത്ര വളർച്ച കൈവരിക്കണമെന്ന ലക്ഷ്യത്തോടെ മിഷൻ മോഡിൽ സർക്കാർ പ്രവർത്തിക്കും. ഉൾനാടൻ മത്സ്യക്കൃഷി ഉൽപാദനത്തിലും വിസ്തീർണത്തിലും കൃത്യമായ ലക്ഷ്യം വച്ച് ഇടപെടും.

അടുത്ത അഞ്ചു വർഷം കൊണ്ട് സാങ്കേതിക വിദ്യയിലേതുൾപ്പെടെ കൊണ്ടുവരുന്ന മാറ്റങ്ങളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളെ നവീകരിക്കും.

വ്യവസായ വികസനം ആസൂത്രണം ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് സജീവമാക്കും. നീർത്തടാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സമ്പൂർണ്ണ ശുചിത്വം കൈവരിക്കുന്നതിനും ഹരിത കേരള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും എല്ലാ തലത്തിലും യോജിച്ചു പ്രവർത്തിക്കാനുള്ള സാധ്യത ഒരുക്കും.

വ്യവസായ ഇടനാഴി, തുറമുഖം, ഷിപ്പിങ്ങ്, ലോജിസ്റ്റിക്സ്, ഉൾനാടൻ ജലഗതാഗതം എന്നിവയുടെ വികസനത്തിലൂടെ അവയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വളർച്ച ഉറപ്പുവരുത്തും.പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി മുതലായവയുടെ നവീകരണത്തിന് കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ കൂടുതൽ ശക്തിപ്പെടുത്തും. പരമ്പരാഗത വ്യവസായങ്ങൾ നവീകരിച്ച് ഓരോ തൊഴിലാളിക്കും കൂടുതൽ മൂല്യവർധനവ് സാധ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും.

ഐടി വകുപ്പ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരളത്തിലെ ഐടി വ്യവസായം എന്നിവ സംയുക്തമായി പ്രത്യേക വെബ് പോർട്ടലിലൂടെ കേരളത്തിൽ നിക്ഷേപിക്കാനോ പഠിപ്പിക്കാനോ ജോലി ചെയ്യാനോ ആഗ്രഹിക്കുന്ന എല്ലാ സംരംഭകരെയും ഐടി വിദഗ്ധരുമായും പ്രൊഫഷണലുകളുമായും ബന്ധിപ്പിക്കും.

ഐടി വിദ്യാർഥികളെ പഠിപ്പിക്കാനും അവർക്ക് മാർഗനിർദേശങ്ങൾ നൽകാനും നിലവിൽ ജോലി ചെയ്യുന്ന പ്രൊഫഷണലുകളെ പ്രയോജനപ്പെടുത്താൻ കഴിയുന്ന മാർഗരേഖ ആറുമാസത്തിനകം തയ്യാറാക്കും.

**സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കുന്നതിനും ഹൈ ടെക്നോളജി സംരംഭത്തിലേർപ്പെടുന്നതിനും വിദ്യാർഥികൾക്കും അധ്യാപകർക്കും പ്രോത്സാഹനം നൽകും.**



വ്യവസായ മേഖലയുമായി സജീവമായി സഹകരിക്കാൻ ഐടി അധ്യാപകരേയും വകുപ്പുകളേയും സംയുക്ത ഗവേഷണങ്ങളിലൂടെയും മറ്റും പ്രോത്സാഹിപ്പിക്കും.

എല്ലാ ശാസ്ത്ര സാങ്കേതിക കോഴ്സുകളിലും നൂതനത്വത്തെക്കുറിച്ചും സ്റ്റാർട് അപ്പുകളെക്കുറിച്ചും നിർബന്ധിത കോഴ്സ് കേരള സ്റ്റാർട് അപ്പ് മിഷനും അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയും സംയുക്തമായി ആരംഭിക്കും.

സംയുക്ത സംരംഭങ്ങളിലൂടെയും സ്വതന്ത്ര നിക്ഷേപങ്ങളിലൂടെയും ഹാർഡ് വെയർ സെക്ടറിലെ നിക്ഷേപം വർധിപ്പിക്കാനുള്ള ഇടപെടൽ നടത്തും. ഹാർഡ് വെയർ ടെസ്റ്റ് ഫെസിലിറ്റി സജ്ജമാക്കാൻ മുൻഗണന നൽകും.

മൂന്നു മുതൽ അഞ്ചു വർഷം കൊണ്ട് ഐടി കയറ്റുമതിയുടെ മൂല്യം ഇരട്ടിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഇതിനായി ഐടിയിലെ പ്രത്യേക ഉപമേഖലകളെ കണ്ടെത്തി അവിടെ നൈപുണ്യ വികസനവും നിക്ഷേപ പ്രോത്സാഹനവും നടത്തും.

വികേന്ദ്രീകൃതമായ തൊഴിലിനും, വീട്ടിലിരുന്ന് ജോലി ചെയ്യുന്നതിനും (വർക്ക് ഫ്രം ഹോം) ഉള്ള അനേകം അവസരങ്ങൾ ഐടി നൽകുന്നുണ്ട്. ഐടി മേഖലയിലേക്ക് ഉയർന്ന തോതിൽ സ്ത്രീകൾക്ക് കടന്നുവരാൻ സാധ്യത ഇത് തുറന്നുവയ്ക്കുന്നുണ്ട്. സ്ത്രീകളുടെ നൈപുണ്യ വികസനത്തിനും അവർക്ക് അനുയോജ്യമായ തൊഴിലുകളുമായി അവരെ ബന്ധിപ്പിക്കുന്നതിനും ഉള്ള പ്രത്യേക പരിപാടികൾ നടപ്പാക്കും.

കൊച്ചി, പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിയുടെയും സംസ്ഥാനത്തെ വ്യവസായ പാർക്കുകളുടെയും പൂർത്തീകരണം സാധ്യമാക്കും.

വ്യവസായ ഇടനാഴിക്കനുബന്ധമായി ഹൈ ടെക്നോളജി മാനുഫാക്ചറിങ് അഗ്രോ പ്രോസസിങ്, ഐടി, ബയോടെക്നോളജി, ലൈഫ് സയൻസസ് എന്നീ മേഖലകളിൽ ഉയർന്ന നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കും.

പെട്രോ കെമിക്കൽസ്, സ്പെഷ്യാലിറ്റി കെമിക്കൽസ്, ഫാർമസ്യൂട്ടിക്കൽസ്, പോളിമേഴ്സ്, ഫൈബർ എന്നിവയുടെ നിർമാണത്തിലേർപ്പെടുന്ന സംരംഭകർക്ക് മികച്ച സാധ്യതകൾ കൊച്ചിയിലെ പെട്രോ കെമിക്കൽ പാർക്കിൽ സാധ്യമാക്കും. എഞ്ചിനീയറിങ്, പെട്രോ കെമിക്കൽസ്, പോളിമർ ടെക്നോളജി, റബ്ബർ എന്നിവയുമായി ബന്ധപ്പെട്ട വ്യാവസായിക ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നത് പരിഗണിക്കും.

സ്റ്റാർട്ട്അപ്പുകൾ ആരംഭിക്കുന്നതിനും ഹൈ ടെക്നോളജി സംരംഭത്തിലേർപ്പെടുന്നതിനും വിദ്യാർഥികൾക്കും അധ്യാപകർക്കും പ്രോത്സാഹനം നൽകും. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രമുഖ സാങ്കേതികവിദ്യാ സ്ഥാപനങ്ങളുമായി കേരളത്തിലെ അക്കാദമിക ഗവേഷണ സ്ഥാപനങ്ങൾ സഹകരിക്കും.

കേന്ദ്ര സർക്കാരിന്റെ ഉദാരവൽക്കരണ, സ്വകാര്യവൽക്കരണ നയങ്ങൾ നടപ്പാക്കപ്പെടുന്ന പ്രധാന മേഖലയാണ് ഉന്നത വിദ്യാഭ്യാസം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വർഗീയ – അമിതാധികാര ശക്തികളും ലക്ഷ്യം വച്ചിട്ടുണ്ട്. ഇത്തരത്തിൽ ദേശീയതലത്തിൽ നടപ്പാക്കുന്ന നയങ്ങൾക്ക് ബദൽ സമീപനം മുന്നോട്ടുവയ്ക്കും. പുതിയ സർക്കാർ മുൻഗണന നൽകുന്ന ഒരു പ്രധാന മേഖല ഉന്നതവിദ്യാഭ്യാസം ആയിരിക്കും.

ഓരോ വിജ്ഞാന ശാഖയുടെയും കാര്യക്ഷമത പരിപോഷിപ്പിക്കും. ബിരുദ ബിരുദാനാന്തര വിദ്യാഭ്യാസത്തിനും അക്കാദമിക ഗവേഷണത്തിനുമുതകുന്ന സമീപനങ്ങൾ സ്വീകരിക്കും. അതിനനുയോജ്യമായ കോഴ്സുകൾ ആരംഭിക്കും. ശ്രേഷ്ഠ കേന്ദ്രങ്ങളും അതേ മാതൃകയിലുള്ള ഡിപ്പാർട്ട്മെന്റുകളും ഇതിന്റെ ഭാഗമായി സജ്ജമാക്കും.

അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ആവശ്യങ്ങളോട് സുതാര്യമാ

യിപ്രതികരിക്കുന്ന തരത്തിൽ ഭരണപരമായ നിയന്ത്രണങ്ങളിൽ ആവശ്യമായ അയവ് വരുത്തും.

പുതിയ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ അധ്യയനം എങ്ങനെ നമ്മുടെ കലാലയങ്ങളിലും സർവകലാശാലകളിലും ആവിഷ്കരിക്കാം എന്നത് സംബന്ധിച്ച് പഠനം നടത്തും. ഓൺലൈൻ കോഴ്സുകൾ വികസിപ്പിച്ചെടുക്കാൻ അന്തർ സർവകലാശാലാ ഗ്രൂപ്പുകളെ സജ്ജമാക്കും.

അധ്യാപനത്തിനും ഗവേഷണത്തിനും വിദ്യാർത്ഥികളുടെ കൈമാറ്റത്തിനുള്ള (എക്സ്ചേഞ്ച്) ശൃംഖല ദേശീയ-അന്താരാഷ്ട്ര തലത്തിൽ തന്നെ വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി വിവിധ വിഷയങ്ങളിലെ വിദഗ്ദ്ധരുടെ പൂൾ സജ്ജമാക്കും.

ലൈബ്രറികളുടെ നവീകരണം സാധ്യമാക്കും. ഇ-വിഭവങ്ങൾ കാമ്പസുകളും സ്ഥാപനങ്ങളും പങ്കുവയ്ക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തും. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സാമൂഹിക നീതിയും പ്രാദേശിക സന്തുലിതാവസ്ഥയും ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടൽ നടത്തും. ഓരോ സർവകലാശാലയ്ക്കും കലാലയത്തിനും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും പ്രത്യേക പദ്ധതികളും പരിപാടികളും ആവശ്യകത കണക്കിലെടുത്ത് തയ്യാറാക്കും.

ശാസ്ത്ര-സാങ്കേതിക-ഗവേഷണ സ്ഥാപനങ്ങളുടെ വിപുലമായ ശൃംഖല പ്രത്യേക ശ്രദ്ധയോടെ ശക്തിപ്പെടുത്തും. ഗവേഷണ സ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായങ്ങളും പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമൊരുക്കും.

സെക്കൻഡറി തലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിൽ ഭരണഘടന വിഭാവനം ചെയ്യുന്ന തരത്തിലുള്ള മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങളും ശാസ്ത്രീയ അവബോധവും വളർത്തുന്ന പാഠ്യപദ്ധതികൾ ഉൾപ്പെടുത്തും.

കൂടുതൽ വൈദഗ്ധ്യമുള്ള തൊഴിലുകൾ നേടിയെടുക്കുന്നതിന് യുവാക്കളെ സജ്ജരാക്കും. ഏറ്റവും ആധുനികമായ ശേഷിവികസന പരിപാടികൾ അവർക്ക് ലഭ്യമാക്കും. ഐടി അധിഷ്ഠിത സേവനങ്ങൾ, ഗതാഗതം, സ്റ്റോറേജ്, വാർത്താവിനിമയം, ബാങ്കിങ്, ഇൻഷുറൻസ്, നിർമാണം, ആരോഗ്യം, മെഡിക്കൽ എക്യുപ്മെൻറ്, ഭക്ഷ്യസംസ്കരണം, വിനോദസഞ്ചാരം, ഹോസ്പിറ്റാലിറ്റി എന്നീ മേഖലകളിൽ കേരളത്തിൽ വലിയ തൊഴിൽ സാധ്യത ഉണ്ട്. ഇത് ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും. പുതിയ സാധ്യത ഉയർന്നുവരുന്ന മേഖലകളിൽ സ്ത്രീകൾക്കും യുവാക്കൾക്കും പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കും ശേഷി വികസനം ലഭ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകും.

ശേഷി വികസനവുമായി ബന്ധപ്പെട്ട നയരൂപീകരണത്തിലും സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിലും സർക്കാരിന് വലിയ പങ്കു വഹിക്കാനുണ്ട് എന്നാണ് അന്താരാഷ്ട്രതലത്തിൽ വിജയകരമായിട്ടുള്ള അനുഭവങ്ങൾ വ്യക്തമാക്കുന്നത്. ഇത് ഉൾക്കൊണ്ടുകൊണ്ടുള്ള നടപടികളാണ് സ്വീകരിക്കുക.

പരിശീലനത്തെ ഇപ്പോഴുള്ള തൊഴിൽകമ്പോളങ്ങളുടെ ആവശ്യങ്ങളുമായി ബന്ധിപ്പിക്കുന്നതിനോടൊപ്പം ഭാവി തൊഴിലുകൾക്ക് അനുസൃതമായ വിധത്തിൽ ശേഷികൾ വികസിപ്പിക്കും.

യുവാക്കളുടെ പരിശീലനത്തിൽ അടിസ്ഥാന ശേഷികൾ ഉൾപ്പെടുത്തുകയും നിലവാരമുള്ള അപ്രൻറീസ്ഷിപ് സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യും.

തൊഴിലുമായി ബന്ധപ്പെട്ട പരിശീലനങ്ങളുടെ പ്രാപ്യത വർധിപ്പിക്കുകയും ഔദ്യോഗിക സമ്പദ്ഘടനയിലെ തൊഴിലുകളിൽ ജോലി ചെയ്യാൻ കഴിയുന്ന തരത്തിൽ പുരുഷന്മാരെയും സ്ത്രീകളെയും സജ്ജരാക്കുകയും ചെയ്യും.

കാര്യക്ഷമമായ ലേബർ മാർക്കറ്റ് ഇൻഫർമേഷൻ സംവിധാനവും ടെക്നിക്കൽ ആൻഡ് വൊക്കേഷണൽ എജ്യുക്കേഷൻ ആൻഡ്

**അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ആവശ്യങ്ങളോട് സുതാര്യമായി പ്രതികരിക്കുന്ന തരത്തിൽ ഭരണപരമായ നിയന്ത്രണങ്ങളിൽ ആവശ്യമായ അയവ് വരുത്തും.**



ട്രെയ്നിങ് സംവിധാനവും ഒരുക്കും.

ഖരമാലിന്യ സംസ്കരണമെന്ന പ്രശ്നത്തിന് എത്രയും പെട്ടെന്ന് പരിഹാരം കണ്ടെത്തിയില്ലെങ്കിൽ അത് ഗൗരവതരമായ ആരോഗ്യ, ശുചിത്വ, സാമ്പത്തിക, സാമൂഹിക പ്രശ്നങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കാനിടയാക്കും. ഈ യാഥാർത്ഥ്യം മുൻനിർത്തി അഞ്ചു വർഷം കൊണ്ട് മാലിന്യ രഹിത കേരളം യാഥാർത്ഥ്യമാക്കും.

നാട് നിലനിൽക്കുന്നതും ചലിക്കുന്നതും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ പ്രയത്നത്തിന്റെ ഭാഗമായാണെന്ന് കണ്ടറിഞ്ഞുകൊണ്ട് അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

മടങ്ങിവന്ന പ്രവാസികളുൾപ്പെടെ സംരംഭകരാകാൻ സാധ്യതയുള്ള നിരവധിയാളുകൾ കേരളത്തിലുണ്ട്. അവർ പുതിയ സംരംഭങ്ങൾ ആരംഭിക്കാനുള്ള അവസരങ്ങൾ തേടുകയാണ്. സാങ്കേതിക വിദ്യ പഠിക്കാനും ആർജിക്കാനുമുൾപ്പെടെ അവർക്ക് സഹായങ്ങൾ നൽകാനുള്ള വ്യവസ്ഥാപിത മാർഗങ്ങൾ ഒരുക്കും.



സംസ്ഥാനത്തെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിന് മുൻഗണന നൽകും. സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജൻഡർ ബജറ്റിംഗ് ശക്തിപ്പെടുത്തും. സംസ്ഥാനടിസ്ഥാനത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുന്നതിനും ക്രൈം മാപ്പിങ്ങിന്റെ അടിസ്ഥാനത്തിലുള്ള ജനകീയ ഇടപെടലിനും രൂപം നൽകും.

കേരളത്തിന്റെ പൊതുവായ വികസനത്തിന്റെ നേട്ടം വേണ്ടത്ര ലഭിക്കാത്ത പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ സവിശേഷ പ്രാധാന്യത്തോടെ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സാധാരണ കുട്ടികൾക്ക് ലഭിക്കുന്ന എല്ലാ സൗകര്യങ്ങളും ഉറപ്പുവരുത്തും. മുഴുവൻ ഭിന്നശേഷിക്കാർക്കും സഹായോപകരണങ്ങൾ ഉറപ്പുവരുത്തും.

വിപുലമായ വയോജന സർവ്വേ നടത്തി സേവനങ്ങൾ വാതിൽപ്പടിയിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പ്രത്യേക സാന്ത്വന പരിചരണ പരിപാടി ആവിഷ്കരിക്കും.

സർക്കാർ സർവീസിലെ ഒഴിവുകൾ പൂർണ്ണമായും സമയബന്ധിതമായും റിപ്പോർട്ട് ചെയ്യുമെന്ന് ഉറപ്പുവരുത്തും.

പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കും.

നമ്മുടെ മതനിരപേക്ഷ സംസ്കാരത്തിന്റെ കാവലാളായ മാതൃഭാഷ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തും.

പാരിസ്ഥിതിക സൗഹാർദ്ദപരമായ സുസ്ഥിര വികസനമായിരിക്കും സംസ്ഥാന സർക്കാർ സ്വീകരിക്കുക.

കേരളം ഉയർത്തിക്കൊണ്ടുവന്ന നവോത്ഥാനത്തിന്റെയും മതനിരപേക്ഷതയുടെയും കാഴ്ചപ്പാടുകളെ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടു പോകുക എന്നതാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്. ജനങ്ങളുടെ ജീവിത നിലവാരം അനുദിനം മെച്ചപ്പെടുത്തിക്കൊണ്ട് മാത്രമേ അത് സാധ്യമാകൂ. പൊതുമണ്ഡലങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ജനങ്ങൾ തമ്മിലുള്ള പരസ്പര ബന്ധങ്ങൾ ഉയർത്തുന്നതിനുമുള്ള സാംസ്കാരിക മുന്നേറ്റത്തിന് സർക്കാർ നേതൃത്വം നൽകും.

അന്താരാഷ്ട്ര തലത്തിലെ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതോടൊപ്പം തന്നെ നാട്ടിലെ യുവതീ-യുവാക്കൾക്ക് ഈ നാട്ടിൽ തന്നെ തൊഴിലവസരം ഉറപ്പ് വരുത്താനുള്ള ക്രിയാത്മകമായ നടപടിക്കാണ് ഊന്നൽ നൽകുക. കേരളത്തെ വൈജ്ഞാനിക കേന്ദ്രമാക്കുകയും അത് എല്ലാ ജനവിഭാഗങ്ങൾക്കും പ്രാപ്തമാകുന്ന തരത്തിലുള്ള ജനാധിപത്യ സമൂഹത്തിന്റെ സൃഷ്ടിക്കായിരിക്കും പരിശ്രമിക്കുക.

കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ ജനാധിപത്യപരമായി പുനഃക്രമീകരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും ഇതോടൊപ്പം നടത്തും.

ഈ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിലാണ് ഇന്ന് മന്ത്രിസഭായോഗം ചില തീരുമാനങ്ങൾ എടുത്തത്.

അതി ദാരിദ്ര്യ ലഘൂകരണം എന്ന ലക്ഷ്യം കൈവരിക്കാൻ പര്യാപ്തമായ സുപ്രധാനമായ ഒരു തീരുമാനം ആദ്യ മന്ത്രിസഭാ യോഗം കൈക്കൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് വിശദമായ സർവെ നടത്താനും ക്ലേശഘടകങ്ങൾ നിർണയിക്കാനും അത് ലഘൂകരിക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കാനും തദ്ദേശഭരണ വകുപ്പിനെ (സെക്രട്ടറിമാരെ) ചുമതലപ്പെടുത്തി.

പാർപ്പിടമെന്നത് മനുഷ്യന്റെ അവകാശമായി അംഗീകരിച്ച സർക്കാരാണിത്. എല്ലാവർക്കും ഭവനം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതേസമയം മറുഭാഗത്ത് ജപ്തി നടപടികളിലൂടെയും മറ്റും ആളുകൾക്ക് കിടപ്പാടം നഷ്ടപ്പെടുന്ന സാഹചര്യവുമുണ്ട്.

ജപ്തി നടപടികളിലൂടെ കിടപ്പാടം നഷ്ടപ്പെടുന്ന അവസ്ഥ ഒഴിവാക്കാൻ ശക്തമായ നിയമനിർമാണം നടത്തും. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണകാര്യ അഡീഷണൽ ചീ



**എല്ലാവർക്കും ഭവനം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.**

ഫ് സെക്രട്ടറി, വിദഗ്ധ അഭിഭാഷകൻ എന്നിവരടങ്ങുന്ന സമിതി ഇതുസംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് ജൂലൈ 15നകം റിപ്പോർട്ട് നൽകാൻ മന്ത്രിസഭായോഗം ചുമതലപ്പെടുത്തി. ആ റിപ്പോർട്ട് പരിശോധിച്ചാകും തുടർനടപടികൾ.

ഗാർഹിക ജോലികളിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് സഹായമെത്തിക്കുമെന്ന് പ്രകടനപത്രികയിൽ വാഗ്ദാനം നൽകിയിരുന്നു. ഒപ്പം ഗാർഹിക ജോലികളിലെ കാഠിന്യം കുറയ്ക്കാൻ സ്മാർട്ട് കിച്ചൻ പദ്ധതിയും നടപ്പാക്കുമെന്നും വാഗ്ദാനം നൽകിയതാണ്. നമ്മുടെ നാട്ടിലെ വീട്ടമ്മമാരുടെ ജോലിഭാരം ലഘൂകരിക്കുന്ന, വീട്ടുജോലിയെടുക്കുന്നവരെ സംരക്ഷിക്കുന്ന ഈ പദ്ധതിക്ക് രൂപം നൽകാൻ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ സെക്രട്ടറി, വനിതാ ശിശുക്ഷേമ വകുപ്പ് സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തി.

20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകാനുള്ള മാർഗരേഖ കെ-ഡിസ്ക് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ച് ജൂലൈ 15നകം റിപ്പോർട്ട് നൽകാൻ കെ ഡിസ്കിനെ ചുമതലപ്പെടുത്തി.

സർക്കാരിന്റെ എല്ലാ സേവനങ്ങളും ജനങ്ങളുടെ അവകാശമാണെന്ന കാഴ്ചപ്പാടാണ് സർക്കാരിനെ നയിക്കുന്നത്. ഓരോ തീരുമാനവും ജനങ്ങൾക്കുവേണ്ടിയുള്ളതാണ്. അത് ജനങ്ങൾക്ക് ലഭ്യമാകുന്നതിൽ തടസ്സമുണ്ടാകാൻ പാടില്ല. സർക്കാർ സേവനങ്ങൾ ഓൺലൈനായി വീട്ടുപടിക്കലെത്തുന്ന ബൃഹത്തായ ഒരു പദ്ധതിക്ക് തുടക്കം കുറിക്കുകയാണ്. ഒക്ടോബർ രണ്ടിന് ഗാന്ധിജയന്തി ദിനത്തിൽ ഈ പദ്ധതി നിലവിൽ വരും. ഐടി സെക്രട്ടറി, ഐടി വിദഗ്ധർ എന്നിവരടങ്ങിയ സമിതി പദ്ധതിക്ക് അന്തിമരൂപം നൽകും.

ഇ-ഓഫീസ്, ഇ-ഫയൽ സംവിധാനങ്ങൾ കൂടുതൽ വിപുലമായി നടപ്പാക്കാനാണ് തീരുമാനം. ഇതുസംബന്ധിച്ച് പദ്ധതി നടപ്പാക്കുന്നതിന് സമിതിയെ നിശ്ചയിച്ചു.

വ്യവസായമേഖലയിൽ ഈസ് ഓഫ് ഡൂയിങ് ബിസിനസ് നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. വ്യവസായങ്ങളെ ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങുന്നതുമായി ബന്ധപ്പെട്ടുള്ള പരാതികൾ അറിയിക്കാൻ വ്യത്യസ്തങ്ങളായ ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യം നിലവിലുണ്ട്.

അത് ഒഴിവാക്കാൻ പരാതി പരിഹാരത്തിനുള്ള ഏകജാലക സംവിധാനം കൊണ്ടുവരാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി നിയമപരമായി പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. ഒരു ഉന്നത ഐഎഎസ് ഉദ്യോഗസ്ഥനായിരിക്കും ഈ കമ്മിറ്റിയുടെ ചുമതല. ഇതിനായി പ്രത്യേക നിയമനിർമാണം നടത്തും. ഈ നിയമത്തിന്റെ കരട് പരിശോധിക്കാൻ ഉദ്യോഗസ്ഥതല സമിതിയെ ചുമതലപ്പെടുത്തി.



മതനിരപേക്ഷ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കെന്ന കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന നിലപാടായിരിക്കും നാം സ്വീകരിക്കുക. സർക്കാരിന്റെ പ്രതിബദ്ധത ഭരണഘടനയോടും ഈ നാട്ടിലെ ജനതയോടുമാണെന്ന് ഒരിക്കൽ കൂടി പ്രഖ്യാപിക്കാൻ ഈ അവസരം ഉപയോഗിക്കട്ടെ. അതിനായി മുഴുവൻ ജനങ്ങളുടെയും പിന്തുണയും അഭ്യർത്ഥിക്കുന്നു.●



# ആവാസത്തിലെ

ഡോ. ഷീജാകുമാരി കൊടുവഴന്നൂർ

**ഓരോ ജീവിക്കും ഇഷ്ടപ്പെട്ട വിളയും വിള നശിപ്പിക്കുന്ന രീതിയും സവിശേഷമാണ്. ആനകൾ കൂടുതലായും ആക്രമിക്കുന്ന സസ്യങ്ങൾ തെങ്ങ്, കവുങ്ങ്, കരിമ്പ്, വാഴ എന്നിവ ആണ്. അവ സസ്യങ്ങളെ വെറുതെ ഒടിച്ചിടുകയല്ല, മറിച്ച് പിഴുതെടുക്കുകയാണ് ചെയ്യുന്നത്.**

വളരെയേറെ പ്രതീക്ഷകളോടും കണക്കു കൂട്ടലുകളോടുമാണ് മലയോരകർഷകനായ ജോസഫ് തന്റെ കൃഷിയിടത്തിൽ വാഴയും ഇടവിളയായി കപ്പയും നട്ടത്. തന്റെ കൃഷിയിടത്തിൽ ഒരു പ്രഭാതത്തിൽ പതിവു പോലെ ചെന്ന ജോസഫിന് തല കറങ്ങുന്നതു പോലെ തോന്നി. വിളവെടുക്കാൻ പാകമായിക്കിടന്ന കപ്പയിൽ നല്ലൊരു ഭാഗവും കാട്ടു പന്നികൾ കിളച്ചു നശിപ്പിച്ചിരിക്കുന്നു,തേറ്റകൊണ്ട് കുത്തിക്കീറി നശിപ്പിക്കപ്പെട്ട അവസ്ഥയിലാണ് വാഴകൾ മിക്കതും.വിറ്റാൽ നല്ലൊരു തുക ലഭിക്കുമെന്ന് താൻ സ്വപ്നം കണ്ടിരുന്ന തന്റെ വിളകൾ ആകമാനം നശിപ്പിക്കപ്പെട്ടിരിക്കുന്നു. കൃഷിയിറക്കുന്നതിനായി വായ്പ വാങ്ങിയ കാശിന്റെ കടം,പലിശയടക്കം ബാക്കി.

ജോസഫിന്റേതിനു സമാനമായ അനുഭവങ്ങൾ ഇന്ന് അപൂർവ്വതയിൽ നിന്ന് സ്വാഭാവികതയായി മാറിക്കൊണ്ടിരിക്കുന്നു. വനഗഹ്വരത്തിൽ നിന്ന് നാട്ടിലേക്കിറങ്ങുന്ന വന്യജീവികൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ചില്ലറയല്ല. ഇവ മനുഷ്യന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയാവുമ്പോൾ ബാക്കിയാവുന്നത് വർഷങ്ങളായി മനുഷ്യൻ അനുവർത്തിച്ചു പോരുന്ന നശീകരണ പ്രക്രിയയുടെ ചരിത്രം. ആഹാരവും, സ്വൈരവിഹാരത്തിനുള്ള ഇടവും, സുരക്ഷിതത്വവും തന്ന തങ്ങളുടെ ആവാസത്തെയും അവിടത്തെ സ്വസ്ഥമായ ജീവിതത്തെയും നശിപ്പിച്ച മനുഷ്യന്റെ പ്രവൃത്തികൾക്ക് ജീവികൾ നല്കുന്ന തിരിച്ചടിയാണ് ഇത്തരം ആക്രമണങ്ങൾ. സ്വതന്ത്രമായി ജീവിക്കാനും സ്വന്തം ഭക്ഷണം കണ്ടെത്താനും ഉള്ള അവകാശം ഓ



# പോർനിലങ്ങളിൽ

രോ ജീവിക്കും ഉണ്ട്. അതിനെ ഹനിക്കുന്ന രീതിയിൽ മനുഷ്യന്റെ ഇടപെടലുകൾ അസഹ്യമാകുമ്പോഴാണ് ജീവികൾക്ക് തങ്ങളുടെ അവകാശങ്ങൾക്കായി പൊരുതേണ്ടി വരുന്നത്.

നാട്ടിലിറങ്ങിയുള്ള കാട്ടുമൃഗങ്ങളുടെ ആക്രമണങ്ങൾക്കു പിന്നിൽ നിരവധി കാരണങ്ങളുണ്ട്. ജനസംഖ്യയിലുണ്ടായ വർദ്ധനവു നിമിത്തം പാർപ്പിടനിർമ്മാണം, കൃഷി എന്നിവയ്ക്കായും മറ്റു സൗകര്യങ്ങളുടെ വികസനങ്ങൾക്കായും വന്യജീവികളുടെ സ്വന്തം തട്ടകമായ കാടുകൾ വെട്ടി വെളുപ്പിച്ചത്, വന്യജീവികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവു നിമിത്തം ആവാസത്തിന് മതിയായ വനമേഖല ലഭ്യമല്ലാതെ വന്നത്, വനവൃക്ഷങ്ങൾ നശിപ്പിക്കുക നിമിത്തം ചില ജന്തുക്കൾക്ക് പ്രിയതരമായ ആഹാരലഭ്യത ഇല്ലാതെ വന്നത്, മനുഷ്യന്റെ ഇടപെടലുകൾ മൂലം വന്യജീവികളുടെ ആവാസത്തിനു സഹായകമായിരുന്ന സവിശേഷതകൾ വനങ്ങൾക്ക് നഷ്ടമായത്, ഒക്കെ വന്യജീവികളെ മനുഷ്യാവാസത്തിലേക്ക് കടന്നു ചെല്ലാനും മനുഷ്യർക്ക് ദോഷകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും നിർബന്ധിതരാക്കുന്നു. പതിയിരുന്ന് ഇരപിടിക്കാനും, സ്വയം ഇരയാകാതെ സൂക്ഷിക്കാനും സഹായിച്ചിരുന്ന സസ്യ നിബിഡതകൾ നിറഞ്ഞ ആവാസം അവയ്ക്ക് നഷ്ടപ്പെടുത്തിയതും ദാഹജലം പോലും നിഷേധിക്കത്തക്ക രീതിയിൽ കാട്ടാറുകളും അരുവികളും വറ്റി വരളാനിടയാക്കിയതും മനുഷ്യൻ തന്നെയാണ് എന്ന യാഥാർത്ഥ്യം വന്യജീവികളുടെ ഇത്തരം ആക്രമണങ്ങൾക്ക് അവനെ അർഹനാക്കുന്നു.

വന്യമൃഗങ്ങളുടെ നാട്ടിലേക്കുള്ള സന്ദർശനം മനുഷ്യർക്ക് ഹാനികരമാകുന്നത് പല വിധത്തിലാണ്. വിളകൾ നശിപ്പിക്കൽ, കന്നുകാലികളെ കൊന്നൊടുക്കൽ, മനുഷ്യർക്കുണ്ടാകുന്ന ആപത്തുകൾ, വീടുകൾക്കുണ്ടാകുന്ന കേടുപാടുകൾ, ജന്തുജന്യ രോഗങ്ങൾ (zoonosis) എന്നിങ്ങനെയാണ് വന്യജീവികൾ മനുഷ്യജീവിതത്തിൽ അലോസരങ്ങൾ സൃഷ്ടിക്കുന്ന രീതികൾ.

പ്രധാനമായും വിളനശീകരണത്തിനിടയാക്കുന്നത് പത്തു തരം ജീവികളാണ്. ആന, കാട്ടു പന്നി, മലയണ്ണാൻ, മുള്ളൻപന്നി, കേഴമാൻ, മയിൽ, പറക്കും അണ്ണാൻ, കുരങ്ങ്, തത്ത, പ്രാവ് എന്നീ ജീവികൾ കൃഷികൾക്കുണ്ടാക്കുന്ന നാശം ചില്ലറയല്ല. തൃശ്ശൂർ ജില്ലയിൽ 2009 മുതൽ 2015 വരെ ഡോ സുരേഷ് കെ ഗോവിന്ദിന്റെ നേതൃത്വത്തിൽ നടന്ന പഠനം ചൂണ്ടിക്കാട്ടുന്നത് ആന പ്രതിവർഷം മധ്യകേരളത്തിൽ മാത്രം പതിനേഴ് ലക്ഷം രൂപയുടെ നാശനഷ്ടം വരുത്തുന്നുവെന്നാണ്.





ഓരോ ജീവിക്കും ഇഷ്ടപ്പെട്ട വിളയും വിള നശിപ്പിക്കുന്ന രീതിയും സവിശേഷമാണ്. ആനകൾ കൂടുതലായും ആക്രമിക്കുന്ന സസ്യങ്ങൾ തെങ്ങ്, കവുങ്ങ്, കരിമ്പ്, വാഴ എന്നിവ ആണ്. അവ സസ്യങ്ങളെ വെറുതെ ഒടിച്ചിടുകയല്ല, മറിച്ച് പിഴുതെടുക്കുകയാണ് ചെയ്യുന്നത്. തെങ്ങ് കവുങ്ങ് ഇവയുടെ മൃദുലമായ കാണ്ഡാഗ്രം ഭക്ഷിക്കുമ്പോൾ വാഴയുടെ തടയും കരിമ്പിൻ തണ്ടും അപ്പാടെ അകത്താക്കുകയാണിവ ചെയ്യുന്നത്. കിലോമീറ്ററുകൾക്കപ്പുറത്തു നിന്ന് ഭക്ഷണത്തിന്റെ മണം പിടിച്ച് ആനകൾ എത്താറുണ്ടത്രെ. ആനകളെ ഓടിക്കാൻ സാധാരണയായി ചെയ്യാറുള്ള മാർഗ്ഗങ്ങൾ വിളകൾക്കു ചുറ്റും മുളകു നടുക, ആനപ്പിണ്ടവും മുളകും ചേർത്ത് ബ്രിക്സ് ഉണ്ടാക്കി കത്തിക്കുക, മുളകു പൊടിയും കരിഓയിലും ചേർത്തു പുരട്ടിയ കയർ ആറടി ഉയരത്തിൽ വലിച്ചു കെട്ടുക, കൃഷിസ്ഥലത്തിനു ചുറ്റും കിടങ്ങ് കുഴിക്കുക, വൈദ്യുത വേലികൾ നിർമ്മിക്കുക എന്നിവയാണ്.

കാട്ടു പന്നികൾ നിത്യേന കൃഷിയെ ആക്രമിക്കാൻ വരുമെങ്കിലും ആനയെ വച്ചു നോക്കുമ്പോൾ ഇവയുണ്ടാക്കുന്ന കൃഷിനാശം കുറവാണെന്ന് പറയാം. ഇവ മുഖ്യമായും ആക്രമിക്കുന്നത് കിഴങ്ങുവർഗ്ഗ വിളകളെയും തെങ്ങിനെയും വാഴയെയുമാണ്. മിശ്രഭോജികളായ അവ തേറ്റ കൊണ്ട് ഉഴുതു മറിച്ച് മണ്ണിളക്കുന്നതിനാൽ മറ്റു വിളകൾക്കും നാശം വരുത്തുന്നു. ഒറ്റ പ്രസവത്തിൽ 6-7 കുഞ്ഞുങ്ങൾ വരെ ഉണ്ടാകുമെന്നതിനാൽ പന്നികളുടെ വംശ വർദ്ധനവ് കൂടുതലാണ്. ഇവയ്ക്കാകെയും വേണ്ട പോഷകാഹാരം വേണമെന്നുള്ളതിനാൽ നാട്ടിലേക്കിറങ്ങിയുള്ള പന്നികളുടെ തീറ്റതേടൽ സ്വാഭാവികമാണ്. പ്രത്യേകിച്ചും മനുഷ്യരുടെ ശല്യമില്ലാത്ത ഇടങ്ങളിലും മനുഷ്യരുറങ്ങുന്ന സമയത്തും ആണ് ഇവയുടെ ആക്രമണം കൂടുതൽ. കൂട്ടമായി വന്ന് കൃഷിയിടങ്ങൾ ഉഴുതുമറിക്കുന്ന ഇവ കർഷകർക്ക് എന്നും ഒരു വൻ ഭീഷണി തന്നെയാണ്. കിഴങ്ങു വർഗ്ഗ വിളകൾ കിളച്ചു ഭക്ഷിക്കുന്നതു കൂടാതെ വാഴയുടെ മാണം, വാഴത്തട, വാഴപ്പഴം എന്നിവയും ഇവ പൂർണ്ണമായി തിന്നു തീർക്കും. തേങ്ങകൾ നിലത്തടർന്നു വീണു കിടന്നാൽ അവയെ സ്വന്തം തേറ്റകളുപയോഗിച്ച് നാം പൊതിക്കുന്ന രീതിയിൽ പൊതിച്ചെടുത്തു ഭക്ഷിക്കാൻ കാട്ടുപന്നികൾക്കു കഴിയും. വിളകളെ മഞ്ഞ നിറമുള്ള ഷീറ്റു കൊണ്ടു മറച്ച വേലികൾക്കുള്ളിലാക്കുകയാണ് കാട്ടുപന്നികളുടെ ശല്യമൊഴിവാക്കാനുള്ള മാർഗ്ഗം. മഞ്ഞ നിറവും അതിൽ തൊടുമ്പോഴുള്ള ശബ്ദവും കാട്ടു പന്നികളെ അകറ്റും.

വിള നശിപ്പിക്കുന്ന മറ്റൊരു ജീവി മുള്ളൻ പന്നിയാണ് (Indian crusted porcupine). ഇവ തെങ്ങിന്റെ താഴെഭാഗം കാർന്നു തിന്നുന്നതിലൂടെ അവയുടെ നാശത്തിനിടയാക്കുന്നു. ഇളം തെങ്ങിന്റെ കൂമ്പ് ഉൾപ്പെടെയുള്ള ഭാഗം ഇതിന്റെ ആഹാരമാകാറുണ്ട്. നിലത്തു വീണ തേങ്ങകൾ ആഹാരമാക്കുന്നതിൽ ഇവയും വിദഗ്ധർതന്നെ. എന്നാൽ തേങ്ങ പൊതിക്കുന്ന രീതി കാട്ടു പന്നികളുടേതു പോലെയല്ല. ഇവ തൊണ്ട് ചതുരാകൃതിയിൽ മുറിച്ചു മാറ്റുകയാണ് ചെയ്യുന്നത്.

തെങ്ങിനെ ആക്രമിക്കുന്ന മറ്റൊരു ജീവിയാണ് മലയണ്ണാൻ (Indian giant squirrel). പീച്ചി, ചിമ്മിണി കാടുകളിൽ ഇവയുടെ സാന്നിധ്യം ഉണ്ട്. ഇവ കരിക്ക് തുരന്ന് തിന്നുകയും കരിക്കിൻ വെള്ളം കുടിക്കുകയും ചെയ്യും. ഏകദേശം മുപ്പത് സെ മീ ചുററളവിലുള്ള ദ്വാരങ്ങളാണ് ഇവ നിർമ്മിക്കുന്നത്. ഒരു മാസത്തിൽ നാലു നാളികേരം വരെ ഇവ ഇപ്രകാരം തിന്നാറുണ്ടത്രെ. ഒരു നാളികേരം തുരക്കുന്നതിന് അവ പതിനഞ്ചു മിനിട്ട് എടുക്കുമെങ്കിൽ അത് തിന്നു തീർക്കാൻ നാല്പത്തഞ്ചു മിനിട്ടു വരെ എടുക്കുമത്രെ. ചക്കയും ഇവയ്ക്ക് ഇഷ്ട വിഭവമാണ്. മനുഷ്യരുടെ സാന്നിധ്യം മനസ്സിലാക്കിയാൽ ഇവ ഓടിപ്പോകും.

പാറച്ചാത്തൻ എന്ന പേരിലും അറിയപ്പെടുന്ന പറക്കും അണ്ണാൻ (Indian giant flying squirrel) ആണ് മറ്റൊരു കുറ്റവാളി. മലയണ്ണാനെപ്പോലെ തന്നെ തേങ്ങയെ തുരന്ന് തിന്നുന്ന ജീവിയാണിത്. എന്നാൽ മലയണ്ണാൻ നാളീകേരത്തിൽ വലിയ ദ്വാരങ്ങൾ ഉണ്ടാക്കുമ്പോൾ, പറക്കും അണ്ണാൻ പതിനെട്ടു സെ മീ മാത്രം ചുറ്റളവുള്ള ചെറിയ ദ്വാരങ്ങളാണ് തേങ്ങയിൽ ഉണ്ടാക്കുന്നത്.

കേഴമാൻ എന്നും അറിയപ്പെടുന്ന മ്ലാവ് (sambar) സസ്യങ്ങളെ നശിപ്പിക്കുന്നത് അവയുടെ തൊലിയുരിഞ്ഞു തിന്നുന്നതിലൂടെയാണ്. കൂടുതലായി തൊലി നഷ്ടപ്പെടുന്ന പക്ഷം വൃക്ഷങ്ങൾ ഉണങ്ങി നശിച്ചു പോകുന്നു. ദേശീയ പക്ഷിയായ മയിൽ കൃഷിക്കാർക്ക് എന്നും ഒരു ശല്യക്കാരനാണ്. നെൽപ്പാടങ്ങളിൽ പ്രത്യക്ഷപ്പെട്ട മയിൽ (Indian peafowl) നെന്മണികൾ മുഴുവൻ കൊത്തിത്തിന്നു കൃഷിക്കാർക്ക് വൻ നഷ്ടമുണ്ടാക്കിയ കഥ ചൂലന്നൂർ മയിൽ സങ്കേതത്തിന്റെ

പരിസരവാസികൾക്കു പറയാനുണ്ട്. ചേമ്പ് പോലുള്ള ചില സസ്യങ്ങളുടെ ഇളം തണ്ടുകൾ, തളിരുകൾ, ചിലയിനം ഫലങ്ങൾ എന്നിവ മയിൽ തിന്നു തീർക്കാറുണ്ട്. എല്ലായിനം ഫലവർഗ്ഗങ്ങളെയും ആക്രമിക്കുന്ന ജീവികളാണ് കുരങ്ങുകൾ (Bonnet macaque). നാട്ടിൻ പ്രദേശത്തേക്ക് ഇറങ്ങി വരുന്ന കുരങ്ങുകൾ നാട്ടിൻ പുറത്തെ ഫലവൃക്ഷങ്ങളിലെ പാകമായതും അല്ലാത്തതുമായ ഫലങ്ങളെ മുഴുവൻ തിന്നു നശിപ്പിക്കുന്നു.

**വിളകളെ മഞ്ഞ നിറമുള്ള ഷീറ്റു കൊണ്ടു മറച്ച വേലികൾക്കുള്ളിലാക്കുകയാണ് കാട്ടുപന്നികളുടെ ശല്യമൊഴിവാക്കാനുള്ള മാർഗ്ഗം. മഞ്ഞ നിറവും അതിൽ തൊടുമ്പോഴുള്ള ശബ്ദവും കാട്ടു പന്നികളെ അകറ്റും.**

കാടിനടുത്തുള്ള പ്രദേശങ്ങളിൽ മനുഷ്യർ വളർത്തുന്ന കന്നുകാലികളെ വന്യമൃഗങ്ങൾ തട്ടിക്കൊണ്ടു പോകുന്നതും സാധാരണമാണ്. പുലി, കടുവ, കാട്ടു നായ, മലമ്പാമ്പ് എന്നിവയാണ് കന്നുകാലികളെ ഉപദ്രവിക്കുന്നത്. പുലികൾ ഇരകളെ കടിച്ചു കൊന്ന് മരത്തിനു മുകളിലേക്ക് കൊണ്ടു പോയാണ് ഭക്ഷിക്കുന്നത്. വയർ ഭാഗമാണ് ഇവ ആദ്യം ഭക്ഷിക്കുക. കടുവകൾ സാധാരണയായി നാട്ടിലേക്കിറങ്ങാറില്ല. വനങ്ങളുടെ കോർ മേഖലകളാണ് ഇവയുടെ വിഹാരരംഗം. എന്നാൽ ഇര പിടിക്കാൻ ബുദ്ധിമുട്ടുള്ള വിധത്തിൽ പ്രായമാകുകയോ പല്ലിനു കേടു വരികയോ ചെയ്യുന്ന അവസ്ഥയിലാണ് കടുവ നാട്ടിലിറങ്ങുന്നത്. പൊതുവെ ഇവയുടെ ആക്രമണത്തിനിരയാകുന്നത് സ്വതന്ത്രമായി മേയാൻ വിടുന്ന കന്നുകാലികളാണ്. അടച്ചുറപ്പുള്ള കൂടുകളിൽ കന്നുകാലികളെ വളർത്തുകയെന്നതാണ് ഇവയുടെ ആക്രമണത്തിൽ നിന്നു രക്ഷിക്കാനുള്ള മാർഗ്ഗം.

മനുഷ്യരെ ആക്രമിക്കുകയും അപകടപ്പെടുത്തുകയും ചെയ്യുന്ന ജീവികളിൽ പ്രധാനപ്പെട്ടത് ആനകളും പുലികളും കാട്ടുപന്നികളും ആണ്. പ്രധാനമായും മൂന്നുകാരണങ്ങളാലാണ് ജീവികൾ മനുഷ്യരെ ആക്രമിക്കുന്നത്. തങ്ങളുടെ അധീനതയിലുള്ള പ്രദേശത്തേക്ക് മനുഷ്യൻ കടന്നു ചെല്ലുന്നത് അവയെ ആക്രമണത്തിനു പ്രേരിപ്പിക്കും. പ്രത്യേകിച്ചും പ്രത്യുത്പാദന കാലത്ത്. ഇത്തരം ആക്രമണങ്ങളെ ടെറിട്ടോറിയൽ അറ്റാക്ക് (territorial attack) എന്നാണ് അറിയപ്പെടുന്നത്. ഇരയാക്കുന്നതിനു വേണ്ടിയുള്ള ആക്രമണങ്ങളാണ് ഇനിയൊരു വിഭാഗം (predatory attack). മലക്കപ്പാറ, വാൽപ്പാറ എന്നിവിടങ്ങളിൽ പുലികൾ മനുഷ്യരെ അപകടപ്പെടുത്തിയ റിപ്പോർട്ടുണ്ട്.

പുലികൾ കഴിവതും കുട്ടികളെയാണ് നോട്ടമിടുന്നത്. കഴുത്തിലാണിവ പിടികൂടുന്നത്. പുലിയെ പിടികൂടുന്നതിന് ഇരയെ കെട്ടിയ കൂടുകൾ ഒരുക്കുകയാണ് ചെയ്യുന്നത്. ഇതിനായി മിക്കപ്പോഴും ഇരയായി കൂട്ടിനകത്തു നിർത്തുന്നത് നായ്ക്കളെ ആണ്. നീർനായകൾ മനുഷ്യരെ ആക്രമിച്ച സംഭവങ്ങളുമുണ്ട്. ഇവ സ്വയരക്ഷയ്ക്കായുള്ള ആക്രമണങ്ങളിൽ ഉൾപ്പെട്ടവയാണ്. (Defensive attack). ആനകളുടെ ആക്രമണവും ഇക്കൂട്ടത്തിൽ പെടുന്നു. ആനകൾ മനുഷ്യരെ ആക്രമിക്കുന്നത് മിക്കപ്പോഴും കുട്ടിയാന കൂടെയുള്ളപ്പോഴോ ഒറ്റയാൻ ആകുമ്പോഴോ ആണ്.



വന്യമൃഗങ്ങൾ നിമിത്തമുള്ള ഏതു നാശനഷ്ടത്തിനും വനം വകുപ്പ് നഷ്ട പരിഹാരം നല്കുമെങ്കിലും ഇത്തരം പ്രശ്നങ്ങൾക്കുള്ള ശാശ്വത പരിഹാരം അതൊന്നുമല്ല. തന്നെപ്പോലെ സ്വകാര്യതകളാസ്വദിച്ച് സ്വസ്ഥമായി ജീവിക്കാൻ മണ്ണിൽ പിറന്ന ഏതൊരു ജീവിക്കും അവകാശമുണ്ടെന്ന മനുഷ്യന്റെ തിരിച്ചറിവും അതിനനുസൃതമായ പ്രവർത്തനവും അതിനായി ആവശ്യമുണ്ട്. വനമേഖലകൾ വെട്ടിവെളുപ്പിച്ച് കൃഷിയിടങ്ങളാക്കാതിരിക്കുക, വനത്തിലെ ആവാസ വ്യവസ്ഥയ്ക്ക്കോട്ടംതട്ടത്തക്കവിധംസസ്യങ്ങളെ നശിപ്പിക്കാതിരിക്കുകയും വന വിഭവങ്ങൾ ശേഖരിക്കാതെയിരിക്കുകയും ചെയ്യുക, കാട്ടിനുള്ളിൽ ജീവികൾക്ക് ഉപയോഗപ്രദമാകത്തക്കവിധം ധാരാളം ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക, വന്യജീവികളുടെ സ്വകാര്യതകളിലേക്ക് കടന്നു ചെന്നു ശല്യപ്പെടുത്താതിരിക്കുക എന്നിവ അവയിൽ ചിലതാണ്. പകരം ചോദിക്കാൻ വന്യജീവികളെ നിർബന്ധിതരാക്കാതെ, അവയെ അവയുടെ ആവാസത്തിലെ ശല്യക്കാരാകാതെ, ജീവികളുടെ നിലനിൽപ്പിന് പ്രശ്നങ്ങൾ സൃഷ്ടിക്കാതെ ഒക്കെ നമുക്കു കാവലാളാകാം പ്രകൃതിയുടെ അരുമകൾക്ക്. നമ്മുടെ നിലനിൽപ്പിന് അവ പ്രശ്നമുണ്ടാക്കാതിരിക്കാൻ, അവ നമ്മെ ഉപദ്രവിക്കാതിരിക്കാൻ.●

ഫോട്ടോഫീച്ചർ

# ഇന്നലെകളിലെ കേരളം

## കേരളത്തിൽ സർവ്വസാധാരണമായി ഉപയോഗിച്ചിരുന്ന ഗാർഹികോപകരണങ്ങൾ











▲ **കറിമരവികൾ**
ഊട്ടുപുരകളിൽ വിവിധ കറികൾ വിളമ്പാൻ ഉപയോഗിക്കുന്ന ഒറ്റത്തടിയിൽ കടഞ്ഞെടുത്ത അറകളുള്ള ഉപകരണം



▲ **ഉറി:** മൺകലങ്ങളിലാക്കിയ ആഹാരസാധനങ്ങൾ കെട്ടിത്തൂക്കി സൂക്ഷിക്കുന്ന വീട്ടുപകരണം. ഓലയും ചകിരിയും ഇതിന്റെ നിർമ്മാണത്തിനുപയോഗിക്കാറുണ്ട്.



അമ്മിക്കല്ല്



▲ **എണ്ണക്കുടം:** എണ്ണയും മറ്റും സൂക്ഷിക്കാൻ ഉപയോഗിച്ചിരുന്നു. കയർ വരിഞ്ഞ മൺപാത്രം



**ഉരൽ**
അരി, മഞ്ഞൾ, മല്ലി, മുളക് എന്നിവ ഇടിച്ചു പൊടിയാക്കാൻ വീടുകളിൽ ഉപയോഗിച്ചിരുന്ന ഉപകരണം. ഉലക്ക ഉപയോഗിച്ചാണ് ഉരലിലെ ധാന്യങ്ങളും മറ്റും ഇടിച്ചിരുന്നത്.



▲ **കുഴിത്തവി:** അടുക്കളയിലും ഊട്ടുപുരകളിലും കറികൾ വിളമ്പുന്നതിന് ഉപയോഗിച്ചിരുന്ന തവി.



▲ **എണ്ണക്കൂജ (മരം):** യാത്ര ചെയ്യുമ്പോൾ എണ്ണയും മറ്റും സൂക്ഷിക്കാൻ ഉപയോഗിച്ചിരുന്ന പാത്രം



മുളം
പുട്ടുക്കുറ്റി

**പരിസ്ഥിതിനാശത്തിൽ നിന്നു കരകയറാൻ നാശോന്മുഖമായ ആവാസവ്യവസ്ഥകൾ തിരിച്ചുപിടിക്കുക, അവ സംരക്ഷിക്കുക, കുടിക്കാൻ ശുദ്ധജലവും ശ്വസിക്കാൻ ശുദ്ധവായുവും എല്ലാവരുടെയും അവകാശമാണ്, വരുംതലമുറയുടെയും...**

# മാറുക;

ഷിജു ഏലിയാസ്

മലയാള പരിസ്ഥിതിസാഹിത്യത്തിന്റെ ഭാവുകത്വ പരിണാമം കുറിച്ച ഒ.എൻ.വി കുറുപ്പിന്റെ ‘ഭൂമിക്കൊരു ചരമഗീതം‘ എന്ന കവിത 1984-ൽ ആണ് ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടത്. ഭൂമി നശിക്കും എന്നല്ല, ഭൂമിക്കു മുമ്പേ ഭൂമിയുടെ മക്കളായ മനുഷ്യർ ഇല്ലാതാവും എന്നാണ് ഇതിൽ കവി പറയുന്നത്. നിരുപാധിക പ്രകൃതി സ്നേഹം വഴിയുന്ന പാരിസ്ഥിതിക കവിതകളിൽ നിന്ന് വ്യത്യസ്തമായി, നിലനിൽപ്പിന്റെ ഉൽക്കണ്ഠകൾ പങ്കു വയ്ക്കുന്ന ഈ കവിത ശാസ്ത്രവും ദർശനവും സാമൂഹ്യ ശാസ്ത്രവും സൗന്ദര്യദർശനവും ജീവിതത്തിന്റെ ഉൽക്കണ്ഠകളും സമന്വയിക്കുന്ന ഒരു അപൂർവ്വ സൃഷ്ടിയാണ്. ഇതിൽ അമ്മസങ്കൽപ്പവും പ്രകൃതിബോധവും ഒന്നായിത്തീരുന്നു. മുലപ്പാൽ കുടിച്ചു വളർന്ന ഭൂമിയുടെ മക്കൾ അമ്മയുടെ ചങ്കുപിളർന്ന് ഹൃദയരക്തം കുടിക്കാൻ ആയുന്നതിന്റെ ചിത്രം, മലയാളകവിത കോമളപദങ്ങൾ കൊണ്ട് കോറിയ ഏറ്റവും ദാരുണമായ വാങ്മയ ചിത്രമാണ്. പശ്ചാത്യ സാഹിത്യ നിരൂപകർ ഇക്കോപോയട്രി എന്നു വിളിക്കുന്ന കാവ്യസ്വരൂപം എൻ.വി.കൃഷ്ണവാര്യർ, അയ്യപ്പപ്പണിക്കർ, സുഗതകുമാരി തുടങ്ങിയ നിരവധി പേരിലൂടെ മലയാളി മുമ്പേ തന്നെ പരിചയിച്ചിരുന്നു. ഭൂമിക്കൊരു ചരമഗീതം പ്രസിദ്ധീകരിക്കപ്പെട്ട് മൂന്നര പതിറ്റാണ്ടിനിപ്പുറം, ലോകം നേരിടുന്ന പാരിസ്ഥിതിക വെല്ലുവിളികൾ മൂർഛിച്ചിരിക്കുന്നു. ഹരിതഗൃഹ വാതകങ്ങൾ അന്തരീക്ഷ പാളിയിൽ വരുത്തിയ തുളകൾ പിന്നെയും വലുതായി. വനങ്ങൾ പിന്നെയും വെളുത്തു. സമുദ്രങ്ങൾ കൂടുതൽ മലിനമായി. ശ്വാസവായുവിൽ വിഷം കലർന്നു. ഭൂമിയിലെ ചതുപ്പുകൾ പിന്നെയും മണ്ണിട്ടു നികത്തപ്പെട്ടു. നദികളെ സമ്പന്നമാക്കിയ ചെറുനീർത്തോടുകളെ ശ്വാസം മുട്ടിച്ചു കൊണ്ട്, കൂടുതൽ പാർപ്പിട സമുച്ചയങ്ങളും ഷോപ്പിങ്ങ് കോംപ്ലക്സുകളും ഉയർന്നു. അശാസ്ത്രീയമായി നിർമിച്ച റോഡുകൾ ഭൂമിയുടെ ജലധമനികളെ പിളർന്നു. ആയിരക്കണക്കിനു വർഷങ്ങൾ അഴുകാതെ ശേഷിക്കുന്ന അജൈവ പാഴ്വസ്തുക്കൾ മണ്ണിലും ജലാശയങ്ങളിലും വലിച്ചെറിയപ്പെട്ടു. കോർപ്പറേറ്റ് ഭീമൻമാരുടെ സ്വാധീനത്തിൽ വികസന നയങ്ങൾ രൂപപ്പെടുത്തിയ ലോകത്തിലെ വൻകിട രാഷ്ട്രങ്ങൾ പാരിസ്ഥിതിക കൺവെൻഷനുകളിലെ തീരുമാനങ്ങളും യു.എൻ പ്രമേയങ്ങളും ജലരേഖകളാക്കി, വിനാശത്തിലേക്കുള്ള മുതലക്കൂപ്പ് തുടർന്നു. നിന്നിടത്തു തന്നെ നിൽക്കുക; അല്ലെങ്കിൽ, ദിശമാറി സഞ്ചരിക്കുക – ഇതാണ് പുതിയ കാലം നേരിടുന്ന വികസന പ്രതിസന്ധിയുടെ മർമ്മം. 2008

# അല്ലെങ്കിൽ, സർവ്വനാശത്തിന് തയ്യാറാവുക

ൽ ആരംഭിച്ച ആഗോള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ, ലോകത്തിന്റെവികസനകാഴ്ചപ്പാട്പുതിയൊരു ദിശാബോധത്തിലേക്ക് സംക്രമിക്കുന്നതിന്റെ സൂചനകൾ ഇന്നത്തെ വികസന സംവാദങ്ങൾ നൽകുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധി വികസന മുൻഗണനകൾ പൊളിച്ചെഴുതണമെന്ന ആവശ്യം ശക്തമാക്കി. സ്വയം മാറാതെ നിവൃത്തിയില്ലെന്ന ഘട്ടത്തിൽ ലോകം എത്തിയിരിക്കുന്നു എന്നർത്ഥം. ലോകത്തിലെങ്ങുമുള്ള വികസന പ്രവർത്തകരും വിദഗ്ധരും പരിസ്ഥിതി സൗഹാർദ്ദപരവും സുസ്ഥിരവുമായ പുതിയൊരു വികസന കാഴ്ചപ്പാട് വികസിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ്.

പരിസ്ഥിതിനാശത്തിന്റെ ദിശയിലുള്ള മനുഷ്യന്റെ ഒരുപ്പോക്ക് അവസാനിപ്പിക്കുക മാത്രമല്ല, നാശോന്മുഖമായ ആവാസവ്യവസ്ഥകൾ കഴിയും വിധം തിരിച്ചുപിടിക്കുക എന്നതും തുല്യ അളവിൽ പ്രധാനമാണ്. അതുതന്നെയാണ് ആവാസവ്യവസ്ഥകളുടെ സംരക്ഷണവും പുനരുജ്ജീവനവുമെന്ന ഈ വർഷത്തെ പരിസ്ഥിതി ദിന പ്രമേയത്തിലൂടെ യു.എൻ. ആവശ്യപ്പെടുന്നതും. ഒരു മഹാദുരന്തത്തിന്റെ വക്കിൽ നിൽക്കുന്ന ലോകത്തെ ഉണർത്താനുള്ള അപായമണിയാണ് ഈ ആഹ്വാനം. മനുഷ്യന്റെ ഇടപെടൽ മൂലം പ്രകൃതിയിൽ സംഭവിക്കുന്ന മാറ്റങ്ങൾക്ക് വരും തലമുറയോട് കണക്കു പറയാൻ നാം ബാധ്യസ്ഥരാണ്. കുടിക്കാൻ വെള്ളവും ശ്വസിക്കാൻ വായുവും ഇല്ലെങ്കിൽ, വികസനത്തിന്റെ എല്ലാ പരിവട്ടവും വെറുതെയാവും.

കുടിക്കാൻ ശുദ്ധജലമില്ലാതെ, വിഷലിപ്തമല്ലാത്ത ഭക്ഷണം ലഭിക്കാതെ, തദ്ദേശീയ സമൂഹങ്ങളെ അവരുടെ ആവാസകേന്ദ്രങ്ങളിൽ നിലനിൽക്കാൻ അനുവദിക്കാതെ, എന്തു വികസനമെന്ന ചോദ്യം എന്നത്തേതിലും ഉച്ചത്തിൽ കേൾക്കാൻ തുടങ്ങിയിട്ടുണ്ട്. മനുഷ്യന്റെ ഇടപെടൽ പ്രകൃതിയുടെ സന്തുലനത്തെ ബാധിക്കുന്ന മാറ്റങ്ങൾ ഉണ്ടാക്കുമ്പോൾ അതിന്റെആഘാതംഏൽക്കുന്നജീവഘടകങ്ങൾ, അതേ വേഗത്തിൽ മാറാൻ കഴിയാതെ, നാശത്തിലേക്ക് പതിക്കുന്നു. ഊർജതന്ത്രപരവും രസതന്ത്രപരവും ജീവശാസ്ത്ര പരവുമായ പാരസ്പര്യത്തിന്റെ കണ്ണികൾ പൊട്ടാതെ, മാറ്റങ്ങൾ കൊണ്ടുവരിക എന്നതാണ് ഇന്നത്തെ വികസന പരിപ്രേക്ഷ്യം നേരിടുന്ന വെല്ലുവിളി. അവിടെ, പാരിസ്ഥിതിക അവബോധത്തിന് ജീവന്റെ വിലയാണ്. വംശനാശം സംഭവിക്കുന്ന ഓരോ സസ്യവും അസംഖ്യം ജീവരൂപങ്ങളുടെ ആവാസവ്യവസ്ഥയും, ആഹാരശൃംഖലയിലെകണ്ണിയുമാണ്. അതിൽ സംഭവിക്കുന്ന ഭംഗം സസ്യാഹാരികളായ ജന്തുക്കളുടെയും കീടങ്ങളുടെയും നാശത്തിലേക്ക് നയിക്കും. ആഹാരശൃംഖലയിലെ കണ്ണികളായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന ജീവിവർഗങ്ങളുടെ പാരസ്പര്യത്തിന്റെ കണ്ണികൾ പൊട്ടുമ്പോൾ പ്രകൃതിയുടെ ജൈവസ്വരൂപം കീഴ്മേൽ മറിയും. അതിന്റെ ആഘാതം ഏറ്റവും കൂടുതൽ ബാധിക്കുക സ്വാഭാവിക അതിജീവന ക്ഷമത ഏറ്റവും കുറഞ്ഞ ജീവിവർഗങ്ങളിൽ ഒന്നായ മനുഷ്യനെത്തന്നെയായിരിക്കും.

വർഷത്തിൽ 1000 സെന്റിമീറ്ററിലധികം മഴ ലഭിക്കുന്ന ചിറാപുഞ്ചി മുതൽ വെള്ളം കിട്ടാക്കനിയായ താർ മരുഭൂമിയിലെ സ്ഥലങ്ങൾ വരെ, മഞ്ഞുമൂടിയ സൈബീരിയൻ തടങ്ങളും അന്റാർട്ടിക്കയും വരെ, ഓരോ പ്രദേശത്തും അവിടുത്തെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും ഇണങ്ങുന്ന ആവാസവ്യവസ്ഥകളുടെ വൈവിധ്യം കാണാം. ഈ ജൈവ ശൃംഖലകൾ നശിക്കുമ്പോൾ, പ്രകൃതിയുടെ ജീവരേഖകളാണ് ഒരിക്കലും തിരികെ പിടിക്കാനാവാത്ത വിധം മാഞ്ഞു പോകുന്നത്. പ്രകൃതിയുമായുള്ള നാഭീനാള ബന്ധം അറുത്തു കളഞ്ഞിട്ട്, ബാഹ്യമോടികളിൽ അഭിരമിക്കുന്നതല്ല വികസനം എന്ന് ലോകം മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. പ്രകൃതിയെ മറന്നുള്ള വ്യാവസായിക വികസനത്തിന്റെ പരമ്പരാഗത പാതയിൽ നിന്ന് ലോകം മാറി നടക്കണമെങ്കിൽ, ഈ അവബോധം ഭരണകൂടങ്ങളുടെ വികസന സമീപനത്തിന്റെ ഭാഗമായി മാറണം. അതിനു വേണ്ടിയുള്ള ജനകീയ സമ്മർദ്ദം, അമേരിക്കകൾ മുതൽ ആഫ്രിക്ക വരെ, ലോകത്തിന്റെ എല്ലാ കോണുകളിലും ഉയരുകയാണ്.

വൃക്ഷങ്ങൾ മുതൽ സൂക്ഷ്മസ



സ്യങ്ങൾ വരെയുള്ള സസ്യജാലവും മനുഷ്യൻ മുതൽ സൂക്ഷ്മ കീടങ്ങൾ വരെയുള്ള ജീവജാലവും ചേർന്ന ജൈവവൈവിധ്യം നിലനിർത്തേണ്ടത് ഈ ജൈവവ്യവസ്ഥയുടെ ഭാഗമായ മനുഷ്യന്റെ നിലനിൽപ്പിന് അനിവാര്യമാണ്. പ്രകൃതിയിൽ നിന്ന് വേറിട്ട് മനുഷ്യന് അസ്തിത്വമില്ല. സസ്യജന്തുജാലങ്ങൾ ഉൾപ്പെടുന്ന ജീവശൃംഖലയിലെ കണ്ണി മാത്രമാണ് മനുഷ്യനും. ഇനിമേൽ, ലോകത്തിലെ ജൈവവൈവിധ്യം നിലനിർത്തുക എന്നുള്ളത് നിരുപാധികമായ പ്രകൃതിസ്നേഹത്തിന്റെ കാര്യമല്ല; അത് മനുഷ്യന്റെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ഓരോ സസ്യവും ഓരോ ജന്തു വർഗ്ഗവും, ഓരോ സൂക്ഷ്മ കീടവും, ജീവശൃംഖലയിലെ കണ്ണിയാണ്. ജീവിവർഗങ്ങളുടെ പരസ്പരാശ്രിതത്വത്തിന്റെ കണ്ണികൾ ചേർന്ന ജൈവവ്യവസ്ഥയാണ് ഓരോ ആവാസവ്യവസ്ഥയും. ഈ പരസ്പരബന്ധിത വ്യവസ്ഥയിലെ ഒരു കണ്ണി തകർന്നാൽ മതി വ്യവസ്ഥയാകെ പ്രതിസന്ധിയിലാവാൻ.

സന്തുലിതമായ പ്രകൃതിയും സംതൃപ്തമായ ജീവിതവും തമ്മിൽ ബന്ധമുണ്ട്.ശ്വസിക്കുന്നവായുശുദ്ധമല്ലെങ്കിൽ മറ്റെല്ലാം വെറുതെയാണ്. നമ്മുടെ രാജ്യത്ത് 1974 മുതൽ ജലമലിനീകരണത്തിന് എതിരെ സാമാന്യം ശക്തമായ നിയമങ്ങൾ നിലവിലുണ്ട്. 1981 മുതൽ വായു മലിനീകരണത്തിനെതിരായും നിയമപരിരക്ഷയുണ്ട്. ഡി.ഡി.റ്റി. മുതലായ എത്രയെങ്കിലും മാരക രാസവസ്തുക്കൾ, മറ്റ് ലോക രാജ്യങ്ങളിൽ പലതിനും ശേഷമാണെങ്കിലും, ഇന്ത്യയിലും നിരോധിക്കപ്പെട്ടു. വ്യവസായശാലകളും വാഹനങ്ങളും വിഷകാരികളായ വാതകങ്ങൾ പുറത്തു വിടുന്നതിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുന്ന നിയമങ്ങൾ ഇപ്പോൾ നമുക്കുണ്ട്. പാരിസ്ഥിതിക അവബോധം സാമൂഹ്യജീവിതത്തിന്റെ ഭാഗമായി മാറാതെ ഈ നിയമങ്ങൾ പൂർണ്ണമായ അളവിൽ ഫലപ്രദമാവുകയില്ല. വിദ്യാഭ്യാസ പ്രക്രിയയുമായി ഇതിനെ അഭേദ്യമായി ബന്ധപ്പെടുത്തുക എന്ന ലക്ഷ്യം കേന്ദ്ര ഭരണ പ്രദേശങ്ങളിലും സംസ്ഥാനങ്ങളിലും നടക്കുന്ന സിലബസ് പരിഷ്ക്കരണങ്ങളിൽ അടങ്ങിയിട്ടുണ്ട്.

## പുതിയ കാലം പുതിയ ദർശനം

മാനവരാശിയുടെ നിലനിൽപ്പിനെ ആകെത്തന്നെ അപകടപ്പെടുത്തുന്ന നിലയിലാണ് ആധുനിക ലോകത്തിലെ ഉല്പാദന സങ്കേതങ്ങളും ഉൽപാദന പ്രക്രിയയും വളർന്നത്. ഉൽപ്പാദനത്തെ പ്രകൃതി സന്തുലനത്തിന്റെ സുസ്ഥിരതയിൽ നിന്ന് വേർപെടുത്തുക, തൊഴിലാളിയെ ഉൽപ്പാദനത്തിന്റെ നേട്ടങ്ങളിൽ നിന്നകറ്റി അന്യവൽക്കരിക്കുക എന്ന രീതിയാണ് ആധുനിക വൻകിട ഉൽപ്പാദനം അതിന്റെ തുടക്കം മുതൽ സ്വീകരിച്ചത്. വ്യവസായ വിപ്ളവത്തോടെ, മണ്ണും ജലവും സസ്യജന്തുജാലങ്ങളും അടക്കമുള്ള എല്ലാ പ്രകൃതി വിഭവങ്ങളും മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റാൻമാത്രമുള്ളതാണെന്നകാഴ്ചപ്പാട് വികസന സങ്കല്പങ്ങൾക്കു മേൽ ആധിപത്യം സ്ഥാപിച്ചു. പ്രകൃതി വിഭവങ്ങൾ (natural resources) എന്ന പദപ്രയോഗം പോലും ഈ അർത്ഥത്തിൽ രൂപം കൊണ്ടതാണ്. മനുഷ്യൻ പ്രകൃതിയുടെ യജമാനനാണെന്ന് വൻകിട ഉൽപ്പാദകർ സ്ഥാപിച്ചെടുത്തു. ഉൽപ്പാദിപ്പിക്കുക, കൂടുതൽ ഉൽപ്പാദിപ്പിക്കുക എന്ന ഏകദിശയിലാണ് അതിന്റെ പുരോഗതി. ഏതുതരം ഉല്പാദനവും ആവശ്യത്തിനു വേണ്ടിയാകണമെന്ന പ്രാഥമിക തത്ത്വത്തിന് അവിടെ സ്ഥാനമുണ്ടായില്ല. ഉൽപ്പാദനം സംഘടിപ്പിക്കപ്പെടേണ്ടത് ആവശ്യമായ അളവിലും, പ്രകൃതിയുടെ നിലനിൽപ്പിനെയും അതിന്റെ ലോലസന്തുലനത്തേയും ബാധിക്കാത്ത രീതിയിലുമാവണം എന്നത് വിസ്മരിക്കപ്പെട്ടു. 'ഉപകാരപ്രദമായ കൂടുതൽ ഉൽപ്പന്നങ്ങൾ ഉണ്ടാകുമ്പോൾ ഉപകാരമില്ലാത്ത കൂടുതൽ മനുഷ്യരും ഉണ്ടാകു'മെന്ന (Production of too many useful things results in too many useless people) കാൾ മാർക്സിന്റെ നിരീക്ഷണം ഈ വികസന കാഴ്ചപ്പാടിനോടുള്ള തീക്ഷ്ണപരിഹാസമാണ്. നിസ്സഹായനും സ്വന്തം ഭാഗധേയത്തിൽ പങ്കില്ലാത്തവനുമായ മനുഷ്യനെ സൃഷ്ടിക്കുന്നതാവരുത് വികസനം എന്ന ബോധ്യത്തിലേക്കാണ് പുതിയ കാലത്തെ സാമൂഹ്യാവബോധം വികസിച്ചു വരുന്നത്. അ

വിടെ ജീവന്റെ സ്രോതസുകളായ വായുവും ജലവും മണ്ണും വികസന സങ്കല്പത്തിന്റെ അച്ചുതണ്ടായി മാറുന്നു.

മനുഷ്യൻ ഇല്ലാതായാലും പ്രകൃതിയിലെ ജൈവസമ്പത്ത് നിലനിൽക്കും. എന്നാൽ, പ്രകൃതിയുടെ ലോലസന്തുലനത്തിലെ നേരിയ വ്യതിയാനങ്ങൾ പോലും മനുഷ്യന്റെ നിലനിൽപ്പിന് ഭീഷണിയുയർത്തും. ആവാസവ്യവസ്ഥയുടെ സുഗമമായ നിലനിൽപ്പിൽ ജീവിവർഗങ്ങളുടെ പരസ്പരാശ്രിതത്വം പ്രധാനമാണ്. ചില സസ്യങ്ങളും ജന്തുക്കളും ഇല്ലാതാകുന്നത് മറ്റു ചില സസ്യജന്തു വർഗ്ഗങ്ങളുടെ എണ്ണം ക്രമാതീതമായി പെരുകുന്നതിനും മറ്റ് ചില സ്പീഷീസുകൾ ഇല്ലാതാകുന്നതിനും ആവാസവ്യവസ്ഥ തകിടം മറിയുന്നതിനും ഇടയാക്കും. അതിവ്യാപനശേഷി കൈവരിക്കുന്ന ഒരു വൈറസിന് മാനവരാശിയെ മുഴുവൻ ആശങ്കയുടെ മുൾമുനയിൽ നിർത്താൻ കഴിയുമെന്ന് കൊവിഡ്-19 വ്യാപനത്തിന്റെ അനുഭവങ്ങൾ നമ്മെ ബോധ്യപ്പെടുത്തിയിരിക്കുന്നു. പ്രകൃതിയുടെ സന്തുലനം എത്രമാത്രം ലോലമാണെന്നും അതിലുണ്ടാകുന്ന ഭംഗം മാനവരാശിയുടെ നിലനിൽപ്പിന് എത്രകണ്ട് ഭീഷണിയാണെന്നും ഇത് കാണിക്കുന്നു. സ്വന്തം ആവാസവ്യവസ്ഥകളായി പ്രവർത്തിച്ച ജീവശരീരങ്ങളിൽ രോഗകാരികളാവാതെ നിലനിന്ന സൂക്ഷ്മജീവികൾ മനുഷ്യശരീരത്തിൽ പുതിയ ആവാസവ്യവസ്ഥകൾ കണ്ടെത്തുകയാണെന്ന നിരീക്ഷണം വരുന്നുണ്ട്. മനുഷ്യൻ പ്രകൃതിയിൽ ഇടപെടുന്നത് ഒരു സുസ്ഥിര വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം. മറിച്ചായാൽ, മനുഷ്യന്റെ നിലനിൽപ്പിനെ അപകടപ്പെടുത്തുന്ന പ്രത്യാഘാതങ്ങളായി അത് തിരിച്ചടിക്കും. കാട്ടുതീ മുതൽ ഓസോൺ പാളിയുടെ ശോഷണം വരെ, എത്രയെങ്കിലും ദൃഷ്ടാന്തങ്ങളിലൂടെ, അതു നമ്മെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പല വികസിത രാജ്യങ്ങളിലും ഈ ദിശയിലുള്ള നയരൂപീകരണം ആരംഭിച്ചു കഴിഞ്ഞു. എന്നാൽ, അതിപ്പോഴും പ്രാരംഭദശയിലാണ്. ജനങ്ങളുടെ മാറുന്ന വികസനാവബോധത്തിന് ബഹുകാതം പിറകിലാണ് ഭരണകൂടങ്ങൾ. പലയിടത്തും ഇത്തരത്തിലുള്ള ചിന്തകൾ പോലും പ്രാഥമികദശയിലാണ്.

സസ്യജന്തുജാലങ്ങളുടെ പരസ്പര പ്രവർത്തനത്തിലൂടെയാണ് പ്രകൃതിയുടെ സന്തുലനം നിലനിൽക്കുന്നത്. ഈ പാരസ്പര്യം വളരെ സങ്കീർണമായ ഒന്നാണ്. സസ്യ- ജന്തു ശൃംഖലയിലെ കണ്ണികൾ മുറിയുന്നതോടെ പ്രകൃതിയിലെ ലോലസന്തുലനം അപകടത്തിലാവും. ആവാസവ്യവസ്ഥകളുടെ വൈവിധ്യവും വൈപുല്യവും കൊണ്ട് സവിശേഷമായ വനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും ശോഷണം ഇപ്പോഴും തുടരുകയാണ്. ലോകത്തിലെ കരഭൂമിയുടെ ഏകദേശം 31 ശതമാനമാണ് ഇന്നത്തെ വനവിസ്തൃതി. ഇതിൽ പകുതിയോളം മാത്രമേ നല്ല രീതിയിൽ പരിപാലിക്കപ്പെടുന്നുള്ളൂ. ഇതിൽ മൂന്നിൽ ഒന്ന്, അഥവാ ഭൂമിയുടെ കരവിസ്തൃതിയിൽ ഏകദേശം 10 ശതമാനം, മാത്രമാണ് മനുഷ്യന്റെ ബാഹ്യ ഇടപെടലുകളിൽനിന്ന് ഏറെക്കുറെ മുക്തമായി ശേഷിക്കുന്നത്. ഏകദേശം നാല് ബില്യൻ ഹെക്ടറാണ് ലോകത്തിലെ ഇന്നത്തെ മൊത്തം വനവിസ്തൃതി. ഇത് ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വീതം വെച്ചാൽ ഒരാൾക്ക് 5000 ച. മീറ്റർ, അതായത് ഒന്നേകാൽ ഏക്കറോളം, ആണ് ലഭിക്കുക. മാത്രവുമല്ല, റഷ്യ, ബ്രസീൽ, കാനഡ, അമേരിക്കൻ ഐക്യനാടുകൾ, ആസ്ട്രേലിയ, ചൈന, ആഫ്രിക്കയിലെയും ലാറ്റിൻ അമേരിക്കയിലെയും ചില പ്രദേശങ്ങൾ എന്നിങ്ങനെ പത്ത് രാജ്യങ്ങളിലാണ് ലോകത്തിലെ വനവിസ്തൃതിയുടെ സിംഹഭാഗവും. മറ്റു രാജ്യങ്ങളിലെ വനസാന്നിധ്യം ഏറെക്കുറെ നാമമാത്രമാണ്. 1990നും 2020നും ഇടയിൽ 400 ബില്യൻ ഹെക്ടറിലധികം വനങ്ങൾ നശിപ്പിക്കപ്പെട്ടു. വനനശീകരണത്തിന്റെതോത് കുറഞ്ഞിട്ടുണ്ടെങ്കിലും അത് കാര്യമായ അളവിൽ ഇന്നും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത നിലനിൽക്കുന്നു. ഏറ്റവും പുതിയ കണക്കെടുത്താൽ, 2015 ന് ശേഷവും പത്ത് മില്യൺ ഹെക്ടർ' വനം ഓരോ വർഷവും നശിപ്പിക്കപ്പെടുന്നുണ്ട്. ലോകത്തിലെ സ



സ്യജന്തുജാലങ്ങളിൽ 80 ശതമാനത്തിലധികവും വനങ്ങളിലാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. അസംഖ്യം സസ്യ, ജന്തു സ്പീഷീസുകൾ വംശമറ്റ് പോയതിന്റെ ഏറ്റവും പ്രധാന കാരണവും ഇതുതന്നെയാണ്.

അശാസ്ത്രീയവും കൃത്യമായ നിബന്ധനകൾ ഇല്ലാത്തതുമായ ഭൂവിനിയോഗത്തിന് തടയിടുക എന്നതു മാത്രമാണ് വനവിസ്തൃതിയും ജൈവവൈവിധ്യവും സംരക്ഷിക്കുന്നതിനുള്ള മാർഗം. പാർപ്പിടത്തിനും മറ്റ് അടിസ്ഥാന ആവശ്യങ്ങൾക്കും വേണ്ടിയെന്ന പേരിലാണ് വനങ്ങളും തണ്ണീർത്തടങ്ങളും ഏറിയ കൂറും നശിപ്പിക്കപ്പെടുന്നത്.' അതു കൊണ്ടു തന്നെ, പരിസ്ഥിതി സംരക്ഷണമെന്ന ആവശ്യം വികസനത്തിന് എതിരായ ഒന്നായാണ് പലപ്പോഴും മനസ്സിലാക്കപ്പെടുന്നത്. പരിസ്ഥിതി സൗഹൃദപരവും സുസ്ഥിരവുമായ പുതിയൊരു വികസന സമീപനം വികസിപ്പിച്ചും അതിന് നിയമപരിരക്ഷ നൽകിയും മാത്രമേ ഇതിനെ മറികടക്കാനാവൂ.



വാണിജ്യാടിസ്ഥാനത്തിലുള്ള കോർപ്പറേറ്റ് കൃഷി ലോകത്തിലെ സസ്യ, ജന്തു വൈവിധ്യം നഷ്ടപ്പെടുത്തുന്ന കാരണങ്ങളിൽ ഒന്നാണ്. പതിനായിരക്കണക്കിന് ഏക്കർ പ്രദേശങ്ങൾ ഒരുമിച്ച് കാടു തെളിച്ച് വെളുപ്പിച്ചെടുക്കുകയും, യന്ത്രങ്ങളുപയോഗിച്ച് ഉഴുതുമറിച്ച് കൃഷിയിറക്കുകയും ചെയ്യുന്ന ലാഭകരമായ കോർപ്പറേറ്റ് ശൈലി ഇപ്പോഴും തുടരുന്നു. ഭക്ഷ്യവിളകളിൽ നിന്ന് നാണ്യവിളകളിലേക്കുള്ള മാറ്റവും വലിയ തോതിൽ ഇതിനെ സ്വാധീനിച്ചിട്ടുണ്ട്. വ്യാവസായിക ആവശ്യങ്ങൾക്കുള്ള വിളകളാണ് കോർപ്പറേറ്റ് കൃഷിയിലൂടെ വലിയ ഒരളവു വരെ ഉത്പാദിപ്പിക്കപ്പെടുന്നത്. സമ്പന്ന രാഷ്ട്രങ്ങളിൽ നിന്നുള്ള ലാഭക്കൊതിയൻ കോർപറേറ്റുകളാണ് പട്ടിണിയായ മനുഷ്യരുടെ നാടുകളിലെ മണ്ണും ജീവനും കൊള്ളയടിക്കുന്നത് എന്നതാണ് ആഗോളവൽക്കരണ കാലത്തെ വൈപരീത്യം. ജൈവസമ്പന്നവും ജലസമൃദ്ധവുമായ പ്രദേശങ്ങളിലെ ജൈവസമ്പത്ത് നശിപ്പിച്ചു വിളവിറക്കുന്നതാണ്, ജലലഭ്യത ഇല്ലാത്തതും ജൈവ സാന്ദ്രത കുറഞ്ഞതുമായ പ്രദേശങ്ങളിൽ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തിയും മണ്ണിന്റെ ഫലപുഷ്ടി വർധിപ്പിച്ചും കൃഷി വ്യാപിപ്പിക്കുന്നതിലും ലാഭകരമായി ഇവർ കാണുന്നത്.

ജനിതക ശാസ്ത്ര സങ്കേതങ്ങൾ ഉപയോഗിച്ച് പുതിയ ഇനം സസ്യങ്ങളെ വികസിപ്പിച്ചെടുക്കുന്ന രീതി ആധുനിക കൃഷിയുടെ മഹത്തായ നേട്ടങ്ങളിൽ ഒന്നാണ്. ഇവ ഗുണനിലവാരം കൂടിയ ഇനങ്ങളാണ് എന്ന് പറയുന്നത് പ്രയോജനപരമായ അർത്ഥത്തിൽ മാത്രമാണ്. ഭക്ഷ്യക്ഷാമം പരിഹരിക്കുക, കൃഷി ലാഭകരമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ നേടാൻ ഈ ശാസ്ത്ര,സാങ്കേതിക നേട്ടങ്ങൾ സഹായകരമാണ്. ഇതിനൊരു മറുവശമുണ്ട്. പുതിയ വിത്തിനങ്ങൾ ഒരർത്ഥത്തിൽ മികച്ചതാവുമ്പോൾ, മറ്റൊരർത്ഥത്തിൽ, പ്രകൃതിയോട് ഇണങ്ങിച്ചേരാനും പ്രതികൂല സാഹചര്യങ്ങളെ നേരിടാനുമുള്ള അതിന്റെ കഴിവ് നഷ്ടപ്പെട്ടുവെന്നും വരാം. ഉൽപ്പാദനശേഷിക്കൊപ്പം അതിജീവനക്ഷമത കൈവരണമെന്നില്ല എന്നർത്ഥം. മൂല ഇനങ്ങളിൽ ജനിതക സാങ്കേതിക വിദ്യ പ്രയോഗിച്ചാണ് അത്യുൽപ്പാദന ശേഷിയുള്ള ഇത്തരം ഇനങ്ങൾ വികസിപ്പിച്ചെടുക്കുന്നത്. എന്നാൽ, ഇവ ഒരിക്കലും തന്നെ ഈ ഗവേഷണ പ്രയോഗങ്ങൾക്ക് മൂലാധാരങ്ങളായ തനത് ഇനങ്ങൾക്ക് പകരമല്ല. അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളുടെ പ്രചാരം തനത് ഇനങ്ങളുടെ വംശനാശത്തിലേക്ക് നയിക്കുന്നത് ആശങ്കാജനകമാണ്. നാടൻ ഇനങ്ങൾ സംരക്ഷിക്കുക എന്നത് പ്രധാനമാണ്. സർക്കാരുകളുടെയും സന്നദ്ധ പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും മുൻകൈയിൽ ഇതിനു വേണ്ടിയുള്ള ശ്രമങ്ങൾ പലയിടത്തും ആരംഭിച്ചിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനം വലിയൊരളവുവരെ മനുഷ്യസ്രഷ്ടമാണ്. തത്വദീക്ഷയില്ലാത്ത വ്യാവസായിക വികസനമാണ് അതിനിടയാക്കുന്ന മനുഷ്യസ്രഷ്ട ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്ന്. ഉത്പാദനം മനുഷ്യനും മനുഷ്യന്റെ ആവശ്യങ്ങൾക്കും വേണ്ടിയാവണമെന്ന പ്രാഥമിക ബോധ്യത്തിലേക്ക് തിരിച്ചു വരാൻ ഇനിയും വൈകിക്കൂടാ. വനനശീകരണം, സമുദ്രങ്ങളുടെ മലിനീകരണം, മണ്ണിനെ ഊഷരമാക്കുന്ന ഭൂവിനിയോഗം, ജൈവവൈവിധ്യത്തിന്റെ ശോഷണം എന്നിങ്ങനെ ബഹുവിധങ്ങളായ പാരിസ്ഥിതിക വെല്ലുവിളികൾക്കു നടുവിലാണ് ആധുനിക മനുഷ്യൻ ജീവിക്കുന്നത്. വികസന സങ്കൽപ്പങ്ങൾ പൊളിച്ചെഴുതാതെ ഈ ദൂഷിത വലയത്തിൽ നിന്ന് മനുഷ്യന് പുറത്തു കടക്കാനാവില്ല. ജീവികൾക്ക് പരിസ്ഥിതിയുമായുള്ള അഭേദ്യബന്ധത്തെക്കുറിച്ചും അവയുടെ പരസ്പരാശ്രിതത്വത്തെക്കുറിച്ചുമുള്ള പൊതുസമൂഹത്തിന്റെ അവബോധം ശക്തിപ്പെടുകയാണ്. പാരിസ്ഥിതിക സങ്കൽപ്പം വികസന കാഴ്ചപ്പാടിന്റെ അച്ചുതണ്ടായി മാറണം. അതെ, അതു തന്നെയാണ് അതിജീവനത്തിന്റെ വഴി.●



# പത്തനംതിട്ടയ്ക്ക് ഒരു വാഴ്ത്തുപാട്ട്

**ദേശത്തിന്റെ കവിതകൾ പലപ്പോഴും മനുഷ്യരുടെ മാത്രമല്ല ഇതര ചരാചരങ്ങളുടെയും പ്രകൃതിയുടെയും ഗീതകങ്ങളാണ്. റബ്ബർ തോട്ടങ്ങളിലൂടെ നടന്നുപോവുകയാണെങ്കിൽ ആകാശം തൊടുന്ന മലനിരകളെ കാണാം.**

ജേക്കബ് ഏബ്രഹാം

പത്തനംതിട്ടയെ പാട്ടിൽ കെട്ടാമോയെന്ന് പലപ്പോഴും ഞാൻ ആലോചിച്ചിട്ടുണ്ട്. ഇടുക്കിക്ക് സിനിമാ പാട്ടുണ്ട്, കോഴിക്കോടിനുമുണ്ട് ഖൽബിലെ തേനൊഴുകുന്ന ഒരു പാട്ട്. പാലക്കാടിന് നഞ്ചമ്മയുടെ അട്ടപ്പാടി പാട്ടുണ്ട്. അങ്ങനെ പല ജില്ലകളെയും പാട്ടിൽ കൊരുത്തിടുന്നുണ്ട് ഇപ്പോൾ നമ്മുടെ കവികൾ.. അത്തരം പാട്ടുകളിൽ പലപ്പോഴും നാടിന്റെ താളം തന്നെ വരികളിൽ നിറയുന്നുണ്ട്. കോയിക്കോടിന്റെ പാട്ടിൽ ദം ബിരിയാണിയും അലുവയും ആണെങ്കിൽ ഇടുക്കിയുടെ പാട്ടിൽ കാറ്റും മഞ്ഞുമാണ്. അട്ടപ്പാടിയുടെ പാട്ടിൽ നിറയെ ഗോത്രഭാഷയുടെ തനിമയാണ്..

പത്തനംതിട്ടയെ പാട്ടിൽ ആവിഷ്കരിക്കുകയാണെങ്കിൽ എന്തൊക്കെ ഉൾപ്പെടുത്തേണ്ടിവരും. കടമ്മനിട്ട പടേണിയുടെ താളം വേണം, വഞ്ചിപ്പാട്ടിന്റെ വായ്ത്താരി ഉറപ്പായും വേണ്ടി വരും. ശബരിമലയിലേക്ക് പോകുന്ന അയ്യപ്പന്മാരുടെ ശരണം വിളികൾ വേണം. എരുമേലിയിലെ പള്ളിയിലെ പേട്ടതുള്ളൽ വേണം. പള്ളിമണികളുടെ നാദവും ക്രിസ്മസ് കരോളും വേണം. അതുമാത്രം മതിയോ നാട്ടുവഴികൾ, മൊഴികൾ, മരങ്ങൾ എല്ലാം വേണ്ടേ...പിന്നെയുമുണ്ട് പാട്ടിൽ കെട്ടേണ്ട കാര്യങ്ങൾ .

പത്തനംതിട്ടയുടെ രുചിയും പാട്ടിൽ അടയാളപ്പെടുത്താം. അതിൽ എന്തൊക്കെ കാര്യങ്ങൾ ഉൾപ്പെടുത്താമെന്ന് ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്. അവലോസുണ്ട, അച്ചപ്പം, കൊഴലപ്പം, ചക്ക ഉപ്പേരി, കടുമാങ്ങാ അച്ചാർ, ഇടിച്ചമന്തി എന്നിവയൊക്കെയാണ് പ്രവാസികളുടെ മടങ്ങിപ്പോക്ക് പെട്ടിയിൽ പലപ്പോഴും പത്തനംതിട്ടക്കാർ കൊടുത്തുവിടുന്നത്. ബീഫു വിട്ടൊരു കളിയില്ലാത്തതു പോലെയാണ് ആറന്മുള സദ്യയുടെ രുചിപ്പെരുമയും. വൈവിധ്യങ്ങളുടെ പത്തനംതിട്ട അടുക്കളകളിൽ കപ്പവേ





**രണ്ടു പത്തനംതിട്ടക്കാർ തമ്മിലുള്ള സംഭാഷണം ഇങ്ങനെയാകാം. എല്ലാത്തിനും 'ഓ' എന്ന വ്യാക്ഷേപകത്തിന്റെ ആക്ഷേപം കൂട്ടിയുള്ള വർത്തമാനം കേട്ടാൽ ഉറപ്പിക്കാം പത്തനംതിട്ടയുടെ മുഴക്കം.**

വിച്ചതും ചക്ക വേവിച്ചതുമൊക്കെ ഇന്നും വേവുന്നുണ്ട്. ദേശത്തിന്റെ ആമാശയത്തെ നിറച്ചിരുന്നത് നാട്ടിൽ വളരുന്ന കിഴങ്ങും പഴങ്ങളുമൊക്കെയായിരുന്നു. തോട്ടവിളകളുടെ സമൃദ്ധമായ നാടുകൂടിയാണ് പമ്പയുടെ തീരങ്ങൾ. റംബൂട്ടാൻ എന്ന പേരിലറിയപ്പെടുന്ന ചുവന്ന തോടിനുള്ളിൽ ഒളിച്ചിരിക്കുന്ന ചെറുപഴം ആറ്റിറമ്പിലെ വീടുകളിൽ മിക്കയിടങ്ങളിലും കാണാം. ഇതൊക്കെയും പാട്ടിൽ നിറയ്ക്കേണ്ടി വരും.

പാട്ടിനെ വിട്ട് നാട്ടിലേക്കിറങ്ങിയാൽ ഒരുപാട് കാണാനുണ്ട് , പറയാനുണ്ട് പത്തനംതിട്ടയിലെ മലനിരകൾക്കും ഇടവഴികൾക്കും. ദേശത്തിന്റെ കവിതകൾ പലപ്പോഴും മനുഷ്യരുടെ മാത്രമല്ല ഇതര ചരാചരങ്ങളുടെയും പ്രകൃതിയുടെയും ഗീതകങ്ങളാണ്. റബ്ബർ തോട്ടങ്ങളിലൂടെ നടന്നുപോവുകയാണെങ്കിൽ ആകാശം തൊടുന്ന മലനിരകളെ കാണാം. കിഴക്കൻ മലകളിൽ നിന്ന് ശരിക്കും കോട്ടയത്തിന് അപ്പുറത്തുനിന്നാണ് പത്തനംതിട്ടയിലേക്ക് റബ്ബർകുരു വന്നത്. കാഞ്ഞിരപ്പള്ളിയിലൂടെ പണ്ട് പണ്ട് സായിപ്പന്മാർ റബ്ബർക്കുരു നിറച്ച കാളവണ്ടിയുമായ് പോയപ്പോൾ ആ നാട്ടിലെ ചില മനുഷ്യർ റബ്ബർകുരു മോഷ്ടിച്ച് റബ്ബർ തോട്ടം നട്ടുപിടിപ്പിച്ച് വലിയ പ്ലാന്റർമാരായ കഥ കവയിത്രി റോസ്മേരി ഒരിക്കൽ പറഞ്ഞിട്ടുണ്ട്. പത്തനംതിട്ടയുടെ മലനിരകളെയും കോർഫി സായിപ്പിന്റെ റബ്ബർക്കുരുക്കൾ തോട്ടമാക്കി. പക്ഷേ, ഇന്ന് റബ്ബറിന് വില യിടിഞ്ഞതോടെ പത്തനംതിട്ടയിലെ റബ്ബർകർഷകർ ആശങ്കയിലാണ്. പലരും തോട്ടം വെളുപ്പിച്ച് മറ്റു പലതും കൃഷിചെയ്തു തുടങ്ങി. കല്ലുകയ്യാലകൾ കയറിക്കയറി കുട്ടിക്കാലത്ത് പാറച്ചെരുവുകളിലൂടെ നടക്കുന്നതായിരുന്നു കുട്ടിക്കാലത്തെ ദേശമെഴുത്ത്.

പത്തനംതിട്ടയിലെ ഇലന്തൂർ എന്ന ഗ്രാമത്തിലാണ് എന്റെ വീട്. നീലിച്ച മലനിരകളുടെ താഴ്വാരത്താണ് വീട്. റബ്ബർത്തോട്ടങ്ങൾക്കിടയിലൂടെ കടന്നുപോകുന്ന പാതകൾ ഈ പ്രദേശത്തെ മനുഷ്യരുടെ ജീവിതത്തെ അടയാളപ്പെടുത്തുന്നുണ്ട്. കിഴക്കൻ മലകളിൽ നിന്നും കോർഫി സായിപ്പ് കൊണ്ടുവന്നു കുഴിച്ചിട്ട റബ്ബർകുരുക്കൾ കോട്ടയത്തെ മലനിരകളെ മാറ്റിപ്പണിതതുപോലെ പത്തനംതിട്ടയുടെ ഭൂമിശാസ്ത്രവും വിശ്വാസങ്ങളും സ്നേഹബന്ധങ്ങളുമൊക്കെ മാറ്റിപണിയുകയായിരുന്നു. ഒരു എഴുത്തുകാരൻ എന്ന നിലയിൽ എന്റെ നാട്ടിലെ മലനിരകളെയും ജീവിതത്തെയും എഴുതാനുള്ള ശ്രമങ്ങളാണ് ഞാനേറെയും നടത്തിയിട്ടുള്ളത്. 'വിഷമവൃത്തങ്ങളിൽ വിശുദ്ധർ' എന്ന നോവലിൽ എന്റെ നാടിനെ അത്രയും പകർത്തിയെഴുതാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. പത്തനംതിട്ടയുടെ ഹൃദയമുള്ള നോവൽ എന്ന് ആ കൃതിയെക്കുറിച്ച് പല നിരൂപകരും അഭിപ്രായപ്പെട്ടപ്പോൾ ശരിക്കും സന്തോഷം തോന്നി. പളളിയും അമ്പലവും കാവും റബ്ബർ തോട്ടങ്ങളും മനുഷ്യരും മൃഗങ്ങളും പക്ഷികളും മഴയുമൊക്കെ പത്തനംതിട്ടയെ പ്രതിനിധീകരിച്ച് ആ നോവലിൽ വന്നുപോയി.

രണ്ടു പത്തനംതിട്ടക്കാർ തമ്മിലുള്ള സംഭാഷണം ഇങ്ങനെയാകാം. എല്ലാത്തിനും 'ഓ' എന്ന വ്യാക്ഷേപകത്തിന്റെ ആക്ഷേപം കൂട്ടിയുള്ള വർത്തമാനം കേട്ടാൽ ഉറപ്പിക്കാം പത്തനംതിട്ടയുടെ മുഴക്കം.

- എന്തൊക്കെയുണ്ട് വിശേഷം..?

ഓ ...എന്തോ പറയാനാ.. ഇങ്ങനെയൊക്കെ പോകുന്നു

-ജീവിതം എങ്ങനെയുണ്ട്..?

ഓ.. തട്ടീം മുട്ടീം ഒപ്പിച്ചുപോകുന്നു

നമുക്കൊരു ചായകുടിച്ചാലോ..

- ഓ..

റബ്ബർ പോലെ പത്തനംതിട്ട കയറ്റി അയച്ചുകൊണ്ടിരിക്കുന്ന മറ്റൊരു മനുഷ്യവിഭവശേഷിയാണ് നേഴ്സുമാർ. ലോകത്തിന്റെ ഏതു ഭാഗത്തു പോയാലും വമ്പൻ ആശുപത്രികളിലെ നേഴ്സുമാരുടെ സംഘത്തിൽ ഒരു പത്തനംതിട്ടക്കാരനോ/ പത്തനംതിട്ടക്കാരിയോ കണ്ടേക്കാം. കവി കടമ്മനിട്ടയുടെ നാടായ കടമ്മനിട്ടയ്ക്കു പോകുമ്പോൾ കാണാം പാതയ്ക്കിരുവശവും എള്ളിൻതണ്ട് മണക്കുന്ന വയലുകൾ. മതസൗഹാർദ്ദത്തിന് പേരു കേട്ട ഇടംകൂടിയാണ് എന്റെ ദേശം. ശബരിമലയും മാരാമൺ കൺവൻഷനും വാവരുപള്ളിയും ഒക്കെ ഒരു പോലെ കേരളത്തിന്റെ മഹത്തായ സെക്കുലർ മനസ്സുമായി നിൽക്കുന്ന ഇടം .

ദേശത്തെ എഴുതാനിരിക്കുമ്പോൾ കാവാലത്തിന്റെ ഒരു കവിതയാണ് മനസ്സിലേക്ക് പടേണി താളത്തിലെത്തുന്നത്. ഞങ്ങളുടെ നാടിന്റെ ഗോത്രശരീരമാണ് പടേണി. ചൂട്ടുപടേണി എന്ന കവിതയിൽ കാവാലം ചൊല്ലുന്നു:

'ചൂട്ടുകളുടെ കട്ടവെളിച്ചത്തിൽ
ചുവരില്ലാത്ത കളത്തിൽ
പഴയ കുടുംബമഹത്വത്തിൽ
പർവ്വതമുകളിൽ
പലരും കയറാത്ത മുനമ്പൻ
കൊടുമുടിമുകളിൽ
മുത്തി നീ കയറുമ്പോൾ
പുരുഷാരം പുകിലെന്തന്നറിയാതെ പകച്ചു'

എന്റെ നാടിന്റെ ഈണങ്ങളിൽ ഒന്ന് കാതോർത്താൽ ഇന്നും കേൾക്കാം ഒരു മലയോരഗ്രാമത്തിന്റെ താളവും ഈണവും .●

***കഥാകൃത്തും നോവലിസ്റ്റുമാണ് ലേഖകൻ***



# ഈസ് ഓഫ് ലിവിംഗ് സർവേ

ആർ. ഷൈനി

രാജ്യത്തെ ഗ്രാമീണ ദരിദ്രജനതയുടെ ദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിനുള്ള നയതീരുമാനം കൈക്കൊണ്ട് പദ്ധതികൾ ആവിഷ്കരിച്ച് ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയാണ് ഗ്രാമവികസന പരിപാടികളിലൂടെ നടപ്പിലാക്കുന്നത്. ദരിദ്രരുടെ അവകാശങ്ങൾ, ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ, പൊതു സൗകര്യങ്ങൾ, തൊഴിലുകൾ, ആരോഗ്യ പരിരക്ഷ, വീട് നൽകൽ, സാമൂഹിക സംരക്ഷണം, പൊതുവിതരണ സംവിധാനം, ജീവിതഭാരം ലഘൂകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി സർക്കാർ ഗണ്യമായ നിക്ഷേപം നടത്തുന്നുണ്ട്. വിവിധമന്ത്രാലയങ്ങളുടെ പദ്ധതി സംയോജനത്തിലൂടെയാണ് ഈ സംരംഭങ്ങൾ സാധ്യമാക്കിയിരിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് (IRMA) നടത്തിയ വിലയിരുത്തൽ പഠനങ്ങളിൽ SHG കൾ DAY-NRLM, MGNREGA തുടങ്ങിയ പദ്ധതികളിലൂടെ വരുമാനം, ഉൽപാദനം, ജലസംരക്ഷണം തുടങ്ങിയവയിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

2011 മുതൽ നടത്തിയ Socio Economic and Caste Census സർവ്വേ ഡാറ്റായുടെ അടിസ്ഥാനത്തിലാണ് ദാരിദ്ര്യ ദുരിതം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തിയിരിക്കുന്നത്. എന്തിനായാണ് സർവേ നടത്തുന്നത് എന്നു കൃത്യമായി അറിയിക്കാതിരുന്നതുമൂലം യഥാർഥ വിവരങ്ങളാണ് സർവേയിലൂടെ വെളിപ്പെട്ടത്. ദരിദ്രർ നേരിടുന്ന ബഹുമുഖ ദാരിദ്ര്യാവസ്ഥകളെ കണ്ടെത്തുവാൻ SECC ഡാറ്റാ








**വാമനപുരം ബ്ലോക്ക് പഞ്ചായത്തിലും വിവിധ പഞ്ചായത്തുകളിലും നടന്ന ഈസ് ഓഫ് ലിവിംഗ് സർവ്വേ ഉദ്ഘാടനങ്ങൾ**

യിലൂടെ സാധിച്ചിട്ടുണ്ട്. തെളിവിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി എളുപ്പത്തിൽ കണ്ടെത്താൻ കഴിയുന്ന ദാരിദ്ര്യമാനദണ്ഡങ്ങൾ ആണ് SECC ഡാറ്റയുടെ മുഖ്യസത്ത. കേന്ദ്രഗ്രാമവികസന മന്ത്രാലയം രാജ്യവ്യാപകമായി നടത്തിയ SECC 2021 സർവേയിലൂടെ കണ്ടെത്തിയ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തുന്നതിനായാണ് ഈസ് ഓവ് ലിവിങ് സർവ്വേ നടത്തുന്നത്. കേരളത്തിലെ SECC ലിസ്റ്റിൽ ഉൾപ്പെട്ട 14.17 ലക്ഷത്തിൽപരം കുടുംബങ്ങളുടെ സർവേയാണ് Ease of Living മുഖേന നടത്തുന്നത്.

സംസ്ഥാനത്ത് Ease of Living സർവേ നടത്തിപ്പിന്റെ മുഖ്യച്ചുമതല ഗ്രാമവികസന കമ്മീഷണർക്കാണ്. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, സംസ്ഥാന ആസൂത്രണബോർഡിലെവികേന്ദ്രീകൃതആസൂത്രണ വിഭാഗം ചീഫ് എന്നിവരുൾപ്പെട്ട ഏകോപന സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പ്, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് എന്നീ രണ്ടു വകുപ്പുകളുടെ സംയുക്ത ആഭിമുഖ്യത്തിലാണ് സർവേ പൂർത്തീകരിക്കുന്നത്. കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും കുടുംബശ്രീയുടെയും ആർ.ആർ.ടികളുടെയും ആശാവർക്കർമാരുടെയും, അംഗൻവാടി വർക്കർമാരുടെയും സേവനങ്ങൾ പ്രയോജനപ്പെടുത്തിയാണ് വിവരശേഖരണം നടത്തുന്നത്. മിഷൻ അന്ത്യോദയ സർവേക്കായി സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പിലെ ഇൻവെസ്റ്റിഗേറ്റർമാർക്ക് അനുവദിച്ചു നൽകിയിരിക്കുന്ന ലോഗിൻ മുഖാന്തരം Ease of Living സർവേ പോർട്ടലിൽ വിവരങ്ങൾ രേഖപ്പെടുത്തും. അപ്‌ലോഡ് ചെയ്ത ഡാറ്റയുടെ വാലിഡേഷൻ നടത്തുന്നതിനുള്ള ചുമതല ബ്ലോക്കു പഞ്ചായത്തിലെ EO(P&M) നാണ്.

സർവ്വേയുടെ സുഗമമായ നടത്തിപ്പിന് ബഹു. ഗ്രാമവികസന കമ്മീഷണർ നോഡൽ ഓഫീസറും അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ അഡീഷണൽ നോഡൽ ഓഫീസറും ഷാജി ക്ലമന്റ് ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, ആർ.ഷൈനി സംസ്ഥാന സ്റ്റേറ്റ് കോ-ഓർഡിനേറ്റർ എന്നിവരെയും പി&എം ഡിവിഷനെയും ഉൾപ്പെടുത്തി ഗവേണിങ് സെൽ രൂപീകരിച്ചു. പ്രൊജക്ട് ഡയറക്ടർ നോഡൽ ഓഫീസറും അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) അസിസ്റ്റന്റ് നോഡൽ ഓഫീസറുമായി ജില്ലാതല ഉദ്യോഗസ്ഥരെയും ലൈൻ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിയുള്ള ജില്ലാതല ഗവേണിങ് സെല്ലിനാണ് ജില്ലാതലത്തിൽ സർവ്വേ നടത്തിപ്പു ചുമതല. ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, എക്സ്റ്റെൻഷൻ ഓഫീസർ (പി&എം) എന്നിവർ നോഡൽ, അസിസ്റ്റന്റ് നോഡൽ ഓഫീസർമാരായും മറ്റ് എക്സ്റ്റെൻഷൻ ഓഫീസർമാരും ലൈൻ ഡിപ്പാർട്ടുമെന്റുകളിലെ ബ്ലോക്കുതല ഉദ്യോഗസ്ഥരും ചേർന്ന ഗവേണിങ് സെല്ലിനാണ് ബ്ലോക്കുതല ചുമതല നൽകിയിരിക്കുന്നത്. സർവ്വേയുടെ ഭാഗമായി വിവരശേഖരണം നടത്തുന്നതിനുള്ള ഫാറം മലയാളത്തിൽ തയ്യാറാക്കി ജില്ലകൾക്ക് ആവശ്യാനുസരണം പ്രിന്റ് ചെയ്യുന്നതിന് അനുവാദം നൽകി.

Ease of Living സർവേയുടെ ഭാഗമായി ഗ്രാമവികസന വകുപ്പിന്റെ മൂവായിരത്തോളം ഉദ്യോഗസ്ഥർക്കും സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിലെ ആയിരത്തിനടുത്ത് ഉദ്യോഗസ്ഥർക്കും ഓൺ ലൈൻ സംവിധാനത്തിലൂടെ രണ്ടു ദിവസങ്ങളിൽ രാവിലെ ഉച്ച കഴിഞ്ഞ് എന്നിങ്ങനെ നാലു സെക്ഷനുകളായി തിരിച്ച് പരിശീലനവും സംശയ ദൂരീകരണവും നടത്തി. ആയിരത്തോളം പേർക്ക് ഒരേ സമയം ഗ്രാമവികസന കമ്മീഷണറേറ്റിലെ വെർചൽ ക്ലാസ്സ് മുറിയിൽ നിന്നുമാണ് പരിശീലനം നടത്തിയത്. പരിശീലനത്തിന്റെ ചുമതല സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ആർ.ഷൈനി നിർവ്വഹിച്ചു. ഈസ് ഓഫ് ലിവിംഗ് സർവേയും ത



ന്ത്രപരമായ സമീപനവും സംബന്ധിച്ച വിഷയത്തിൽ അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ വി.എസ്.സന്തോഷ് കുമാർ ക്ലാസ് നയിച്ചു. ഗ്രാമവികസന കമ്മീഷണർ വി.ആർ.വിനോദ്. ഐ.എ.എസ് സർവേ സംബന്ധിച്ച് ആമുഖ പ്രഭാഷണം നടത്തുകയും പരിശീലന സമാപനത്തോടനുബന്ധിച്ച് ക്രോഡീകരണ പ്രഭാഷണം നടത്തി മുഴുവൻ സമയവും പരിശീലനത്തിന് നേതൃത്വംനൽകി.ഗ്രാമവികസനകമ്മീഷണറേറ്റ് തയ്യാറാക്കിയ Ease of Living സർവേ ഫോം പി&എം ഡെപ്യൂട്ടി ഡയറക്ടർ ദിവ്യ പരിചയപ്പെടുത്തി. സർവേ അപ്‌ലോഡിംഗ് സംബന്ധിച്ചുള്ള പരിശീലനത്തിൽ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ വിനോദ്, റിസർച് അസിസ്റ്റന്റ് സദാശിവൻ എന്നിവർ പങ്കെടുത്തു. ഇത്തരത്തിൽ രണ്ടു ദിവസം കൊണ്ട് പരിശീലനം നൽകാൻ സാധിച്ചത് ഒരു ചരിത്ര നേട്ടമായി.

നിരന്തരമുള്ള ആലോചനായോഗങ്ങൾ, എല്ലാ ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത ഉദ്യോഗസ്ഥരുമായി ചർച്ചകൾ, ഓൺലൈൻ മീറ്റിംഗുകൾ, വിലയിരുത്തലുകൾ, ഏകോപന സമിതിയുടെ ഓൺ ലൈൻ മീറ്റിംഗ് തുടങ്ങിയവയിലൂടെ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ചും ചർച്ചചെയ്തുമാണ് സർവേ ആസൂത്രണം നടത്തിയിട്ടുള്ളത്. സർവേയുടെ ഭാഗമായി 152 ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസുകളിലും ഒരു ദിവസം തന്നെ Ease of Living വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. സർവേയുടെ മൈക്രോ ലെവൽ പ്ലാനിംഗ് നടത്തുക ഇരു വകുപ്പുകളിലെയും സർവ്വേ നടത്തിപ്പിനും ഡാറ്റാ അപ്‌ലോഡിംഗും ആയി ബന്ധപ്പെട്ട ആശയവിനിമയം നടത്തുക എന്നിവയായിരുന്നു വർക്ക് ഷോപ്പിന്റെ ഉദ്ദേശ്യം. സർവേ നടത്തേണ്ടുന്ന വീടുകളുടെ ലിസ്റ്റിന്റെ പ്രിന്റ് ഔട്ടുകൾ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് വർക്ക്ഷോപ്പിൽ വിതരണം നടത്തി. ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാരും ഇൻവെസ്റ്റിഗേറ്റർമാരും സംയുക്തമായി സർവേയുടെ പ്ലാൻ തയ്യാറാക്കി പകർപ്പ് EO(P&M) നു നൽകുയും പ്രസ്തുത പ്ലാൻ ക്രോഡീകരിച്ച് ബ്ലോക്കുതല പ്ലാനായി മാറ്റുകയുമുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് ജനപ്രതിനിധിമാർ, ബ്ലോക്ക് തല ഉദ്യോഗസ്ഥർ എന്നിവർ ശിൽപശാലയ്ക്ക് നേതൃത്വം നൽകി.




ഓരോ ജില്ലയിലെയും ജില്ലാതല ഉദ്യോഗസ്ഥരെയും ബ്ലോക്കുകളുടെ മോണിട്ടറിംഗിന് ചുമതലപ്പെടുത്തിയും ബ്ലോക്കുതല ഉദ്യോഗസ്ഥർക്ക് ഗ്രാമപഞ്ചായത്തുകളുടെ മോണിട്ടറിംഗ് ചുമതലകൾ വീതിച്ചു നൽകിയും ഉത്തരവുകൾ പുറപ്പെടുവിച്ചു. സംസ്ഥാനതലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ജില്ലകളുടെ ചുമതലകൾ നൽകി സംസ്ഥാനതലത്തിലും മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തി. സർവ്വേയുടെ ദൈനംദിന പുരോഗതി വിലയിരുത്തുന്നതിനായി ഗൂഗിൾ സ്പ്രെഡ് ഷീറ്റും ഓരോ ജില്ലയ്ക്കും തയ്യാറാക്കി നൽകി. സർവ്വേയുടെ സമയബന്ധിത നടത്തിപ്പിന് പ്രവർത്തന കലണ്ടർ, ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധികളുടെ സഹായസഹകരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, സർവ്വേ ഗൈഡ്‌ലൈൻ, സാധാരണ ചോദ്യങ്ങൾക്കുള്ള മറുപടി (FAQ), സംശയ ദൂരീകരണം, പ്രത്യേകം മെയിൽ ഐ.ഡി, പത്രമാധ്യമങ്ങളിൽ അറിയിപ്പ്, ഫോട്ടോശേഖരണം, വെബ്സൈറ്റിൽ നൽകൽ, ബാനർ തയ്യാറാക്കൽ, ഡാറ്റാ ശേഖരിക്കുന്നതിന്റെ ആരംഭം കുറിക്കൽ, പോർട്ടലിൽ വിവരം രേഖപ്പെടുത്തുന്നത് ആരംഭിക്കൽ, പൂർത്തീകരിക്കൽ, സർവേ പൂർത്തീകരണം തുടങ്ങിയവ പ്രാവർത്തികമാക്കാൻ ഗ്രാമവികസന വകുപ്പിന്റെ എല്ലാ ഉദ്യോഗസ്ഥരും ചരടിൽ കോർത്ത മുത്തുകൾ പോലെ പരസ്പരം ചേർന്നു പ്രവർത്തിച്ചു. Ease of Living സർവ്വേ ഗ്രാമവികസന വകുപ്പിന്റെ ചരിത്രത്തിൽ മറ്റൊരു നാഴികക്കല്ലാകും എന്നതിൽ സംശയമില്ല.●

*ഗ്രാമവികസന വകുപ്പിലെ സ്റ്റേറ്റ് കോർഡിനേറ്ററാണ് ലേഖിക*

# അതിജീവനത്തിനൊരു വേങ്ങര മാതൃക

ടി.എസ്. അഖിലേഷ്

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2020 മാർച്ച് മാസം മുതൽ തന്നെ സജീവമായി ഇടപെടുകയും, മാതൃകാ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്ത ഒരു തദ്ദേശ ഭരണ സ്ഥാപനമാണ് വേങ്ങര ബ്ലോക്ക് പഞ്ചായത്ത്. ഇതരസംസ്ഥാന തൊഴിലാളികൾ വളരെ കൂടുതൽ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ് വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഏഴു ഗ്രാമ പഞ്ചായത്തുകളും. ഇതര സംസ്ഥാന തൊഴിലാളികളുടെ ഗൾഫ് എന്നറിയപ്പെടുന്ന മലപ്പുറം ജില്ലയിലെ തന്നെ ഭൂരിഭാഗം ആളുകളും വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലാണുള്ളത്. കെട്ടിട നിർമ്മാണ മേഖലയിലും, മറ്റ് പല മേഖലകളിലും പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾ കുടുംബസമേതം താമസിക്കുന്ന ഒരു പ്രദേശം കൂടിയാണിവിടം. കോവിഡ്-19 മഹാമാരി പടർന്നു പിടിച്ച് നാടാകെ നിശ്ചലമായ സമയത്ത് വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കുകയും ഇതരസംസ്ഥാന തൊഴിലാളികളടക്കം ഭക്ഷണം ലഭിക്കാത്തവർക്ക് അവരുടെ ഇഷ്ടാനുസരണമുള്ള ഭക്ഷണപദാർത്ഥങ്ങൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. തൊഴിലാളികളുടെ എല്ലാ ക്യാമ്പുകളും താമസ സ്ഥലങ്ങളും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെയും ഭരണസമിതി അംഗങ്ങളുടെയും ജീവനക്കാരുടെയും നേതൃത്വത്തിൽ സന്ദർശിച്ച് അവർക്കാവശ്യമായ സഹായ സഹകരണങ്ങളും നിർദ്ദേശങ്ങളും നൽകി.

എടയൂർ ഗ്രാമ പഞ്ചായത്തിലെ



മൂന്നാക്കൽ ജുമാ മസ്ജിദിൽ നിന്നും നേർച്ചയായി ലഭിച്ച അരി കമ്മ്യൂണിറ്റി കിച്ചണിലേക്കും, കൊറോണ കാരണം ഭക്ഷണത്തിനായി അരി ലഭിക്കാതെ പ്രയാസപ്പെടുന്നവർക്കും നൽകാമെന്ന് കേരള വഖഫ് ബോർഡ് അറിയിച്ചതു പ്രകാരം ജില്ലാ കലക്ടർ പ്രസ്തുത അരി ഏറ്റെടുക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 28/03/2020 ന് കാലത്ത് 8 മണിക്ക് തന്നെ ഏറ്റെടുത്ത 6.25 ടൺ അരി വിതരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് അംഗമായിരുന്ന കെ.പി.നാസറുടെ ആത്മാർത്ഥതയോടെയുള്ള പ്രവർത്തനമുണ്ടായിരുന്നു.

മലപ്പുറം ജില്ലാ കലക്ടർ ഗോപാലകൃഷ്ണൻ ഐ.എ.എസ്, മലപ്പുറം പി.എ.യു പ്രോജക്ട് ഡയറക്ടറായ പ്രീതി മേനോനെ കോവിഡ് കെയർ സെന്ററുകളുടെ ജില്ലാ നോഡൽ ഓഫീസറായി നിയമിക്കുകയും കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏൽപ്പിച്ചുനൽകുകയുമുണ്ടായി.

കാലിക്കറ്റ് എയർപോർട്ടിലെത്തുന്ന പ്രവാസികളെ കേരളത്തിന്റെ വിവിധ ജില്ലകളിലേക്ക് എത്തിക്കുന്നതിനായി ഒരുക്കിയ വാഹനങ്ങളുടെ കൂട്ടത്തിൽ വേങ്ങര ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനവും ജില്ലാ ഭരണകൂടം ഏറ്റെടുക്കുകയുണ്ടായി.

വിദേശത്തു നിന്നും ആളുകൾ കൂടുതലായി എത്തിത്തുടങ്ങിയ സമയത്ത് വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 13 കോവിഡ് കെയർ സെന്ററുകൾ കുറ്റമറ്റരീതിയിൽ മാതൃകാപരമായി പ്രവർത്തിപ്പിക്കാൻ പ്രൊജക്ട് ഡയറക്ടറുടെ ദീർഘ വീക്ഷണവും, നിശ്ചയദാർഢ്യവും അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ) ബൈജു.പി യുടെ പിൻതുണയും, ഊർജ്ജസ്വലമായ പ്രവർത്തനവും വേങ്ങര ബ്ലോക്ക് പഞ്ചായത്തിന് മാർഗ്ഗദർശനമേകി. ഈ സെന്ററുകളുടെ നോഡൽ ഓഫീസർമാരായി ലേഖകനെയും, ഹെഡ് അക്കൗണ്ടന്റ് കുഞ്ഞീതുട്ടി.ടി എന്നിവരെയും നിയമിച്ചു. മറ്റു ബ്ലോക്ക് പഞ്ചായത്തുകളെ അപേക്ഷിച്ച് കോവിഡ് കെയർ സെന്ററുകൾ തുടങ്ങുന്നതിനായി വലിയ ഹോസ്റ്റലുകളും, ലോഡ്ജുകളും, ടൂറിസ്റ്റ് ഹോമുകളും ഇല്ലാത്തത് വലിയ പ്രതിസന്ധിക്ക് കാരണമായി. പല പ്രൈവറ്റ് സ്ഥാപനങ്ങളും കോവിഡ് സെന്ററുകളായി സ്ഥലം വിട്ടുനൽകാൻ തയ്യാറാവാത്ത സാഹചര്യത്തിൽ സന്ദർഭോചിതമായി പ്രവർത്തിക്കുകയും ജില്ലാ ഭരണ കൂടവുമായി നിരന്തരം ഇടപെട്ട് ജില്ലാ കലക്ടറുടെ അധികാരം ഉപയോഗിച്ച് നിർബന്ധപൂർവ്വം സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടിയും വന്നു. കോട്ടക്കൽ ആര്യ വൈദ്യശാല, ആയുർവേദ കോളേജ്, അൽമാസ് ആശുപത്രി, കോട്ടക്കൽ അദ്ധ്യാപക ഭവൻ, ടൂറിസ്റ്റ് ഹോമുകളായ പാറയിൽ ടവർ, ത്രയംബകം, സാഫല്യം, ത്വയ്ബ മുതലായ സ്ഥാപനങ്ങൾ പ്രതിഫലമി

ല്ലാതെ സ്ഥലം വിട്ടു നൽകി സഹകരിച്ചതും അഭിനന്ദനാർഹമാണ്.

വേങ്ങര ബ്ലോക്ക് പഞ്ചായത്ത് സി.എച്ച്.സിയിൽ പ്രവർത്തിക്കുന്ന കോവിഡ് ആശുപത്രി ജില്ലയിലെ തന്നെ ഏറ്റവും നല്ല അടിസ്ഥാന സൗകര്യങ്ങളോടു കൂടിയതും വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നതുമായ ആശുപത്രിയാണ്. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ വേങ്ങര സി.എച്ച്.സിയുടെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ഈയിടക്കാണ് നിർവ്വഹിക്കുകയുണ്ടായത്.

ഈ അവസരത്തിലാണ് കോവിഡ് ആശുപത്രി എന്ന ആശയവുമായി ജില്ലാഭരണകൂടം വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചാക്കീരി അബ്ദുൽ ഹഖി (കുഞ്ഞുട്ടി) നെ സമീപിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയോടും ജീവനക്കാരോടും പ്രസിഡന്റ് ഇക്കാര്യം ചർച്ച ചെയ്യുകയും ഇവരിൽ നിന്നും അനുകൂലമായ മറുപടിയും പരിപൂർണ്ണ പിൻതുണയും ലഭിച്ചതോടുകൂടി കോവിഡ് ആശുപത്രി തുടങ്ങുകയെന്ന കാര്യത്തിൽ തീരുമാനമായി.

62 കിടക്കകളോടുകൂടിയ അത്യാധുനിക സൗകര്യമുള്ള ഒരു കെട്ടിടം മാത്രമായിരുന്നു ഈ തീരുമാനവുമായി മുന്നോട്ടുപോകുമ്പോൾ വേങ്ങര ബ്ലോക്ക് പഞ്ചായത്തിന് മുമ്പിലുണ്ടായിരുന്നത്. പിന്നീടെല്ലാം ദ്രുതഗതിയിലായിരുന്നു. എണ്ണയിട്ട യന്ത്രം കണക്കെ ഭരണസമിതിയും ജീവനക്കാരും ഒരുമിച്ച് പ്രവർത്തിച്ചപ്പോൾ ഒരു നാടിന്റെ സ്വപ്നം യാഥാർത്ഥ്യമായി. ഒട്ടനവധി കോവിഡ് രോഗികളുടെയും കുടുംബത്തിന്റെയും കണ്ണീരൊപ്പാനും ഇതോടെ നമുക്കായി.

വേങ്ങര ബ്ലോക്ക് പഞ്ചായത്തും എൻ.എച്ച്.എം ഉം ചേർന്ന് കോവിഡ് ആശുപത്രിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി. മാലിന്യം സംസ്കരിക്കുന്നതിനായി സ്ഥായിയായ സംവിധാനം ഒരുക്കുകയും, പി.പി.ഇ. കിറ്റുകൾ ധരിക്കുന്നതിനും അവ അഴിച്ചുമാറ്റുന്നതിനുമായി ഡോണിംഗ് ആന്റ് ഡോഫിംഗ് ഏരിയകൾ നിർമ്മിക്കുകയും, സെൻട്രലൈസ്ഡ് ഓക്സിജൻ ബെഡുകൾ സ്ഥാപിക്കുകയും ചെയ്യുകയുണ്ടായി. 2020 നവംബർ മാസം 5-ാം തീയതി കോവിഡ് ആശുപത്രി പ്രവർത്തനമാരംഭിക്കാനായിരുന്നു ജില്ലാ ഭരണ കൂടത്തിന്റെ നിർദ്ദേശം ലഭിച്ചിരുന്നത്.




ജില്ലാ കോവിഡ് ആശുപത്രിയിൽ നിന്നും കോവിഡ് ബാധിതനായ ഒരു രോഗിയെ വേങ്ങര കോവിഡ് ആശുപത്രിയിലേക്ക് നവംബർ 10-ാം തീയതി മാറ്റിയതോടുകൂടി വേങ്ങര കോവിഡ് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുകയുണ്ടായി.

മഞ്ചേരി ജില്ലാ ആശുപത്രി കഴിഞ്ഞാൽ മലപ്പുറം ജില്ലയിലെ കൂടുതൽ രോഗികളെ അഡ്മിറ്റ് ചെയ്യാൻ സാധിക്കുന്നതും 20 ഓക്സിജൻ സൗകര്യമുള്ള കിടക്കകളും, ഒരു വെന്റിലേറ്റർ സൗകര്യമടക്കം 5 ഐ.സി.യു കിടക്കകളും 37 സാധാരണ കിടക്കകളും അടങ്ങുന്നതുമാണ് വേങ്ങര കോവിഡ് ആശുപത്രി.

ഒരു ഫിസിഷ്യൻ അടക്കം 10 ഡോക്ടർമാർ, 16 സ്റ്റാഫ് നഴ്സുമാർ, 14 ക്ലീനിംഗ് സ്റ്റാഫുകൾ, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ ജീവനക്കാർ വേങ്ങര കോവിഡ് ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

കോവിഡിന്റെ രണ്ടാം തരംഗം അതിരൂക്ഷമായ ഈ സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദവും മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൂടി മാതൃകാപരവുമായ വിവിധയിനം പദ്ധതികളാണ് വേങ്ങര ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷ മണ്ണിൽ ബെൻസീറ ടീച്ചറുടെ നേതൃത്വത്തിലുള്ള പുതിയ ഭരണ സമിതി നടപ്പിലാക്കി വരുന്നത്.

മറ്റു പറയത്തക്ക അസുഖങ്ങളൊന്നുമില്ലാത്ത കോവിഡ് പോസിറ്റീവായവർ വീടുകളിൽ ക്വാറന്റൈനിൽ കഴിയാനാണ് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത്. കോവിഡ് ബി, സി കാറ്റഗറിയുള്ള കൂടുതൽ അസുഖങ്ങളുള്ളവരെ മാത്രമാണ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നത്. വീടുകളിൽ ക്വാറന്റൈനിൽ കഴിയുന്നവർ മാനസികമായും മറ്റു ശാരീരിക ബുദ്ധിമുട്ടുകളാലും വളരെയധികം പ്രയാസങ്ങൾ അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഐ.എം.എ തിരൂരങ്ങാടി യൂണിറ്റിലെ 10-ഓളം ഡോക്ടർമാരുടെ ഒരു പാനൽ തയ്യാറാക്കി ആളുകൾക്ക് ടെലിഫോൺ മുഖേന ഡോക്ടറോട് സംസാരിക്കാൻ സാധിക്കുന്ന രീതിയിൽ ' പ്രതീക്ഷ ' ടെലിമെഡിസിൻ പദ്ധതി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിവരുന്നു. 9495117700 എന്ന ഫോൺ നമ്പറിൽ 24 മണിക്കൂറും വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ളവർക്കും അല്ലാത്തവർക്കും വിളിക്കാവുന്നതാണ്. ഈ കോളുകൾ വിദഗ്ദ്ധ ഡോക്ടർമാരുടെ പാനലിൽ നിന്നും ലഭ്യമായ ഡോക്ടർമാരെ കണ്ടുചെയ്ത് രോഗികൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും മരുന്നു



കൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ ജനപ്രതിനിധികൾ, ആർ.ആർ.ടി.മാർ എന്നിവർ മുഖേന വീടുകളിലെത്തിക്കുന്നു.

## ഡോക്ടർ@ഡോർ

ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച നൂതനവും ജനങ്ങൾക്ക് ഉപകാരപ്രദവുമായ മറ്റൊരു പദ്ധതിയാണ് ഡോക്ടർ@ഡോർ. ട്രിപ്പിൾ ലോക്ഡൗൺ പ്രഖ്യാപിച്ചതിനാലും മറ്റുഗതാഗത സൗകര്യങ്ങളൊന്നും തന്നെ ഇല്ലാത്തതിനാലും രോഗികൾക്ക് ഡോക്ടറെ നേരിട്ട് കാണുന്നതിന് സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഈ അവസ്ഥയിൽ കോവിഡ് പോസിറ്റീവ് ആയ ആളുകൾക്കും മറ്റു ശാരീരിക വിഷമതകൾ അനുഭവിക്കുന്നവർക്കും താങ്ങാകുവാൻ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികൊണ്ട് സാധിച്ചിട്ടുണ്ട്. വിദഗ്ദ്ധ ഡോക്ടർമാരും ഫാർമസിസ്റ്റും അടങ്ങുന്ന സംഘം വാഹനവുമായി മുൻകൂട്ടി നിശ്ചയിച്ചതുപ്രകാരം ഓരോ ഗ്രാമ പഞ്ചായത്തിലേയും അസുഖബാധിതരെ നേരിട്ട് കാണുകയും പരിശോധന നടത്തുകയും അവർക്ക് ആവശ്യമായ മരുന്നുകൾ നൽകുകയും ചെയ്യുക എന്നുള്ളതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. വേങ്ങര ഗ്രാമപഞ്ചായത്തിലെ തണൽ മുണ്ടക്കപറമ്പ് എന്ന സന്നദ്ധ സംഘടന ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിക്ക് കൈമാറിയ ഇന്നോവ കാർ ഉപയോഗിച്ചാണ് ഡോക്ടർ@ഡോർ എന്ന പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ഈ പദ്ധതിക്കായി വേങ്ങര നിയോജകമണ്ഡലം എം.എൽ.എ 40000/- രൂപയ്ക്കുള്ള മരുന്ന് നൽകിയത് ഈ അവസരത്തിൽ വളരെ ഉപകാരപ്രദമായി.

## ഓക്സിബാങ്ക്

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിലെ കോവിഡ് രോഗികൾക്ക് അതത് പി.എച്ച്.സി കൾ മുഖേന ആവശ്യമായ പൾസ് ഓക്സി മീറ്റർ ഉൾപ്പെടെയുള്ള കോവിഡ് പ്രതിരോധ ഉപകരണങ്ങളും വസ്തുക്കളും ആവശ്യാനുസരണം അതത് പി.എച്ച്.സി മെഡിക്കൽ ഓഫീസർമാർക്ക് നൽകുകയും ആവശ്യം കഴിഞ്ഞതിനു ശേഷം തിരിച്ചു വാങ്ങി സൂക്ഷിക്കാൻ പറ്റുന്ന ഉപകരണങ്ങളും മറ്റും ബ്ലോക്ക് പഞ്ചായത്ത് സി.എച്ച്.സിയിൽ തന്നെ സൂക്ഷിക്കുകയും




വീണ്ടും ആവശ്യക്കാർക്ക് നൽകുകയും ചെയ്യുന്ന പദ്ധതിയാണ് ഓക്സിബാങ്ക്.

## ഉന്നതി (ഓൺ ലൈൻ ഫിസിയോ തെറാപ്പി ചികിത്സ)

കോവിഡിൽ നിന്നും മുക്തി നേടി ക്ഷീണം, കിതപ്പ്, തളർച്ച, നടക്കാൻ ബുദ്ധിമുട്ട്, ബാലൻസ് നഷ്ടപ്പെടൽ, ശ്വാസം തിങ്ങൽ, ചുമ, ശരീരവേദന എന്നീ ശാരീരിക ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കോവിഡ് മുക്തർക്ക് വേങ്ങര ബ്ലോക്ക് പഞ്ചായത്തും കേരള അസോസിയേഷൻ ഫോർ ഫിസിയോതെറാപ്പിസ്റ്റ് കോ-ഓർഡിനേഷനും സഹകരിച്ച് ഓൺലൈനായി ഫിസിയോ തെറാപ്പി ചികിത്സ ഈ പദ്ധതി മുഖേന നടപ്പിലാക്കി വരുന്നു. ഒട്ടനവധി രോഗികൾക്ക് ഇതിനാൽ ശാരീരികവും മാനസികവുമായ ആശ്വാസം ലഭിക്കുന്നു.

## സ്റ്റെബിലൈസേഷൻ യൂണിറ്റ്

കോവിഡ് ബാധിതരായി ശാരീരികാസ്വാസ്ഥ്യമുള്ള രോഗികൾക്ക് പ്രാഥമിക പരിശോധനയ്ക്കുള്ള ഒ.പി നടത്തുകയും അവരെ ആവശ്യമെങ്കിൽ നിശ്ചിത സമയം നിരീക്ഷണത്തിൽ കിടത്തുകയും, തീവ്രപരിചരണം ആവശ്യമുള്ള രോഗികളെ രോഗത്തിന്റെ കാഠിന്യമനുസരിച്ച് താലൂക്ക് ആശുപത്രിയിലേക്കോ, ജില്ല ആശുപത്രിയിലേക്കോ മെഡിക്കൽ കോളേജിലേക്കോ മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദഗ്ദ്ധ ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും സേവനവും ഇവിടെ ലഭ്യമാണ്.

## കപ്പ ചലഞ്ച്

കോവിഡെന്ന മഹാമാരിക്കിടയിൽ വന്ന ന്യൂനമർദ്ദം കാരണമുള്ള മഴ മണ്ണിന്റെ മക്കളെയും, കടലിന്റെ മക്കളെയും ഒരുപോലെ പട്ടിണിയിലാക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്തപ്പോൾ ഇരുവിഭാഗത്തെയും നെഞ്ചോടുചേർത്ത് താങ്ങായും തണലായും നിന്നു വേങ്ങര ബ്ലോക്ക് പഞ്ചായത്ത്. ലോക്ഡൗണും, പ്രതികൂല കാലാവസ്ഥയും മൂലം കപ്പ വിറ്റഴിക്കാൻ നെട്ടോട്ടമോടിയ കർഷകരിൽ നിന്നും താങ്ങുവില നൽകി 10 ടൺ കപ്പ സുമനസ്സുകളുടെ സംഭാവനയാൽ സംഭരിച്ച്, വറുതി അനുഭവിക്കുന്ന താനൂർ മുനിസിപ്പാലിറ്റിയുടെയും, താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെയും പരിധിയിലെ മത്സ്യതൊഴിലാളികൾക്ക് സൗജന്യമായി വിതരണം ചെയ്തുകൊണ്ട് മാതൃകാപരവും അഭിനന്ദനാർഹവുമായ പ്രവൃത്തി ഏറ്റെടുത്തു നടത്തുവാൻ വേങ്ങര ബ്ലോക്ക് പഞ്ചായത്തിനായി.

വേങ്ങരയിലെ ജനപ്രതിനിധികളും, ജീവനക്കാരും, ആരോഗ്യ പ്രവർത്തകർ, പോലീസ് ഉദ്യോഗസ്ഥർ, ഫയർഫോഴ്സ്, സന്നദ്ധ സംഘടനകൾ, പ്രവാസി സംഘടനകൾ, മത സംഘടനകൾ, വ്യാപാരി വ്യവസായികളും, ട്രോമാ കെയർ, ലയൺസ് ക്ലബ്, പോലീസ് വളണ്ടിയർമാർ, മറ്റു വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, യുവജന സംഘടനകൾ തുടങ്ങിയ വിവിധ മേഖലകളിലുള്ളവർ ഒത്തൊരുമിച്ച് പ്രവർത്തിച്ചതിനാലാണ് ഒരു പരിധിവരെ ഈ മഹാമാരിയെ തുരത്താനും പിടിച്ച് കെട്ടാനും നമുക്കായത്. പ്രതിസന്ധിഘട്ടങ്ങളിൽ എല്ലാംമറന്ന് ഒത്തൊരുമിച്ച് പ്രവർത്തിക്കാനുള്ള ഈ മനസും സന്നദ്ധതയുമാണ് നമ്മുടെ കരുത്ത്. ഓഖി ചുഴലിക്കാറ്റും, നിപ്പ വൈറസും, പ്രളയവും, കോവിഡ്-19 ഉം എല്ലാം നമ്മൾ നേരിട്ടത് ഈ ഒത്തൊരുമ ഒന്നുകൊണ്ട് മാത്രമാണ്. ഏത് പ്രവൃത്തിയെയും നമുക്ക് നേരിടാം ഈ ഒത്തൊരുമ കൊണ്ട് എന്നതിന്റെ ഉത്തമ ഉദാഹരണമാണ് വേങ്ങര ബ്ലോക്ക് പഞ്ചായത്ത് കൂട്ടായ്മ.

*വേങ്ങര ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ് ക്ലർക്കാണ് ലേഖകൻ*



# ഓർത്തിരിക്കാം
## പാരിസ്ഥിതിക നിയമങ്ങൾ

### ജൈവവൈവിധ്യ നിയമം, 2002

ജൈവവൈവിധ്യത്തെ സംബന്ധിച്ച അറിവ്, അവയുടെ സംരക്ഷണം, സുസ്ഥിരമായ ഉപയോഗം, ആവാസ വ്യവസ്ഥകളുടെ പരിപാലനം, ജൈവ വിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നു ലഭിക്കുന്ന പ്രയോജനങ്ങളുടെ നീതി പൂർവ്വമായ പങ്കുവയ്ക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസ്ഥ ചെയ്തുകൊണ്ട് 2002 ൽ രൂപം നൽകിയ നിയമമാണ് ജൈവവൈവിധ്യ ആക്ട്. ജൈവവൈവിധ്യ സംരക്ഷണ കാര്യത്തിൽ പരമ്പരാഗതമായി സ്വീകരിച്ചുപോന്ന നടപടികൾക്കും സമ്പ്രദായങ്ങൾക്കും നയങ്ങൾക്കും അംഗീകാരം നൽകുന്ന വ്യവസ്ഥകളാണ് ഈ ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട അവശ്യം വേണ്ട നിയന്ത്രണങ്ങളെ സംബന്ധിച്ച് ആക്ടിൽ പ്രതിപാദിക്കുന്നുണ്ട്.

ആക്ടിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്നതിനായി ദേശീയ-സംസ്ഥാന-പ്രാദേശിക തലത്തിൽ അധികാരപരിധിയുള്ള ദേശീയ ജൈവവൈവിധ്യ അതോറിറ്റി, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, പ്രാദേശിക ജൈവവൈവിധ്യ കമ്മിറ്റികൾ എന്നീ സ്ഥാപന സംവിധാനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെജൈവവൈവിധ്യസംരക്ഷണവും സുസ്ഥിരമായ ഉപയോഗവും പ്രോത്സാഹിപ്പിക്കുക എന്നതാണ് പ്രാദേശിക ജൈവവൈവിധ്യ കമ്മിറ്റികളുടെ ഉത്തരവാദിത്തം. പാരമ്പര്യ ഇനങ്ങൾ, നാടൻ ഇനങ്ങൾ, വളർത്തിനങ്ങൾ, പോറ്റ് കന്നുകാലികൾ,, സൂഷ്മാണുക്കൾ തുടങ്ങി ജൈവ വിഭവങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തുവാനും കാലാനുസൃതമായി വന്നിട്ടുള്ള മാറ്റങ്ങൾ പരിശോധിക്കുവാനും ജൈവവൈവിധ്യ സംരക്ഷണവും സുസ്ഥിരമായ ഉപയോഗവും പ്രോത്സാഹിപ്പിക്കുവാനും പ്രാദേശിക ജൈവവൈവിധ്യ കമ്മിറ്റികൾക്ക് ചുമതലയുണ്ട്. കമ്മിറ്റികളുടെ പ്രവർത്തനത്തിനായി പ്രത്യേക ഫണ്ടിനും വ്യവസ്ഥയുണ്ട്. ആക്ടിൽ വിഭാവനം ചെയ്യുന്ന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി 2004-ൽ ജൈവവൈവിധ്യ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

### പരിസ്ഥിതി സംരക്ഷണ നിയമം, 1986

ഭൂമിയും വായുവും ജലവും അടങ്ങുന്ന പരിസ്ഥിതിയും അവയ്ക്ക് മനുഷ്യരും സൂക്ഷ്മാണുക്കൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളുമായുള്ള പരസ്പരബന്ധവും നിലനിർത്തുന്നതിനും വിവിധ രീതിയിലുള്ള മലിനീകരണത്തിൽ നിന്നും അവയെ സംരക്ഷിക്കുന്നതിനും വ്യവസ്ഥചെയ്യുന്ന നിയമമാണ് 1986-ൽ പുറപ്പെടുവിച്ച പരിസ്ഥിതി സംരക്ഷണ നിയമം. പരിസ്ഥിതി ഗുണനിലവാരം നിർണ്ണയിക്കുന്നതിനും അവ ഉറപ്പാക്കുന്നതിനും മലിനീകരണ നിയന്ത്രണം പ്രാവർത്തികമാക്കുന്നതിനും ദേശീയതലത്തിൽ ഇതിനായുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ഇക്കാര്യങ്ങൾ സംസ്ഥാന സർക്കാരുകളുമായും മറ്റ് അധികാരസ്ഥാപനങ്ങളുമായും ഉദ്യോഗസ്ഥരുമായും ഏകോപിപ്പിക്കുന്നതിനും കേന്ദ്രസർക്കാരിനെ ഈ നിയമം ചുമതലപ്പെടുത്തുന്നു. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് മലിനീകരണം നിയന്ത്രിക്കുന്നതിനും തടയുന്നതിനും ഇല്ലാതാക്കുന്നതിനും ഏതൊരു അധികാരസ്ഥാപനത്തിനും ആജ്ഞ നൽകുന്നതിനും വിവിധ ഉത്തരവാദിത്തങ്ങൾ അധികാരസ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിനും ചട്ടങ്ങൾ രൂപീകരിച്ച് നടപ്പിൽ വരുത്തുന്നതിനും ഈ നിയമം കേന്ദ്ര സർക്കാരിനെ അധികാരപ്പെടുത്തുന്നു.

നിയമത്തിലും ചട്ടങ്ങളിലും പറയുന്ന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വീഴ്ചവരുത്തുന്ന ആർക്കെതിരെയും ശിക്ഷണനടപടി സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് അഞ്ചു വർഷം വരെ തടവോ ഒരു ലക്ഷം രൂപ വരെ പിഴയോ രണ്ടും ചേർത്തോ ഉള്ള ശിക്ഷാനടപടിക്ക് നിയമം വ്യവസ്ഥ ചെയ്യുന്നു. ശിക്ഷാനടപടി പാലിക്കാത്തപക്ഷം ഓരോ ദിവസവും 5000 രൂപ വീതം അധിക പിഴ ഈടാക്കുന്നതിനും വീഴ്ചാകാലവധി ഒരു വർഷമായാൽ കുറ്റക്കാർക്ക് 7 വർഷം വരെ തടവു നൽകുന്നതിനും വ്യവസ്ഥയുണ്ട്. ഈ നിയമത്തിന്റെ ഭാഗമായി രൂപം നൽകിയിട്ടുള്ള താഴെപ്പറയുന്ന ചില ചട്ടങ്ങൾ പ്രാദേശിക സർക്കാരുകൾക്ക് നേരിട്ടോ പരോക്ഷമായോ ബാധകമാണ്.

- തീരദേശ നിയന്ത്രണ ചട്ടങ്ങൾ, 2011
- പരിസ്ഥിതി ആഘാതനിർണ്ണയ വിജ്ഞാപനം 1994, 2006
- ബയോമെഡിക്കൽ മാലിന്യം (പരി

പാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ 1998

- പ്ലാസ്റ്റിക് (ഉത്പാദനം, ഉപയോഗം, മാലിന്യം) ചട്ടങ്ങൾ 2011
- പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ 2016
- പ്ലാസ്റ്റിക് മാലിന്യ പരിപാലന(ഭേദഗതി) ചട്ടങ്ങൾ 2018
- ഖരമാലിന്യ പരിപാലന ചട്ടങ്ങൾ 2016
- കേന്ദ്രപരിസ്ഥിതി, വനം മന്ത്രാലയം 2019 ജനുവരി 18 ന് പുറപ്പെടുവിച്ച വിജ്ഞാപനം.

### പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ 2016, പ്ലാസ്റ്റിക് മാലിന്യ പരിപാലന (ഭേദഗതി) ചട്ടങ്ങൾ, 2018

പരിസ്ഥിതി സംരക്ഷണ നിയമത്തിലെ 6, 8, 25 എന്നീ വകുപ്പുകൾ അനുസരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി 2016-ൽ പുതുക്കിയ ചട്ടങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുകയുണ്ടായി. തുടർന്ന് 2018-ൽ ഇതിന്റെ ഭേദഗതിയും പുറപ്പെടുവിച്ചു. ഇതനുസരിച്ച് 50 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉൽപാദിപ്പിക്കുവാനോ സൂക്ഷിച്ചുവയ്ക്കുവാനോ വിതരണം ചെയ്യുവാനോ പാടില്ല. കൂടാതെ പുകയില, പാൻമസാല, ഗുഡ്ക തുടങ്ങിയ വസ്തുക്കൾ സംഭരിച്ചുവയ്ക്കുന്നതിനും പായ്ക്ക് ചെയ്യുന്നതിനും വിൽപന നടത്തുന്നതിനും പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കാൻ പാടില്ല. സ്വാഭാവിക നിറത്തിലുള്ള നിശ്ചിത ഗുണനിലവാരമുള്ള പ്ലാസ്റ്റിക് സഞ്ചികളിലോ പൊതികളിലോ മാത്രമേ ഭക്ഷണ സാധനങ്ങൾ മരുന്ന്, കുടിവെള്ളം എന്നിവ പായ്ക്ക് ചെയ്യുവാൻ പാടുള്ളു എന്നും പുന:ചംക്രമണം ചെയ്ത പ്ലാസ്റ്റിക് കവറുകൾ ആഹാര സാധനങ്ങൾ സൂക്ഷിക്കാനോ കൊണ്ടുപോകാനോ വിതരണം നടത്താനോ ഉപയോഗിക്കാൻ പാടുള്ളതല്ല എന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ അനിയന്ത്രിതമായി കത്തിക്കുന്നത് പാടില്ല എന്നും നിഷ്കർഷിക്കുന്നു. ഈ ചട്ടങ്ങൾ പ്രകാരം ഉപയോഗശേഷമുള്ള വിവിധ പാളി പ്ലാസ്റ്റിക്, സാഷേ, സഞ്ചി, പാക്കേജിംഗ് എന്നിവ ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം ഉൽപാദകർ, ഇംപോർട്ടർ, ബ്രാന്റ് ഉടമസ്ഥർ എന്നിവർക്കാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അല്ലെങ്കിൽ മലിനീകരണ നിയന്ത്രണ സമിതിയുടെ രജിസ്ട്രേഷൻ ഇല്ലാത്ത പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉൽപാദകർക്ക് ഒരു നിർമ്മാതാവും അസംസ്കൃത വസ്തുവായി ഉപയോഗിക്കാൻ പ്ലാസ്റ്റിക് നൽകുവാൻ പാടില്ല.



### ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2016

കേന്ദ്ര സർക്കാരിന്റെ വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം,പരിസ്ഥിതിസംരക്ഷണനിയമം 1986 ന്റെ 6, 8, 25 എന്നീ വകുപ്പുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ചട്ടമാണ് ഖരമാലിന്യ പരിപാലന ചട്ടങ്ങൾ 2016, പരിസ്ഥിതിക്കും മനുഷ്യാരോഗ്യത്തിനും അപകടമുണ്ടാക്കാത്ത രീതിയിൽ ഖരമാലിന്യം കൈകാര്യം ചെയ്യുന്നതിന് ചട്ടങ്ങൾ ഊന്നൽ നൽകുന്നു. ഓരോ ഉൽപാദകനും ഖരമാലിന്യം അഴുകുന്നവ, അഴുകാത്തവ, അപകടകാരിയായ ഗാർഹിക മാലിന്യം എന്നിങ്ങനെ മൂന്നായി തരംതിരിച്ച് അനുയോജ്യമായ സംഭരണികളിൽ ശേഖരിക്കേണ്ടതും സമയാസമയങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിർദ്ദേശാനുസരണം അംഗീകൃത മാലിന്യശേഖകർക്ക് കൈമാറേണ്ടതുമാണ്. ഓരോ മാലിന്യ ഉൽപാദകനും മാലിന്യം തുറസ്സായ പൊതു സ്ഥലങ്ങളിലോ, തെരുവിലോ, ഉൽപാദകന്റെ സ്ഥലത്തിനു പുറത്തോ ഓടകളിലോ ജലസ്രോതസ്സുകളിലോ വലിച്ചെറിയുകയോ, കത്തിക്കുകയോ ചെയ്യാൻ പാടുള്ളതല്ലെന്ന് ചട്ടം നിഷ്കർഷിക്കുന്നു. തദ്ദേശസ്ഥാപനം തയ്യാറാക്കുന്ന ബൈലായിൽ ഖരമാലിന്യ പരിപാലനത്തിനായി നിഷ്കർഷിച്ചിട്ടുള്ള യൂസർ ഫീ നൽകുക എന്നതും ഉൽപാദകന്റെ ഉത്തരവാദിത്തമാണ്. മാലിന്യം ശേഖരിച്ച് കൊണ്ടുപോകുന്നതിന്റെ ചെലവ് കുറയ്ക്കുന്നതിനും പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനായി വികേന്ദ്രീകൃത സംസ്കരണത്തിന് മുൻഗണന നൽകാനും ചട്ടം നിർദ്ദേശിക്കുന്നു. ചട്ടങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ മന്ത്രാലയങ്ങൾ, വകുപ്പുകൾ, തദ്ദേശസ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ, മലിനീകരണ നിയന്ത്രണ ബോർഡ്/കമ്മിറ്റികൾ, ഉൽപാദകർ എന്നിവരുടെ ഉത്തരവാദിത്തങ്ങൾ ചട്ടത്തിൽ നിർവ്വചിച്ചിട്ടുണ്ട്.

### ഒറ്റത്തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കൾക്ക് നിരോധനം

2020 ജനുവരി 1 മുതൽ കേരളത്തിൽ ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചു. നിരോധിച്ച ഉൽപന്നങ്ങൾ ചുവടെ പറയുന്നു.

- പ്ലാസ്റ്റിക് ക്യാരിബാഗ് (കനം നോക്കാതെ)
- പ്ലാസ്റ്റിക് ഷീറ്റ്സ് (ക്ലിംഗ് ഫിലിം)
- പ്ലേറ്റുകൾ, കപ്പുകൾ, തെർമോക്കോൾ, സ്റ്റൈറോഫോം ഉപയോഗിച്ചുണ്ടാക്കുന്ന അലങ്കാരവസ്തുക്കൾ
- ഒറ്റ തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ, സ്റ്റിറർ,
- പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ കപ്പുകൾ, പ്ലേറ്റുകൾ, ബൗൾ, ക്യാരി ബാഗുകൾ,
- നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ളാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ്
- പ്ലാസ്റ്റിക് വാട്ടർ പൗച്ചസ്, പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ
- PET/PETE ബോട്ടിലുകൾ കുടിക്കാനുള്ളത് 300 ml കപ്പാസിറ്റിക്ക് താഴെ)
- ഗാർബേജ് ബാഗ് (പ്ലാസ്റ്റിക്)
- പി.വി.സി ഫ്ളക്സ് മെറ്റീരിയൽസ്
- പ്ലാസ്റ്റിക് പാക്കറ്റ്സ്

വ്യക്തികളോ കമ്പനികളോ സ്ഥാപനങ്ങളോ വ്യവസായങ്ങളോ ഇവ നിർമ്മിക്കുകയോ കൊണ്ടുപോകുകയോ സൂക്ഷിക്കുകയോ വിൽപന നടത്തുകയോ ചെയ്യാൻ പാടില്ല. നിയമലംഘനം നടത്തുന്ന നിർമ്മാതാക്കൾക്കും വിതരണക്കാർക്കും വിൽപ്പന നടത്തുന്നവർക്കുമെതിരെ 10000 രൂപ പിഴ ചുമത്തും. രണ്ടാമതുള്ള ലംഘനത്തിന് 25000 രൂപയും തുടർന്നുള്ള ലംഘനത്തിന് 50000 രൂപയുമാണ് പിഴ.



## ആൻഡ്രിയ മെസ– മിസ് യൂണിവേഴ്സ്

2021 ലെ മിസ് യൂണിവേഴ്സ് കിരീടം മെക്സിക്കൻ സുന്ദരി ആൻഡ്രിയ മെസ സ്വന്തമാക്കി. ബ്രസീലിന്റെ ജൂലിയഗാമ ഫസ്റ്റ് റണ്ണറപ്പും പെറുവിന്റെ ജാനിക് മസെറ്റ ഡെൽ കാസ്റ്റിലോ സെക്കന്റ് റണ്ണറപ്പുമായി. ഇന്ത്യയെ പ്രതിനിധാനം ചെയ്ത ആഡ്ലൈൻ കാസ്റ്റെലിനോയ്ക്കാണ് നാലാം സ്ഥാനം.

## ചരിത്രം കുറിച്ച് ചൈനയുടെ സുറോങ് റോവർ

യു എസിന് പിന്നാലെ ചരിത്രം കുറിച്ച് ചൈനയുടെസുറോങ്റോവർമെയ്15ന് ചൊവ്വയുടെ ഉപരിതലത്തിലിറങ്ങി. ചൊവ്വയുടെ ഉപരിതലം, മണ്ണ്, പുരാതന ജീവികളുടെ ശേഷിപ്പ്, ജലാംശം, മഞ്ഞുകട്ട എന്നിവയെക്കുറിച്ചുള്ള പഠനമാണ് ലക്ഷ്യം. ഉത്തരാർദ്ധ ഗോളത്തിലുള്ള യുട്ടോപ്യ പ്ലാനീഷ്യയിലാണ് റോവർ ഇറക്കിയത്. പ്രഥമദൗത്യത്തിൽ തന്നെ ചൊവ്വയിൽ സോഫ്റ്റ് ലാൻഡിംഗ് നടത്തുന്ന ആദ്യ രാജ്യമെന്ന നേട്ടവും ചൈന സ്വന്തമാക്കി.



## ഇന്ത്യയിലെ കോവിഡ് വകഭേദം ഡെൽറ്റ

കോവിഡ് വൈറസിന്റെ ഇന്ത്യയിൽ ആദ്യം കണ്ടെത്തിയ വകഭേദത്തിന് 'ഡെൽറ്റ' എന്ന് ലോകാരോഗ്യ സംഘടന പേരിട്ടു. 53 രാജ്യങ്ങളിലാണ് നിലവിൽ ഡെൽറ്റ വകഭേദം സ്ഥിരീകരിച്ചത്. ഒക്ടോബറിൽ തിരിച്ചറിഞ്ഞ വകഭേദങ്ങൾക്ക് ഗ്രീക്ക് അക്ഷരങ്ങൾ ഉപയോഗിച്ചാണ് പേരു നൽകിയത്.



ലോകത്ത് 44 വകഭേദങ്ങൾ ആണ് ഇതുവരെ കണ്ടെത്തിയത്.

## ചരിത്രമെഴുതി ക്രിസ്റ്റ്യാനോ

മൂന്ന് ഫുട്ബോൾ ലീഗുകളിൽ 100 ഗോൾ തികച്ച് പോർച്ചുഗൽ താരം ക്രിസ്റ്റ്യാനോ റൊണാൾഡോ. ഇറ്റാലിയൻ സീരി എ-യിൽ യുവന്റസിനായി ഗോൾവേട്ടയിൽ സെഞ്ചുറി നേടിയതോടെയാണ് നേട്ടം കൈവന്നത്. ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോളിൽ മാഞ്ചസ്റ്റർ യുണൈറ്റഡിനായി 118 ഗോൾ നേടി. സ്പാനിഷ് ലാലിഗയിൽ റയൽ മാഡ്രിഡിനായി 450 ഗോളും നേടിയിട്ടുണ്ട്. അന്താരാഷ്ട്ര ഫുട്ബോളിൽ പോർച്ചുഗലിനായി 103 ഗോൾ സ്കോർ ചെയ്തിട്ടുണ്ട്.



## ദാദാ സാഹെബ് ഫാൽക്കെ പുരസ്കാരം



ഇന്ത്യൻ ചലച്ചിത്ര മേഖലയിലെ പരമോന്നത ബഹുമതിയായ ദാദ സാഹെബ് ഫാൽക്കെ പുരസ്കാരം (2019) തമിഴ്നടൻ രജനീകാന്തിന്. 1996 ൽ ശിവാജി ഗണേശനുശേഷം ഫാൽക്കെ പുരസ്കാരം നേടുന്ന തമിഴ്നടനാണ്. 1975 ൽ കെ.ബാലചന്ദറിന്റെ അപൂർവ രാഗങ്ങൾ എന്ന ചിത്രത്തിലൂടെയാണ് രജനീകാന്ത് അരങ്ങേറ്റം കുറിച്ചത്. വിവിധ ഭാഷകളിലായി നൂറ്റമ്പതിലേറെ സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്.

## മെസ്സിയെ പിന്നിലാക്കി സുനിൽ ഛേത്രി



ബംഗ്ലാദേശിനെതിരായ ലോകകപ്പ് യോഗ്യതാ റൗണ്ട് മത്സരത്തിൽ ഇരട്ടഗോൾ നേടിയതോടെ ഇന്ത്യൻ നായകൻ സുനിൽ ഛേത്രി നിലവിൽ കളിക്കുന്ന ഗോൾ സ്കോറർമാരുടെ പട്ടികയിൽ രണ്ടാമനായി. 74 ഗോളാണ് താരത്തിനുള്ളത്. ഇതോടെ അർജന്റീനാ താരം ലയണൽ മെസ്സിയെ (72 ഗോൾ) ഛേത്രി പിന്നിലാക്കി. 117 കളിയിൽ നിന്നാണ് ഇന്ത്യൻ നായകൻ 74 ഗോളിലേക്ക് എത്തിയത്. പോർച്ചുഗൽ താരം ക്രിസ്റ്റ്യാനോ റൊണാൾഡോയാണ് 103 ഗോളുകളുമായി ഛേത്രിക്ക് മുന്നിലുള്ളത്.

## സുസ്ഥിര വികസന സൂചികയിൽ വീണ്ടും കേരളം മുന്നിൽ

നീതി ആയോഗിന്റെ 2020–21 ലെ സുസ്ഥിരവികസന സൂചികയിൽ

തുടർച്ചയായി മൂന്നാം വട്ടവും കേരളം മുന്നിൽ. ശുദ്ധജലവും ശുചീകരണവും സമാധാനവും നീതിയും ശക്തമായ ഭരണസംവിധാനവും, ദാരിദ്ര്യമില്ലായ്മ, വിശപ്പുരഹിത സംസ്ഥാനം, ഗുണമേൻമയുള്ള വിദ്യാഭ്യാസം, ആരോഗ്യം-ക്ഷേമം, ജനജീവിതം, നഗര-സാമൂഹിക വികസനം എന്നീ മേഖലകളിലെ വികസനം അടിസ്ഥാനമാക്കിയാണ് സൂചിക പ്രസിദ്ധീകരിക്കുന്നത്. കേരളം 100 ൽ 75 പോയിന്റ് ആണ് നേടിയത്.

## തയ്‌വാന്റെ വേൾഡ് പ്രൊട്ടക്ഷൻ അവാർഡ് മലയാളിക്ക്



തയ്‌വാന്റെ വേൾഡ് പ്രൊട്ടക്ഷൻ അവാർഡ് കോട്ടയം സ്വദേശിയായ രാജപ്പന് ലഭിച്ചു. ഉപജീവനത്തിനൊപ്പം ജലാശയ സംരക്ഷണവും ഏറ്റെടുത്തതിനാണ് പുരസ്കാരം. വള്ളത്തിൽ സഞ്ചരിച്ച് ജലാശയങ്ങളിൽ ഉപേക്ഷിക്കപ്പെട്ട പ്ലാസ്റ്റിക് ശേഖരിച്ച് വിൽപ്പന നടത്തിയാണ് അദ്ദേഹം ഉപജീവനം നടത്തുന്നത്.

## സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ചുമതലയേറ്റു

സുപ്രീം കോടതിയുടെ 48-ാം ചീഫ് ജസ്റ്റിസ് ആയി ജസ്റ്റിസ് എൻ.വി.രമണ ചുമതലയേറ്റു. 2022 ഓഗസ്റ്റ് 28 വരെയാണ് രമണയുടെ കാലാവധി. ചീഫ് ജസ്റ്റിസായിരുന്ന എസ്.എ.ബോബ്ഡെ വിരമിച്ച ഒഴിവിലേക്കാണ് നിയമനം.





## അരിബാഡ



ഭൂമിയിൽ മനുഷ്യൻ ജനിക്കുന്നതിനു അനേക വർഷങ്ങൾക്കു മുൻപ് വാസമുറപ്പിച്ച ചിരപുരാതനമായ ജീവിവർഗമാണു കടലാമകൾ. ഉരഗവർഗത്തിൽപ്പെട്ട കടലാമകൾക്ക് കരയാമകളെപ്പോലെ ശരീരം ഉൾവലിയാൻ കഴിയില്ല എങ്കിലും എത്രനേരം വേണമെങ്കിലും വെള്ളത്തിൽ കഴിയാനും അന്തരീക്ഷ വായു ശ്വസിക്കാനും കഴിയും.

കടലാമകൾ അവയുടെ പ്രജനനസമയത്ത് മുട്ടയിടാനായി കടൽത്തീരത്തണയുന്ന പ്രതിഭാസമാണ് അരിബാഡ. ഇവയുടെ മുട്ടയിടീൽ വിശേഷങ്ങൾ വളരെ കൗതുകകരമാണ്. നേറ്റൽ ഫിലോപാട്രി എന്ന ജൈവപ്രതിഭാസം മനോഹരമായി പ്രദർശിപ്പിക്കുന്ന ജീവികളാണ് കടലാമകൾ. പെണ്ണാമകൾ മുട്ടയിടാനായി വർഷങ്ങൾക്കുശേഷം തെരഞ്ഞെടുക്കുന്നത് താൻ ജനിച്ചുവീണ അതേ തീരമായിരിക്കും എന്ന കൗതുകമാണിത്. ദേശാടനപ്രിയരായ ഇവർ ആയിരക്കണക്കിന് കിലോമീറ്റർ ഇതിനായി യാത്ര ചെയ്യാൻ മടിക്കാറില്ല. മുട്ട വിരിഞ്ഞ് കടലിലേക്കിറങ്ങിയ ആൺ കടലാമകൾ പിന്നെയൊരിക്കലും കരയിലേക്ക് വരാറുമില്ല. എന്നാൽ പെണ്ണാമകൾ പ്രായപൂർത്തിയാവുന്ന 15-20 വർഷങ്ങളിൽ കടലിന്റെ അനന്തതയിൽ എവിടെയായിരുന്നാലും താൻ പിറന്നതീരം തേടിയെത്തുന്നു. രാത്രികളിൽ കടൽത്തീരത്ത് ഇഴഞ്ഞുകയറി കുഴികൾ തുരന്നുണ്ടാക്കി അതിൽ മുട്ടയിടുന്നു. പിന്നീട് കുഴികൾ ഭദ്രമായി മൂടിയതിനുശേഷം കടൽയാത്ര തുടരുന്നു. കടൽമണ്ണിന്റെ ചൂട് കൂടിയാൽ വിരിഞ്ഞിറങ്ങുന്നവയിലധികവും പെണ്ണാമകളാകുമെന്ന് പഠനങ്ങളുണ്ട്. തീരത്തെ മണൽ മണ്ണിന്റെ ചൂടേറ്റ് മുട്ട വിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങൾ രാത്രിയിൽ കടൽതേടി യാത്രയാവുമെങ്കിലും അനേകം ശത്രുക്കളിൽ നിന്നും രക്ഷപ്പെട്ട് വളരെ കുറച്ച് മാത്രമേ കടലിൽ എത്താറുള്ളൂ.

## മരണത്തിന്റെ ഗന്ധമുള്ള വിചിത്ര പുഷ്പം–സുമാത്രൻ ടൈറ്റൻആരം



ലോകത്തിലെ ഏറ്റവും ഉയരമുള്ള പൂവായ സുമാത്രൻ ടൈറ്റൻ ആരം, കടുത്ത വംശനാശഭീഷണി നേരിടുന്ന അപൂർവ പുഷ്പങ്ങളിലൊന്നാണ്. വിരിഞ്ഞു കഴിഞ്ഞാൽ ഒന്നോ രണ്ടോ ദിവസങ്ങൾ മാത്രം നിലനിൽക്കുന്ന ഈ പുഷ്പത്തിന് അഴുകിയ ശവശരീരത്തിന്റേത് മാതിരി അസഹ്യമായ ദുർഗന്ധമാണുള്ളത്. ഇന്ത്യോനേഷ്യയിലെ സുമാത്രൻ ദ്വീപുകളിലുള്ള മഴക്കാടുകളിൽ കാണുന്ന ഈ പുഷ്പങ്ങൾ പത്തുമീറ്റർ വരെ പൊക്കം വയ്ക്കും. വലിയ ഒരൊറ്റ ഇതൾ മാത്രമേ ഈ പൂവിലുണ്ടാകൂ. പരാഗണത്തിനായി പ്രാണികളെ ആകർഷിക്കാനാണ് ഇവ ദുർഗന്ധം പുറപ്പെടുവിക്കുന്നത്. പരാഗണത്തിനുശേഷം ഓറഞ്ച് അല്ലെങ്കിൽ ചുവപ്പ് നിറമുള്ള കായകൾ ഇതിലുണ്ടാകും. ഈ കായകൾ ഭക്ഷിക്കുന്ന ചിലയിനം വേഴാമ്പലുകളാണ് ഇവയുടെ വിത്തു വിതരണം നടത്തുന്നത്. ഏഴുവർഷത്തിന്റെ ഇടവേളയെടുത്താണ് ഇവ പുഷ്പിക്കുന്നത്. വനനശീകരണം മൂലം എണ്ണത്തിൽ കുറവായ ഇവയുടെ സ്ഥാനം ഇപ്പോൾ യൂറോപ്പിലെ ബൊട്ടാണിക്കൽ ഗാർഡനുകളിലാണ്.

# മാതൃകയാവാം ശരിയായ മാലിന്യസംസ്കരണ ശീലങ്ങളിലൂടെ

## ജൈവമാലിന്യം

അടുക്കളമാലിന്യം, കാർഷിക അവശിഷ്ടം, ഇലയും പുല്ലും മൃഗാവശിഷ്ടം തുടങ്ങിയവ

- ഭക്ഷണസാധനങ്ങൾ പാഴാക്കാതെ, മിച്ചം വരുന്നത് വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും ആഹാരമായി നൽകാം. അധികമുള്ളത് വളക്കുഴിയിൽ നിക്ഷേപിച്ചോ, അതിന് സ്ഥലമില്ലെങ്കിൽ കിച്ചൺ ബിൻ, റിംഗ് കമ്പോസ്റ്റിങ്, പൈപ്പ് കമ്പോസ്റ്റിങ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ ജൈവസംസ്കരണ ഉപാധികൾ വഴിയോ കമ്പോസ്റ്റ് ആക്കാം.
- കാർഷികാവശിഷ്ടങ്ങളും ഇലയും പുല്ലും കത്തിക്കാതെ അവ കുഴി കമ്പോസ്റ്റിങ്, തുമ്പൂർമുഴി കമ്പോസ്റ്റിങ് സംവിധാനത്തിലൂടെ കമ്പോസ്റ്റ് ആക്കി മാറ്റാം.

## അജൈവ മാലിന്യങ്ങൾ

### പ്ലാസ്റ്റിക്

- സാധനങ്ങൾ പായ്ക്ക് ചെയ്ത് കിട്ടുന്ന പ്ലാസ്റ്റിക്കുകൾ അഴുക്ക് കളഞ്ഞ് ചാക്കിൽ സൂക്ഷിക്കാം. അഴുക്കുള്ളവ 3 വശങ്ങൾ കീറി, കഴുകി വൃത്തിയാക്കി ഒരു കമ്പിയിൽ കൊരുത്ത് ഇടുക. ഉണങ്ങുമ്പോൾ ചാക്കിൽ സൂക്ഷിക്കുക
- പഴകിയ പ്ലാസ്റ്റിക് പേന, റീഫില്ലുകൾ, പല്ല് തേയ്ക്കുന്ന ബ്രഷ്, മരുന്ന് സ്ട്രിപ്പുകൾ, പഴകിയ ചീർപ്പ്, പാൽ കവറുകൾ, പ്ലാസ്റ്റിക് കുപ്പികൾ അടപ്പുകൾ ഫ്ളക്സ് ബോർഡുകൾ, പ്ലാസ്റ്റിക് ക്യാരിബാഗ്, പഴകിയ പ്ലാസ്റ്റിക് കസേര, നിറമുള്ള പ്ലാസ്റ്റിക് കുപ്പികൾ, കപ്പ്, പ്ലേറ്റ്,അലൂമിനിയം ഫോയിൽ പേപ്പർ, മറ്റ് പ്ലാസ്റ്റിക് ഉൽപന്നങ്ങൾ എന്നിവ വൃത്തിയാക്കി സൂക്ഷിച്ച് യഥാസമയം ഹരിത കർമ സേനയ്ക്കോ പാഴ്‌വസ്തു വ്യാപാരികൾക്കോ കൈമാറാം

### പേപ്പർ

കാർഡ്ബോർഡുകൾ, ന്യൂസ് പേപ്പറുകൾ, ബുക്കുകൾ, മാസികകൾ, ബില്ലുകൾ, ടിക്കറ്റുകൾ, തുണ്ട് കടലാസുകൾ, പേപ്പർ ബാഗുകൾ, ബോക്സുകൾ, കാർഡുകൾ, എൻവലപ്പുകൾ തുടങ്ങിയവ പ്രത്യേകം സൂക്ഷിച്ച് ഹരിത കർമ്മസേനയെ ഏൽപ്പിക്കാം.

### ഇ-മാലിന്യം

- ഫ്യൂസ് ആയ ട്യൂബ് ബൾബ്, കേടായ കാൽക്കുലേറ്റർ, റിമോട്ട്, മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ടി.വി, എൽഇഡി/സിഎഫ്എൽ ലാമ്പുകൾ, സ്വിച്ചുകൾ, മിക്സി, ബാറ്ററി തുടങ്ങിയവ തരം തിരിച്ച് യഥാസമയം ഹരിതകർമസേന വഴിയോ അതത് കമ്പനികൾ സജ്ജമാക്കിയിട്ടുള്ള ശേഖരണ സംവിധാനത്തിലൂടെയോ ഉൽപന്നങ്ങൾ അതത് കമ്പനിയിലേക്കോ അവർ തിരഞ്ഞെടുത്ത് ചുമതലപ്പെടുത്തിയിട്ടുള്ള അംഗീകൃത പുന:ചംക്രമണക്കാരിലേക്കോ എത്തുന്നു എന്ന് ഉറപ്പാക്കുക
- ഇപിആർ നിയമപ്രകാരം ഇ-മാലിന്യങ്ങൾ സംസ്കരിക്കേണ്ടത് ഉൽപ്പാദകന്റെ ഉത്തരവാദിത്തമാണ്.

### മറ്റുള്ളവ

- നമുക്ക് ഉപയോഗമില്ലാത്തതും എന്നാൽ മറ്റുള്ളവർക്ക് ഉപയോഗപ്പെടുന്നതുമായ വീട്ടുപകരണങ്ങൾ, തുണികൾ തുടങ്ങിയവ സ്വാപ് ഷോപ്പുകൾക്ക് കൈമാറുക.
- ചിരട്ട, തൊണ്ട്, പ്ലൈവുഡ്, തടിക്കഷ്ണങ്ങൾ തുടങ്ങിയവ പ്രത്യേകം സൂക്ഷിച്ച് ഹരിത കർമ സേനയ്ക്ക് കൈമാറുക. കരിയിലയും മറ്റ് ചവറുകളും കത്തിക്കാതെ വളമാക്കി മാറ്റുക.

തരം തിരിയ്ക്കാം വീടുകളിൽ
കൈമാറാം ഹരിതകർമ്മസേനയ്ക്ക്

ഹരിതകർമ്മസേനയുടെ സേവനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെടുക

ഹരിതകർമ്മസേനയുടെ സേവനം ലഭ്യമല്ലാത്ത ഇടങ്ങളിൽ തരംതിരിച്ചവ പാഴ് വസ്തുക്കൾ വ്യാപാരികൾക്ക് കൈമാറുക




**വിശദവിവരങ്ങൾക്ക് – ശുചിത്വ മിഷൻ**
സ്വരാജ്ഭവൻ, ബേസ് ഫ്ളോർ (–1)
നന്തൻകോട്, കവഡിയാർ പി.ഒ, തിരുവനന്തപുരം –695003
0471–2319831, 0471–2316730/sanitation.sm@kerala.gov.in
iec.sm@kerala.gov.in/www.sanitation.kerala.gov.in
https://www.facebook.com/SuchitwaMissionkerala/

May-June 2021
₹ **2/-** Annual Subscription Rs. 12.00

GRAMABHOOMI
BI-MONTHLY

RN. No. 36116/1980

ഗ്രാമീണകേരളത്തിന്റെ
നേർക്കാഴ്ചയുമായി

ഗ്രാമഭൂമി



വായിക്കുക,
വരിക്കാരാകുക

ഗ്രാമഭൂമി

2 വർഷത്തേക്ക് ₹24 മാത്രം

മണിയോർഡർ അയയ്ക്കേണ്ട വിലാസം
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം 695 003

Printed and Published by Ajitha Das, Chief Officer, Rural Information Bureau, Owned by V.R. Vinod IAS, Commissioner of Rural Development, Government of Kerala, Printed at Government Press, Mannanthala, Thiruvananthapuram. Published from Rural Information Bureau, 6th Floor, Swaraj Bhavan, Nandancode, Kawadiar PO, Thiruvananthapuram, Kerala-695 003. Chief Editor: Ajitha Das